2

# കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്



"എന്റെ ജീവിതമാണ് എന്റെ സന്ദേശം."

## ജനകീയ ആസൂത്രണ പ്രസ്ഥാനം

# വികസന റിപ്പോർട്ട്

## 1996

82-6



IXTH FIVE YEAR PLAN
GEOGRAPHICAL MAP OF
KATTAKAMPAL GRAMA PANCHAYAT
N
MALAPURAM DT.
PULIKAKADAVU
PUNNAYURKULAM PANCHAYAT
VADAKEKADU PANCHAYAT
ARTHAT PANCHAYAT
PORKULAM PANCHAYAT
WARD-I
WARD-2
WARD 3
WARD IV
WARD-V
WARD VI
WARD-VII
WARD VIII
WARD IX
WARD-X
WARD XI
PHC
TANK
P.O.OFFICE
ABT JN
VET HOSPITAL
ONEWAY
AYNOOR JN
KOTOL JN
TO AKKIKAVU
MD COLLEGE
TO PORKULAM
KATTAKAMPAL
TRICHUR
KERALA
INDIA
INDEX
TAR ROAD
EARTH ROAD
WARD BOUNDRY
SCHOOLS
PUBLIC WELLS
PONDS
TEMPLE
MOSQUE
CHURCH
HILLS
PLAINS
PADDY FIELD

ചീഫ് എഡിറ്റർ

ശ്രീ. കെ.കെ. രവീന്ദ്രൻ

എഡിറ്റർമാർ

ശ്രീ. കെ.എം. ജെയ്ക്കബ്ബ്

ശ്രീ. പി.കെ. വേലായുധൻ മാസ്റ്റർ

ശ്രീ. ഇ.കെ. വാസു

ശ്രീ. കെ.റ്റി. ശങ്കരപ്പണിക്കർ

ശ്രീ. ടി.കെ. ശശി

ശ്രീമതി. കദീജ ടീച്ചർ

ശ്രീ. ടി.കെ. ജനാർദ്ദനൻ

ശ്രീ. സി.എ. വേലായുധൻ

ശ്രീ. വി.കെ. വേണു.

ഡിസൈനിംഗ്

പ്രസ്റ്റോ കംമ്പ്യൂട്ടേഴ്സ്

കുന്നംകുളം.

പ്രിന്റിംഗ്

ഉദയ ഓഫ്സെറ്റ്,

ചുണ്ടൽ.



# ഉള്ളടക്കം


പ്രസ്താവന

ആമുഖം

1. കൃഷി, ജലസേചനം

2. മൃഗസംരക്ഷണം, മത്സ്യ ബന്ധനം

3. വിദ്യാഭ്യാസം

4. പൊതുജനാരോഗ്യം, കുടിവെള്ളം

5. വ്യവസായം

6. ഗതാഗതം, ഊർജ്ജം

7. പാർപ്പിടം, സാമൂഹ്യക്ഷേമം

8. സംസ്കാരം

9. വനിത

10. സഹകരണ മേഖല

11. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

12. വിഭവ സമാഹരണം

# പ്രസ്താവന



നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജീവിതാഭിലാഷമായിരുന്നു ഗ്രാമസ്വരാജ്. ഈ ആശയം സാക്ഷാൽക്കരിക്കുന്നതിന് അധികാരം ജനങ്ങളിലേക്ക് നൽകി ഗ്രാമങ്ങളുടെ സർവ്വോത്മുകമായ വളർച്ചയെ ലക്ഷ്യമിട്ടുകൊണ്ട് ഒരു ബഹുജനമുന്നേറ്റത്തിന് നാന്ദികുറിച്ച് നടത്തുന്ന പഞ്ചായത്ത് രാജ് നിയമത്തിലെ ഗ്രാമസഭ എന്ന സംവിധാനം ജനാധിപത്യത്തിന്റെ തൊപ്പിയിൽ ഒരു സുവർണ്ണ തൂവലായി തിളങ്ങുന്നു. സംസ്ഥാന പ്ലാനിംങ്ബോർഡ് ആവിഷ്കരിച്ച ജനകീയാസൂത്രണ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ഒത്തൊരുമയോടെ നമുക്ക് മുന്നേറാനായാൽ ജനാധിപത്യത്തിന് പുതിയ അർത്ഥങ്ങൾ നൽകുന്ന ഗ്രാമസഭയിലൂടെ ഗ്രാമസ്വരാജ് എന്ന ലക്ഷ്യത്തിലേക്ക് അടുത്തെത്താൻ നമുക്ക് അധികം വിയർപ്പ് ഒഴുക്കേണ്ടി വരില്ല.

കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൻന്റെ പ്രഥമ വനിത പ്രസിഡണ്ട് എന്ന നിലയിൽ നിങ്ങളെ അഭിമുഖികരിക്കാൻ സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കും, ക്ഷേമ പരിപാടികൾക്കും മറ്റു ഒരു പരിധിവരെ വളർച്ചയുണ്ടായെങ്കിലും പൂർണ്ണതയിലേക്ക് എത്തിയിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ആശ്വാസം പകരുന്ന വികസന പദ്ധതികളും ക്ഷേമപരിപാടികളും പൂർത്തികരിക്കുവാൻ ഈ പ്രദേശത്തെ ജനങ്ങളുടെ പരിപൂർണ്ണമായ സഹായസഹകരണങ്ങൾ ജനപങ്കാളിത്തത്തോടെ നൽകി പുതിയ ഒരു അദ്ധ്യായം കുറിക്കുന്നതിന് എന്റെ എളിയ കഴിവുകൾ കക്ഷിരാഷ്ട്രീയത്തിനതീതമായി ഉണ്ടായിരിക്കുമെന്ന് ഉറപ്പ് തരുന്നു. ഈ പഞ്ചായത്തിലെ നല്ലവരായ ജനങ്ങളുടെ പരിപൂർണ്ണമായ സഹായവും, സഹകരണവും, മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാന ജില്ലാ പ്ലാനിംങ്ങ് ബോർഡ് നിർദ്ദേശിച്ചിട്ടുള്ള ജില്ലാ പരിശീലനത്തിന് ഈ പഞ്ചായത്തിൽ നിന്ന് 15 പേർ പങ്കെടുത്തുവെന്നത് സന്തോഷപ്രദമാണ്. കൂടാതെ എല്ലാ വാർഡുകളിലും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഗ്രാമസഭകൾ വിളിച്ചു കൂട്ടുകയും ഒന്നാംഘട്ട പരിശീലന പരിപാടി പഴഞ്ഞി ഹേപ്പിഹോമിൽ വെച്ച് 12-10-96നും രണ്ടാം ഘട്ട പരിശീലനം 29-10-96ന് പഴഞ്ഞി ലിറ്റിൽ പോൾസ് ഓഡിറ്റോറിയത്തിൽ വെച്ചും നടന്നു. കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കികൊണ്ടുള്ള വികസന സെമിനാർ 27-11-96ന് പഴഞ്ഞി ഹേപ്പിഹോമിൽ വെച്ച് ചേരുന്നു. എല്ലാ വിഭാഗം ജനങ്ങളുടെയും ഉദ്യോഗസ്ഥ വിഭാഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണവും സേവനവും ഉണ്ടായിരുന്നുവെന്നത് സന്തോഷപ്രദമാണ് തുടർന്നും വികസന റിപ്പോർട്ടുകളിൽ സൂചിപ്പിച്ച കർമ്മപദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ചർച്ചകളും നിർദ്ദേശങ്ങളും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃതജ്ഞതയോടെ,
**സുമ ജോബ്**
(പഞ്ചായത്ത് പ്രസിഡന്റ്)

# മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



കെ.എസ്സ്. നാരായണൻ നമ്പൂതിരി
(1964-1977 )



പി.റ്റി. ഉതുപ്പൂരു.
(1979-1985 )



കെ.എം. ജേക്കബ്ബ്
(1989-1995 )
(8-ാം വാർഡ് മെമ്പർ)



കെ.റ്റി. ശങ്കരപ്പണിക്കർ
(1995-96ഏപ്രിൽ)
(5-ാം വാർഡ് മെമ്പർ)



ഇ.കെ. വാസു
(വൈ.പ്രസിഡണ്ട്)



റ്റി.കെ. ശശി
ആറാം വാർഡ് മെമ്പർ



റ്റി.കെ. ജനാർദ്ദനൻ
(കൺവീനർ)
രണ്ടാം വാർഡ് മെമ്പർ



വി.കെ. കദീജ ടീച്ചർ
(ഒന്നാം വാർഡ് മെമ്പർ)



എം. കെ. വാസു
മൂന്നാം വാർഡ് മെമ്പർ



കെ.സി. ലളിത
നാലാം വാർഡ് മെമ്പർ



പി.വി. ഇറ്റിമാത്യു
പത്താം വാർഡ് മെമ്പർ



ഇ.കെ. ദേവയാനി
പതിനൊന്നാം വാർഡ് മെമ്പർ



വി.കെ. വേണു
സെക്രട്ടറി

# ആമുഖം

"ഗ്രാമസ്വരാജ്" എന്ന നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് 1957 ൽ നിലവിൽവന്ന ബൽവന്തറായി-മേത്ത കമ്മിറ്റി റിപ്പോർട്ട് അടിസ്ഥാനമാക്കി നിയമനിർമ്മാണത്തിലൂടെ ഭാരതമെമ്പാടും പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വരികയുണ്ടായി. ഈ സംവിധാനം നിലവിൽവരുന്നതിന് വളരെ വർഷങ്ങൾക്ക് മുമ്പ് തിരുവിതാംകൂർ മേഖലയിൽ നിലനിന്നിരുന്ന പ്രാദേശിക യൂണിയൻ ഭരണസംവിധാനത്തിന്റെ ചുവടുപിടിച്ച് കൊച്ചി രാജ്യഭരണത്തിൻ കീഴിലായിരുന്ന ഈ മേഖലയിലും പഞ്ചായത്ത് ഭരണസംവിധാനം നിലനിന്നിരുന്നു. തരു-കൊച്ചി സംയോജന ഫലമായി ഏകീകൃത നിയമം മുഖേന രാജ്യമെമ്പാടം തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികൾ നിലവിൽ വന്നു. കേരള സംസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിലനിന്നിരുന്ന പഞ്ചായത്ത് ഭരണ സംവിധാനത്തിന് ഇവിടെയും തുടക്കം കുറിച്ചു.

അന്തരിച്ച പ്രതിഭാധനനായ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി, വിഭാവനം ചെയ്ത "അധികാരം ജനങ്ങളിലേക്ക്" എന്ന ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിലേക്ക് ഊന്നൽ നല്കികൊണ്ട് ഭരണഘടനയുടെ 73-74-ാം വകുപ്പുകളുടെ ഭേദഗതി മുഖേന ത്രിതല പഞ്ചായത്ത്‌രാജ് സംവിധാനം സംജാതമാവുകയും, 1995 ഒക്ടോബർ മാസം 2-ാം തിയ്യതി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങൾ ഗ്രാമ,ബ്ലോക്ക്,ജില്ലാ തലങ്ങളിൽ അധികാരം കയ്യേൽക്കുകയുണ്ടായി.

ഹൈന്ദവ പാരമ്പര്യത്തിന്റെ പ്രതീകമായി പുരാതനത്വം പേറുന്ന ഒരു ക്ഷേത്രവും സാമുദായിക മൈത്രിയുടെയും സംഗമത്തിന്റെയും മണിനാദം മുഴക്കികൊണ്ട് ഈ മേഖലയിലെ സമുദ്രനിരപ്പിൽ നിന്നും ഏറ്റവും ഉയർന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പുരാതനമായ ഒരു ക്രൈസ്തവദേവാലയവും, കാലപ്പഴമ എത്രയെന്ന് പ്രവചനാതീതമായ ഒരു മുസ്ലീം ദേവാലയവും ഈ പ്രദേശത്തിന്റെ പഴയകാലപ്രൗഢിയെ വിളിച്ചോതിക്കൊണ്ട് ഇന്നും നിലകൊള്ളുന്നു. പ്രാചീനകാലം മുതൽ ഉത്സവങ്ങളും, പെരുന്നാളുകളും ഈ പ്രദേശത്തുള്ള നാനാജാതി മതസ്ഥരും ഏകോദരസാഹോദര്യത്തോടും, സഹവർത്തിത്വത്തോടും കൂടി ഒരു ദേശീയ ആഘോഷം എന്ന കണക്കെ സമുചിതം കൊണ്ടാടി വരുന്നു. സാമുദായിക, കക്ഷി രാഷ്ട്രീയ, വർഗ്ഗ സംഘട്ടനങ്ങൾ ഒന്നും തന്നെ നാളിതുവരെ ഈ പ്രദേശത്തേക്ക് എത്തി നോക്കിയിട്ടില്ല എന്ന അവിതർക്കമായ സത്യം അഭിമാനപൂർവ്വം സ്മരിക്കപ്പെടേണ്ടതാണ്.

തലയുയർത്തി നിൽക്കുന്ന കേരകുംഭങ്ങളും ചാഞ്ചാടുന്ന കമുകിൻ തോപ്പുകളും, പച്ചവിരിച്ച നെൽപ്പാടങ്ങളും, മന്ദമാരുതന്റെ ഇളം തെന്നലേറ്റ് പുളകം കൊള്ളുന്ന ജലാശയങ്ങളും ഈ പ്രദേശത്തിന്റെ പ്രകൃതി രമണീയതയെ അലങ്കരിക്കുന്ന ഉദാത്തമായ ദൃശ്യങ്ങളാണ്.

അറബിക്കടലിന്റെ വിരിമാറിൽ നിന്നും ഉദ്ദേശം 12 കി.മീ. കിഴക്കുമാറി സ്ഥിതിചെയ്യുന്നതും സമുദ്രനിരപ്പിൽ നിന്നും ഉയർന്ന ചെങ്കൽ നിറഞ്ഞ പ്രദേശങ്ങളും കളിമണ്ണ് കലർന്ന പാടശേഖരങ്ങളാലും നിറഞ്ഞ ഭൂപ്രദേശമാണ് ഈ ഗ്രാമ പഞ്ചായത്ത്. രണ്ട് വില്ലേജുകൾ ചേർന്ന (പഴഞ്ഞി,കാട്ടകാമ്പാൽ) ഈ പഞ്ചായത്തിൽ 11 വാർഡുകൾ നിലവിലുണ്ട്. പഞ്ചായത്ത് ആസ്ഥാനമന്ദിരം ഈ പ്രദേശത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിലെ പ്രധാന കച്ചവടസ്ഥാപനങ്ങൾ ഒട്ടുമുക്കാലും പഴഞ്ഞിമേഖലയെ കേന്ദ്രീകരിച്ചാണ് സ്ഥിതിചെയ്യുന്നത്. പഴഞ്ഞിയിലെ വൺവെ സമ്പ്രദായം ഇന്ത്യൻ ടൂറിസം വികസന ഭൂപടത്തിലും, കേരളത്തിലെ തന്നെ പഞ്ചായത്ത് തലത്തിൽ ആദ്യമായി സർക്കാർ വിജ്ഞാപനം വഴി ആലേഖനം ചെയ്യപ്പെട്ടതുമാണ്. ഈ പഞ്ചായത്ത് മലപ്പുറം ജില്ലയുമായി ജനപങ്കാളിത്തത്തോടുകൂടി നിർമ്മിച്ച് നിലവിൽ വന്ന റോഡുമുഖേന ബന്ധിപ്പിക്കപ്പെടുന്ന തലപ്പിള്ളി താലൂക്കിലെ ഏക പഞ്ചായത്താണ്.

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ ആദ്യപാദത്തിൽ നിർമ്മിതമാകുന്ന നിർദ്ദിഷ്ട ഗുരുവായൂർ-കുറ്റിപ്പുറം റെയിൽവെ ലൈനിന്റെ ആവിർഭാവത്തോടുകൂടി ഈ മേഖലക്ക് കാർഷിക, വ്യാവസായിക, വ്യാപാര, വ്യവഹാർ മേഖലകളിൽ ഔന്നത്യത്തിന്റെ പടവുകൾ ചവിട്ടികയറി, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക നഭോമണ്ഡലങ്ങളിൽ ഒരു നവചൈതന്യസൃഷ്ടിയുടെ പൂത്തിരി കത്തിക്കുമാറാകട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം.

10

# കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് വികസനരിപ്പോർട്ട്

1. പഞ്ചായത്തിന്റേ പേര് : കാട്ടകാമ്പാൽ
2. പഞ്ചായത്ത് ഉൾപ്പെടുന്ന വില്ലേജുകൾ : 1. കാട്ടകാമ്പാൽ 2. പഴഞ്ഞി.
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ : കാട്ടകാമ്പാൽ ഡിവിഷൻ
   2. പഴഞ്ഞി ഡിവിഷൻ
4. ബ്ലോക്ക് പഞ്ചായത്ത് : ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്
5. താലൂക്ക് : തലപ്പിള്ളി
6. അസംബ്ലി മണ്ഡലം : വടക്കാഞ്ചേരി
7. പാർളിമെന്റ് : ഒറ്റപ്പാലം
8. വിസ്തീർണ്ണം : 16-84 കി.മീ.
9. അതിർത്തികൾ
   - വടക്ക് - നന്നംമുക്ക് പഞ്ചായത്ത് (മലപ്പുറം ജില്ല)
     - ആലംകോട്ട് പഞ്ചായത്ത്
   - കിഴക്ക് - കടവല്ലൂർ പഞ്ചായത്ത്
     - പോർക്കുളം പഞ്ചായത്ത്
   - തെക്ക് - ആർത്താറ്റ് പഞ്ചായത്ത്
     - പോർക്കുളം പഞ്ചായത്ത്
   - പടിഞ്ഞാറ് - പുന്നയൂർക്കുളം പഞ്ചായത്ത്
     - വടക്കേകോട് പഞ്ചായത്ത്
10. ജനസംഖ്യ : 24292 (Censes 1991)
11. വാർഡുകൾ : 11 (പതിനൊന്ന് എണ്ണം)
12. പ്രസിഡണ്ടിന്റെ പേര് : സുമ ജോബ്
13. വൈസ്പ്രസിഡണ്ടിന്റെ പേര് : E.K. വാസു.

# വികസന റിപ്പോർട്ട് തയ്യാറാക്കിയ വിദഗ്ദസമിതി അംഗങ്ങൾ

1. ശ്രീ. ടി.കെ. ജനാർദ്ദനൻ (കൺവീനർ)
2. ശ്രീ. കെ.കെ. രവീന്ദ്രൻ (കൃഷി ഓഫീസർ)
3. ശ്രീ. പി.കെ. വേലായുധൻ മാസ്റ്റർ
4. ശ്രീ. കെ.എം. ജെയ്ക്കബ്ബ്
5. ശ്രീ. സി.കെ. സദാനന്ദൻ മാസ്റ്റർ
6. ശ്രീ. പി.എസ്സ്. സാംസൺ മാസ്റ്റർ
7. ശ്രീ. സി.എ. വേലായുധൻ (യു.ഡി.ക്ലാർക്ക്)
8. ഡോ. എ.വി. സൈമൻ. (വെറ്ററിനറി സർജൻ.)
9. ശ്രീ. സജീവ് (VEO)
10. ശ്രീ. റ്റി.എം. സുകുമാരൻ (VEO)
11. ശ്രീ. എം.സി. കോതമാസ്റ്റർ
12. ശ്രീ. പി.എം. അയ്യപ്പൻ
13. ശ്രീ. ഉണ്ണികൃഷ്ണൻ നായർ
14. ശ്രീ. വി.റ്റി. ജെയ്ക്കബ്ബ് (ഓവർസിയർ)
15. ശ്രീ. ജെ. സാബു (L.D. ക്ലാർക്ക്)
16. ശ്രീ. റ്റി.കെ. ശശി
17. കെ.സി. ലളിത
18. ശ്രീമതി. കനകവല്ലി. (വ്യവസായ ഓഫീസർ)
19. ശ്രീ. ഇ.കെ. മുസ്തഫ. (ഓവർസിയർ M.I. സെക്ഷൻ)
20. ശ്രീ. കെ.ഡി.സൈമൺ
21. ശ്രീ. പി.സി. കുരിയൻ
22. ശ്രീ. വി.കെ. വേണു. (സെക്രട്ടറി.)

2

# പഠന പര്യടന സംഘം

1. ശ്രീമതി. സുമജോബ് (പ്രസിഡണ്ട്)
2. ശ്രീ. ഇ.കെ. വാസു വൈസ് പ്രസിഡണ്ട്
3. ശ്രീ. പി.വി. ഇറ്റിമാത്യു
4. ശ്രീ. P. ഡേവിസ് ഇഗ്നേഷ്യസ് (ആരോഗ്യവകുപ്പ്)
5. ശ്രീ. എൻ.ആർ. കൊച്ചുണ്ണി
6. ശ്രീ പുഷ്ക്കരൻ കെ.കെ
7. ശ്രീ എ.ജെ. സ്റ്റാൻലി (DRP)
8. ശ്രീമതി ആശാ ചാക്കോച്ചൻ (ബ്ലോക്ക് മെമ്പർ)
9. ശ്രീമതി ഐ.കെ. ദേവയാനി
10. ശ്രീ. എ.കെ. സുനിൽ
11. ശ്രീ. പി.കെ. വേലായുധൻ മാസ്റ്റർ
12. കുമാരി കെ.സി. ലളിത
13. ശ്രീമതി ശാരദ നമ്പിടിപറമ്പിൽ
14. ശ്രീ. പി.സി. ജോർജ്
15. ശ്രീ. എം.സി. കോത മാസ്റ്റർ
16. ശ്രീ. ടി.കെ. ജനാർദ്ദനൻ (കൺവീനർ)
17. ശ്രീ. എം.കെ. വാസു
18. ശ്രീ. കെ.റ്റി ശങ്കരപണിക്കർ
19. ശ്രീ. വി.റ്റി. ജെയ്ക്കബ്ബ് (ഓവർസിയർ)
20. ശ്രീ. വി.റ്റി. സുബ്രഹ്മണ്യൻ (K.S.E.B. Rtd.)
21. ശ്രീ. J. സാബു (എൽ.സി.ക്ലാർക്ക്)
22. ശ്രീ. വി.കെ. ചന്ദ്രൻ
23. ശ്രീ. സി.എ. വേലായുധൻ (യു.ഡി.ക്ലാർക്ക്)


കാട്ടകാമ്പാൽ
തൃശൂർ

# കൃഷി, ജലസേചനം

തൃശ്ശൂർ ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയോടൊത്ത് കിടക്കുന്ന ഒരു സ്പെഷൽഗ്രേഡ് പഞ്ചായത്താണ് കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 16.84 ചതുരശ്ര കിലോമീറ്ററുകളാണ്. കാട്ടകാമ്പാൽ വില്ലേജ്, പഴഞ്ഞി വില്ലേജ് എന്നീ വില്ലേജുകൾ ഉൾപ്പെടുന്നു. 1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ജനസംഖ്യ 24192 ആണ്. ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളും ആണ് ഭൂരിപക്ഷം പേരും.

പഞ്ചായത്ത് ഭൂപ്രകൃതി പരിശോധിച്ചാൽ ഭൂരിപക്ഷം വരുന്നത് സമതലപ്രദേശങ്ങളാണ്. ഏഴാം വാർഡിൽപെട്ട അയ്യർ മലക്കുന്ന്, ഒമ്പതാം വാർഡിൽപ്പെട്ട പറക്കുന്ന്, ആറാം വാർഡിൽപ്പെട്ട കരടിമലക്കുന്ന് എന്നീ പ്രദേശങ്ങൾ മാത്രമാണ് അല്പം ഉയർന്ന പ്രദേശങ്ങളായിട്ടുള്ളത്. കാട്ടകാമ്പാൽ പഞ്ചായത്തിലെ പ്രധാനവിളകൾ നെല്ല്, കവുങ്ങ്, തെങ്ങ്, വാഴ, കുരുമുളക് എന്നിവയും നാമമാത്രമായും, ഇഞ്ചി,കശുമാവ്,മഞ്ഞൾ,കപ്പ എന്നിവയും കൃഷി ചെയ്യുന്നു.

## കാലാവസ്ഥ

താരതമ്യേനെ നല്ല മഴ ലഭിക്കുന്ന ഒരു പ്രദേശമാണ് 1986 മുതൽ 1995 വരെ ലഭിച്ച മഴയുടെ കണക്ക് പരിശോധിച്ചാൽ ശരാശരി ഒരു വർഷത്തിൽ 284 cm മഴ ഈ പഞ്ചായത്തിൽ ലഭിച്ചു എന്ന് മനസ്സിലാക്കാം. കഴിഞ്ഞ പത്തുവർഷം ലഭിച്ച മഴയുടെ ശരാശരി കണക്കിൽ ഓരോ മാസവും ലഭ്യമായ മഴയുടെ ഒരു വൃത്തചിത്രീകരണം താഴെ കൊടുക്കുന്നു.



## മാസം തോറുമുള്ള ഏറ്റവും ഉയർന്നതും താഴ്ന്നതുമായ അന്തരീക്ഷ ഊഷ്മാവിന്റെ ശരാശരി



മാസംതോറുമുള്ള ആപേക്ഷിക-ആദ്രതയുടെ
ശരാശരി കണക്ക്



# കാലാവസ്ഥാ കലണ്ടർ

പഞ്ചായത്തിൽ കാലവർഷം സാധാരണയായി ജൂൺ മാസത്തിന്റെ ആരംഭത്തിൽ തന്നെയാണ്. ആകസ്മികമായി ചില വർഷങ്ങളിൽ മെയ് അവസാനത്തിലും കാലവർഷം ആരംഭിക്കാറുണ്ട്. അതുപോലെ ഒക്ടോബർ 5നും 20നും മദ്ധ്യേ തുലാവർഷവും ആരംഭിക്കുന്നു. ചിലവർഷങ്ങളിൽ അപ്രതീക്ഷിതമായി തുലാവർഷം വളരെ ശുഷ്കമാകാറുണ്ട്. മഞ്ഞുകാലം ആരംഭിക്കുന്നത് നവംബർ അവസാനത്തോടു കൂടിയാണ്. സാധാരണയായി ഇത് ജനുവരിമാസം പകുതിവരെ തുടരാറുണ്ട്. അതു കഴിഞ്ഞാൽ വേനൽക്കാലം ആരംഭിക്കുന്നു. വിഷുകാലയളവിൽ ചിലപ്പോൾ കുറച്ചുമഴ മുടക്കമില്ലാതെ ലഭിക്കാറുണ്ട്. ഈ കാലഘട്ടത്തെയാണ് സാധാരണ കാർഷികവർഷത്തിന്റെ ആരംഭമായി കണക്കാക്കുന്നത്. ഇടമഴ ലഭിക്കുന്നത് കുംഭം, മേടം മാസങ്ങളിലാണ്.

സുലഭമായി മഴ ലഭിക്കുന്ന പ്രദേശമാണെങ്കിലും ഫലപ്രദമായ രീതിയിൽ സംഭരിക്കാനോ ജലദൗർലഭ്യം നേരിടുന്ന സമയത്ത് ഉപയോഗപ്രദമാക്കാനുള്ള സംവിധാനമോ ഇപ്പോൾ നിലവിലില്ല. ചിലമാസങ്ങൾ അധിവൃഷ്ടിമൂലം ഉള്ള മണ്ണൊലിപ്പും മണ്ണിന്റെ ഫലഭൂയിഷ്ഠത ശോഷണത്തിനും കാരണമായി തീരാറുണ്ട്. ഇക്കാരണത്താൽ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. അതുകൊണ്ട് ഫലപ്രദമായ രീതിയിൽ വെള്ളം സംഭരിച്ച് വേണ്ടുന്ന പദ്ധതികൾക്കായി ഉപയോഗിക്കുവാൻ പ്രഥമ പരിഗണന അർഹിക്കുന്ന വിഷയമാണ്.

## മണ്ണ്

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് ചെങ്കൽമണ്ണാണ്. നീർവീഴ്ച ഏറ്റവും അധികം ഉള്ളതാണ് ഈ മണ്ണിന്റെ പ്രത്യേകത. എന്നാൽ വെള്ളം പിടിച്ചുനിർത്താനുള്ള കഴിവും ഫലഭൂയിഷ്ഠതയും താരതമ്യേനെ കുറവുമാണ് മറ്റൊരു പ്രത്യേകത. വായുസഞ്ചാരം ധാരാളം ഉള്ളതുകൊണ്ട് വൃക്ഷലതാതികളുടെ വളർച്ചക്ക് ഈ മണ്ണ് വളരെയധികം സഹായകരമാണ്. ഈ മണ്ണിൽ കൃഷി ചെയ്യുമ്പോൾ ജൈവവളം കൂടുതൽ ഉപയോഗിച്ച് മണ്ണിന്റെ ഫലഭൂയിഷ്ടതയും, ജല ആഗിരണ ശേഷിയും വർദ്ധിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കോൾ പാടശേഖരങ്ങളിൽ പൊതുവെ കളിമണ്ണാണ് കണ്ടുവരുന്നത്. ജല സംഭരണശേഷി ഈ മണ്ണിന് വളരെ കൂടുതലാണ്. ഫലഭൂയിഷ്ഠതയും താരതമ്യേനെ വളരെ മെച്ചപ്പെട്ടതാണ്. വിവിധ മണ്ണിനങ്ങളുടെ ഒരു ചിത്രം താഴെ കൊടുക്കുന്നു.



## ഭൂ വിനിയോഗം

ഓരോ ഭൂ വിഭാഗങ്ങളിലും വിഭിന്നമായ കൃഷി രീതികളാണ് അനുവർത്തിച്ചുവരുന്നത്. കുന്നിൻ പ്രദേശങ്ങളിൽ കശുമാവ്, ഇഞ്ചി തുടങ്ങിയ വിളകളും, സമതലപ്രദേശങ്ങളിൽ കവുങ്ങ്, തെങ്ങ് ഇടവിളയായി കുരുമുളക്, വാഴ എന്നിവയും പാടശേഖരങ്ങളിൽ നെല്ല്, പയർവർഗ്ഗങ്ങൾ, എള്ള് എന്നിവയും കൃഷി ചെയ്തുവരുന്നു. കൂടാതെ ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ് എന്നിവയും ധാരാളമായി കണ്ടുവരുന്നു.

| | | |
|---|---|---|
| 1 | ആകെ ഏരിയ | 1664 ഹെക്ടർ |
| 2. | കൃഷിയോഗ്യമായ തരിശ് | 16 ഹെക്ടർ |
| 3 | കാർഷികേതര ആവശ്യത്തിന് ഉപയോഗിക്കുന്ന ഭൂമി | 348 ഹെക്ടർ |
| 4. | കൃഷിക്ക് യോഗ്യമല്ലാത്ത തരിശ് | 4ഹെക്ടർ |
| 5 | ഇരിപ്പൂ കൃഷി നിലങ്ങൾ | 150ഹെക്ടർ |
| 6 | കൃഷിക്ക് ഉപയുക്തമായ ഭൂമി | 1287 |

## ഭൂമിയുടെ ഉടമസ്ഥത

പഞ്ചായത്തിൽ പൂർണ്ണമായി കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവർ 27% മാത്രമാണ്. ഭൂരി പക്ഷം പേരും കൃഷി ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ്. ഭൂ ഉടമസ്ഥത പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഭൂമിയുടെ വിവരം | ഉടമസ്ഥരുടെ എണ്ണം |
|---|---|---|
| 1 | ഒന്ന് മുതൽ സെന്റു വരെ | 2850 |
| 2. | പത്തു മുതൽ ഇരുപത്തഞ്ചു സെന്റു വരെ | 1950 |
| 3 | ഇരുപത്തഞ്ചു മുതൽ അൻപത് സെൻറ് വരെ | 1551 |
| 4. | അൻപത് മുതൽ നൂറ് സെൻറ് വരെ | 1200 |
| 5 | ഒന്നു മുതൽ രണ്ട് ഏക്കർ വരെ | 200 |
| 6 | രണ്ടു മുതൽ അഞ്ച് ഏക്കർ വരെ | 37 |
| 7. | അഞ്ചേക്കറിന് മേൽ | 14 |
| ആകെ ഉടമസ്ഥരുടെ എണ്ണം | | 7802 |

ഇങ്ങിനെയുള്ള ഭൂ ഉടമകളിൽ യദാർത്ഥ കർഷകരുടെ എണ്ണം 3002 ആണ്. അതിൽ ചെറുകിട കർഷകർ (ഒന്നു മുതൽ രണ്ടു ഹെക്ടർ വരെ ഭൂമി ഉള്ളവർ) 37 ഉം വൻകിട കർഷകർ 14 ഉം(രണ്ട് ഹെക്ടറിനു മേൽ) 2951 പേർ പരിമിത കർഷകരുമാണ്.

വിളകളുടെ ഉൽപാദനം-ഉൽപാദനക്ഷമത

ഈ പഞ്ചായത്തിലെ മുഖ്യവിളകൾ നെല്ലും, കവുങ്ങും തെങ്ങും ആണ്. അത്യുൽപാദനശേഷിയുള്ള നെൽവിത്തിനങ്ങളാണ് ഭൂരിപക്ഷം കർഷകരും ഉപയോഗിച്ചുവരുന്നത്. ഉൽപാദനം, ഉൽപാദനക്ഷമത എന്നിവയെ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വിളയുടെ സ്വഭാവം | കൃഷി ഭൂമി ഹെക്ടർ | ഉത്പാദന ക്ഷമത ഹെക്ടർ ഒന്നിന് | ഉത്പാദനം |
|---|---|---|---|---|
| 1 | നെല്ല്(വിരിപ്പു) | 150 | 1500 Kg | 22.5 മെട്രിക് ടൺ |
| 2. | നെല്ല്(മുണ്ടകൻ) | 150 | 2250 Kg | 33.75മെട്രിക് ടൺ |
| 3. | നെല്ല്(പുഞ്ച) | 417 | 4750 Kg | 198.75മെട്രിക് ടൺ |
| 4 | കവുങ്ങ് | 368 | 95.22 Kg | 95.22 മില്ല്യൺ നട്ട്സ് |
| 5. | തെങ്ങ് | 307 | 214900നട്ട്സ് | 2.14 മില്ല്യൺ നട്ട്സ് |
| 6. | കുരുമുളക് | 95 | 250 Kg | 23750.Kg |
| 7 | കശുമാവ് | 10 | 750 Kg | 7500 Kg |

## കർഷക സംരംഭങ്ങൾ
## ഗ്രൂപ്പ് ഫാമിംഗ് സമിതികൾ

1. അരിവായി പാടം ഗ്രൂപ്പ് ഫാമിംഗ് സമിതി
2. അയിനൂർ കോലിയ പാടം ഗ്രൂപ്പ് ഫാമിങ്ങ് സമിതി
3. പഴഞ്ഞി ജോയിന്റ് ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 851
4. ചിറ്റംതാഴം യൂണിയൻ കോൾപടവ്
5. വലിയടം വട്ടക്കായൽ കോൾകൃഷി സംഘം
6. പുല്ലാനിച്ചാൽ കോൾകൃഷി സംഘം
7. പാറക്കുഴി കോൾ കൃഷി സംഘം

8. കുറുംകുളം, കാളാടി, കരിയാംപാടം കോൾകൃഷിസംഘം.

9. നമ്പര, ആനക്കുണ്ട് കോൾകൃഷി സംഘം

10. ചെറുവള്ളിപ്പുഴ തെക്കെ അങ്ങാടി കോൾകൃഷിസംഘം.

11. പാപ്പിരുത്തി, താമരവട്ടം കോൾകൃഷി സംഘം.

12. വാളാൻകോൾ കോൾകൃഷി സംഘം

13. പണിക്കർകോൾ കോൾകൃഷി സംഘം

14. ഇരിഞ്ഞാം പാടം പാടശേഖര കോൾകൃഷി സംഘം

II കേരവികസന സമിതി

III കാംപ്കോ അരിക്കനട്ട് മാർക്കറ്റിങ്ങ് & പ്രൊസസ്സിംഗ് സൊസൈറ്റി.

## രോഗകീട ബാധ

### I നെല്ല്

നെല്ലിന് പ്രധാനമായി കണ്ടുവരുന്ന രോഗം കുലവാട്ടം, പോള രോഗം എന്നിവയാണ്. കാളിച്ച, ചാഴി, കുഴൽപുഴു,ഓലചുരുട്ടി പുഴു എന്നിവയാണ് പ്രധാന കീടങ്ങൾ.

### II കവുങ്ങ്

കവുങ്ങിന് പ്രധാനമായി മഹാളി രോഗവും, മഞ്ഞളിപ്പും ആണ് ഉള്ളത്. മൈറ്റ്, മീലിമൂട്ട, സെകെയിൻസ് എന്നീ കീടങ്ങളുടെ ഉപദ്രവവും കണ്ടുവരുന്നു.

### III തെങ്ങ്

കൂമ്പ് ചീയൽ,ചെന്നീരൊലിപ്പ്,ഓലകരിച്ചിൽ എന്നിവയാണ്. പ്രധാനമായും തെങ്ങിനെ ഉപദ്രവിക്കുന്ന കീടങ്ങൾ. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി എന്നിവയാണ്.

### IV കശുമാവ്

കശുമാവിനെ പ്രധാനമായി ഭാധിക്കുന്ന രോഗം വേരിനെ നശിപ്പിക്കുന്ന പുഴു, തേയിലക്കൊതുക് എന്നിവയാണ്.

### V കുരുമുളക്

കുരുമുളകിന് പ്രധാനമായും കണ്ടുവരുന്നത് ദ്രുതവാട്ടമാണ്. പ്രധാന കീടം പുള്ളവണ്ടാണ്.

### VI നേന്ത്രവാഴ

നേന്ത്രവാഴകൃഷിയെ ബാധിക്കുന്ന കുറുനാമ്പ്രോഗമാണ് പ്രധാനമായും കണ്ടുവരുന്നത്. പ്രധാന കീടങ്ങൾ പിണ്ടിവണ്ടാണ്.

## കൂലി-സേവന-വേതന വ്യവസ്ഥകൾ

1. നിലങ്ങൾ ഉഴുന്നതിന്. പ്രധാനമായും ട്രാക്ടർ, ട്രില്ലറുകൾ എന്നിവയാണ് കൂടുതലായും ഉപയോഗിക്കുന്നത്. ട്രാക്ടറിന് മണിക്കൂറിന് 180 രൂപ നിരക്കിലാണ് ഈടാക്കുന്നത്. ട്രില്ലറിന് മണിക്കൂറിന് 90 രൂപയും ഈടാക്കുന്നു. പാടശേഖരങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീതൊഴിലാ

ളിക്ക് 70 രൂപയും പുരുഷ തൊഴിലാളിക്ക് 150 രൂപയുമാണ് കൂലി നിരക്ക്. കൊയ്ത്ത്, മെതി എന്നിവ പതമ്പ് അടിസ്ഥാനത്തിലാണ്. അഞ്ച് പറക്ക് ഒരു പറ എന്ന നിരക്കിലാണ് പതമ്പ്. നെല്ലിന് മരുന്ന് തളിക്കുന്നതിന് ഏക്കർ ഒന്നിന് 120 രൂപയും വളം വിതറുന്നതിന് ചാക്കൊന്നിന് (50 Kg Packet) 20 രൂപയുമാണ്. തെങ്ങ്കയറ്റ തൊഴിലാളികൾ തെങ്ങൊന്നിന് 3.50 രൂപ നിരക്കിലും, കവുങ്ങൊന്നിന് 1 കുലക്ക് 1രൂപ എന്നിങ്ങനെയാണ് കൂലി നൽകി കൊണ്ടിരിക്കുന്നത്. കവുങ്ങിന്റെ മഹാളി രോഗത്തിന് മരുന്ന് തളിക്കുന്നതിന് ഏക്കറിന് 600 രൂപ ശരാശരി കൂലി വരുന്നു. കവുങ്ങിൻ തോട്ടം , തെങ്ങിൻ തോട്ടം എന്നിവ കിളക്കുന്ന തിന് പുരുഷതൊഴിലാളിക്ക് 130 രൂപയും പച്ചില വളങ്ങൾ വിതറുന്നതിന് സ്ത്രീ തൊഴിലാ ളിക്ക് 60 രൂപയും നിലവിൽ കൂലി കൊടുത്തു വരുന്നു.

### വായ്പ സൗകര്യങ്ങൾ

കാർഷിക ആവശ്യങ്ങൾക്ക് വായ്പ നൽകുന്നതിന് നിലവിലുള്ള ധനകാര്യ സ്ഥാപന ങ്ങൾ വിമുഖത പ്രകടിപ്പിക്കുന്നതുകൊണ്ട് യഥാർത്ഥ കാർഷിക പരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് കർഷകന് കഴിയുന്നില്ല. ഇതുമൂലം ചില പദ്ധതികൾ പ്രാവർത്തികമാക്കു ന്നതിന് തടസ്സം നേരിട്ടുകൊണ്ടിരിക്കുന്നു.

### വിപണന സൗകര്യങ്ങൾ

കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് റഗുലേറ്റഡ് മാർക്കറ്റ് നിലവിലില്ലാത്തതി നാൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്വകാര്യ കച്ചവടക്കാരെ സമീപിക്കേണ്ട ഗതികേടി ലാണ് കർഷകർ. അടക്ക വിപണന രംഗത്ത് കാംകോയുടെ ഒരു ശാഖ നിലവിലുള്ളത് ഒരു പരിധി വരെ കർഷകർക്ക് ആശ്വാസമാണ്. കാംകോയുടെ വിപണന ശൃംഖല ഊർജ്ജിത പ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ ഒന്നാംകിട അടക്കാ ഉൽപ്പാദന വിപണന കേന്ദ്രമായ പഴഞ്ഞി പ്രദേശമായി ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ഠ ഗുരുവായൂർ-കുറ്റിപ്പുറം റെ യിൽപാത പൂർത്തീകരിച്ചാൽ അടക്ക കർഷകരുടെ സാമ്പത്തിക ഉന്നതിയും വിപണന മേഖലയിൽ പതിമടങ്ങ് വർദ്ധിക്കുകയും ത്വരിതാ കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത് സമ്പുഷ്ടതയി ലെത്തുന്നതുമാണ്.

### പ്രശ്നങ്ങൾ

1. ജലസേചന സൗകര്യങ്ങൾ പ്രയോജനപ്രദമല്ല.
2. മണ്ണിന്റെ സമ്പുഷ്ടത യഥാവിധി നിലനിർത്തുന്നതിലേക്ക് അത്യന്താപേക്ഷിത ഘടക മായ ജൈവവളം വേണ്ടത്ര ലഭ്യമല്ല.
3. പമ്പു സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി ലഭിക്കുന്നതിന് കാലതാമസം നേരിടുകയും നിലവിലുള്ളവ പ്രവർത്തിപ്പിക്കുന്നതിന് വോൾട്ടേജ് ക്ഷാമവും വിതരണ ശൃംഖ

ലയിലെ അപര്യാപ്തതയും നിമിത്തം ഫലപ്രദമായി ജലസേചനം നടത്തുന്നതിന് സാധിക്കുന്നില്ല.

4. തുടർച്ചയായി വിളവെടുപ്പ് സമയത്ത് ജല ദൗർലഭ്യം നേരിടുന്നതുമൂലം വിളകൾ ഉണങ്ങി നശിക്കുന്നത് കൊണ്ട് പല പാടശേഖരങ്ങളും തരിശ്ശിടുന്നു.

5. കാർഷിക മേഖലയിൽ ഉയർന്ന കൂലി നിരക്കുണ്ടായിട്ടു പോലും തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നു. കാർഷികമേഖലയിൽ തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ പരിഹാരമാണെങ്കിലും ഈ രംഗത്തേക്ക് യുവ തലമുറയുടെ സമീപനം ആശാ വഹമല്ല.

6. രാസവളത്തിന്റെ ക്രമാതീതമായ വിലവർദ്ധനവ് കർഷകരുടെ നട്ടെല്ലൊടിക്കുന്നു.

7. അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ആവശ്യാനുസരണം യഥാ സമയങ്ങളിൽ ലഭ്യമല്ല.

8. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കുന്നതിനും കാർഷിക ഉപകരണങ്ങൾ കൊണ്ടു പോവുന്നതിനും പലഭാഗങ്ങളിലും സൗകര്യമില്ലാത്തതിനാൽ കൂടുതൽ ചിലവുകൾ അനുഭവപ്പെടുന്നു. ആയതിനാൽ പാടശേഖരങ്ങളിലേക്കുള്ള വഴികൾ വീതികൂട്ടി ട്രാക്ടർ, കറ്റ എന്നിവ കൊണ്ടു പോകുന്നതിനുള്ള വാഹനങ്ങൾ മുതലായവ എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

9. നെല്ല് സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഒരു സംവിധാനം നിലവിലില്ല.

## സാധ്യതകൾ

1. തൊഴിലാളികളുടെ ദൗർലഭ്യവും ഭീമമായ കൂലിനിരക്കും കണക്കിലെടുത്ത് നമ്മുടെ പാടശേഖരങ്ങളിലേക്ക് ഉപയോഗപ്രദമായ വീതിയിലുള്ള യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണ്.

2. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള തോടുകളും നീർച്ചാലുകളും സർവ്വെ നടത്തി പൂർവ്വ സ്ഥിതിയിലാക്കി ജലസംഭരണ ശേഷി വർദ്ധിപ്പിക്കുക. പ്രധാന തോടുകൾ ചിറകെട്ടി പൂർണ്ണമായും വെള്ളം വറ്റിക്കുന്ന സമ്പ്രദായം കർശനമായി നിരോധിക്കുക.

3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കർഷകന് വായ്പ ലഭിക്കുന്നതിന് നിലവിൽ അനുബവപ്പെട്ടു വരുന്ന സാക്ഹേതിക തടസ്സം പരിഹരിച്ച് കർഷകന് യഥാസമയത്ത് സുഗമമായി വായ്പാ സമ്പ്രദായം നടപ്പിൽ വരുത്തേണ്ടതാണം.

4. സ്ഥിരമായി എനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ഇപ്പോൾ നിലവിലുള്ള ഫീഡർ ലൈനിന് പുറമേ പഴഞ്ഞിയിലേക്ക് ഒരു പുതി. ഫീഡർ ലൈൻ നിലവിലുള്ള നിർദ്ദേശം അനുസരിച്ച് താമസം വിനാ നടപ്പിലാക്കേണ്ടതാണ്.

5. അടക്കാകൃഷിയുടെ പുനരുദ്ധാർത്ഥം കവുങ്ങ് കൃഷി പുനരുദ്ധാരണ സ്കീം നടപ്പിൽ

വരുത്തുക. [പ്രായമേറിയതും കായ് ഫലമില്ലാത്തതുമായ കവുങ്ങുകൾ വെട്ടി മാറ്റി മേൽത്തരം കവുങ്ങിൻ തൈകൾ നട്ടു വളർത്തുക)

6 നിലവിലുള്ളകുളങ്ങൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി ജലസേചന സംഭരണ ശേഷി വർദ്ധിപ്പിച്ച് പച്ചക്കറി കൃഷി വർദ്ധിപ്പിക്കേണ്ടതാണ്.

7. അടുക്കള പച്ചക്കറി തോട്ട നിർമ്മാണവും പരിപാലനവും പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി വീട്ടമ്മമാർക്ക് ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുക വഴി പച്ചക്കറിക്ഷാമം പരിഹരിക്കുന്നതിന് തീവ്രയജ്ഞ പരിപാടി നടപ്പിലാക്കി ഈ പഞ്ചായത്തിന്റെ പച്ചക്കറി ക്ഷാമം പരിഹരിക്കാവുന്നതാണ്.

## ജലസേചനം

ഈ പഞ്ചായത്തിലെ കോൾ നിലങ്ങലിൽ പൂർത്തീകരിക്കപ്പെടാത്ത ബണ്ടുകൾ എത്രയും വേഗം പൂർത്തീകരിക്കുകയും കാട്ടകാമ്പാൽ എരിഞ്ഞാം പാടത്തിന്റെ ഇരു കരകളേയും ബന്ധിപ്പിച്ച് ഒരു ബണ്ട് നിർമ്മിച്ച് വെള്ളം സംഭരിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്നതിനും വേണ്ട മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ചെറുകിട ജലസേചനം

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൻ കീഴിലുള്ള താഴെ പറയുന്ന കുളങ്ങൾ ആഴംകൂട്ടി സംരക്ഷിച്ച് സംഭരണ ശേഷി ഉയർത്തുക

| | | |
|---|---|---|
| a. | ചിറ്റത്തുകുളം | വാർഡ് 6 |
| b | കരുത്തികുളം | വാർഡ് 7 |
| c | കണ്ണൻകുളം | വാർഡ്7 |
| d | പണിക്കരുകുളം | വാർഡ്8 |
| e | വാണഅയംകുളം | വാ2ഡ് 8 |
| f | പഴുന്നാൻകുളം | വാർഡ് 6 |
| g. | ചിറകുളം | വാർഡ് 3 |
| h | കുഞ്ഞുകുളം | വാർഡ് 9 |

## വൻകിട ജലസേചന പദ്ധതി

മലപ്പുരം ജില്ലയിലെ ചമ്രവട്ടം പുഴയിൽ തടയണയും ബി.എം കെട്ടിന്റെ മുൻഭാഗത്തേക്ക് എത്തുന്ന കനാലും നിർമ്മിച്ച് ഷട്ടറുകൾ സ്ഥാപിച്ച് വെള്ളം ആവശ്യാനുസരണം പൊന്നാനി കോൾമേഖലയിലേക്ക് തിരിച്ചുവിടുന്നതിന് സാധിക്കും.ഇങ്ങനെചെയ്യുന്നപക്ഷം ഈ പ്രദേശങ്ങളിലെ വരൾച്ചക്ക് ശാശ്വത പരിഹാരം കാണുന്നതിന് സാധിക്കുന്നതാണ്. ഈ പദ്ധതിയുടെ പ്രയോജനം നെല്ല്, കവുങ്ങ്,തെങ്ങ് തുടങ്ങിയ കൃഷികൾക്ക് പുറമെ കുടിവെള്ളക്ഷാമത്തിനും ഒരുപരിധി വരെ പരിപരിക്കാവുന്നതാണ്. പദ്ധതിയുടെ പ്രയോജനം കാട്ടകാമ്പാൽ, കടവല്ലൂർ, ആർത്താറ്റ്, പോർക്കുളം, ആലംകോട്, നന്നംമുക്ക്, വടക്കേക്കാട് എന്നീ പഞ്ചായത്തുകൾക്ക് വളരെ പ്രയോജനം ലഭിക്കുന്നതാണ്

# മൃഗസംരക്ഷണം

ഭാരതം ഒരു കാർഷിക രാജ്യമാണല്ലോ? കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലൂടെ രാജ്യത്താകമാനം ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഈ മാറ്റം സംസ്ഥാനത്തിന്റേയും സമ്പൽഘടനയിൽ ഗുണപരമായ മാറ്റം സംജാതമാകാൻ കാരണമായിട്ടുണ്ട്. കഴിഞ്ഞ ദശാബ്ദങ്ങളിൽ സംസ്ഥാനത്തുണ്ടായ സാമൂഹ്യ സാമ്പത്തിക വളർച്ചക്ക് മൃഗസംരക്ഷണ മേഖലയുടെ തനതായ സംഭാവനകൾ പ്രകീർത്തിക്കപ്പേടേണ്ടതാണ്.

കൃഷിഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും, വ്യവസായ സംരംഭങ്ങളുടെ വളർച്ചയിൽ വന്ന മുരടിപ്പും, തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമായിട്ടുണ്ട്. ഹ്രസ്വകാല അടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനം മുടക്കി കൂടുതൽ സമ്പദ്‌വർദ്ധനവിന് ഉതകുന്ന ഒരു മേഖലയാണ്. സംസ്ഥാനത്തിലെ കാലിസമ്പത്തിൽ 94%വും ഗ്രാമപ്രദേശത്താണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട, പരിമിത കർഷകരും, കർഷകതൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്ന ഒരു സാമൂഹ്യപ്രകിയ ആണെന്നതിനാൽ മൃഗസംരക്ഷണമേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്നത് വ്യക്തമാണല്ലോ? കഴിഞ്ഞ രണ്ട് ദശാബ്ദകാലയളവിൽ മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാലികളുടെ വംശവർദ്ധനവും ജനിതകഗുണമേന്മയും ഉൽപ്പാദന ക്ഷമതയും സാദ്ധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയെന്നാൽ പാലുൽപ്പാദനം മാത്രമാണെന്ന അബദ്ധ ജടിലമായ ധാരണപൊതുവെ എല്ലാവരിലുമുണ്ട്. എന്നാൽ ഈ മേഖലയിൽ ഉള്ള മറ്റു വിവിധ സാദ്ധ്യതകളെക്കുറിച്ച് താഴെ പ്രതിപാദിക്കുന്നു.

1. പോഷകപ്രദായകമായ, പാല്, മുട്ട, മാംസം എന്നിവയുടെ ഉൽപാദനവും ഉപയോഗവും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന്നുതകുന്നു.
2. മാംസ സംസ്ക്കരണത്തിന്റെ ഉപോൽപ്പന്നങ്ങളായ തുകൽ, എല്ല്, ഓസീൻ, ജലാറ്റിൻ, ഇൻസുലിൻ, ഹോർമോൺ, കൊഴുപ്പ് എന്നിവയുടെ സംസ്ക്കരണത്തിലൂടെ ഉളവാക്കുന്ന തൊഴിൽ സാദ്ധ്യതകൾ ഏറെയാണ്.
3. പരിസ്ഥിതിക്കനുയോജ്യമായ മൃഗശക്തി, ലളിതമായ സാന്കേതികവിദ്യയിലൂന്നിയ ഊർജ്ജ സ്രോതസ്സ് (ബയോഗ്യാസ്) ഇതിനെല്ലാം ഉപരിയായി ഊഷരമായികൊണ്ടിരിക്കുന്ന നമ്മുടെ മണ്ണിന് പുനർജന്മമേകാൻ ഉതകുന്ന ജൈവ വളവും ലഭിക്കുന്നു.

4. പേവിഷബാധക്കെതിരെ മൃഗങ്ങൾക്കുള്ള കുത്തിവെപ്പും മാംസപരിശോധനയിലൂടെയുള്ള ശുദ്ധമായ മാംസോൽപ്പാദനം മുതലായ പ്രവർത്തനങ്ങളിലൂടെ പൊതുജനാരോഗ്യത്തിന് ഗണ്യമായ സംഭാവനകൾ നൽകുന്നു.

5. ഈ മേഖലയിലെ തൊഴിലിന്റെ 60% വും വനിതകൾക്ക് ചെയ്യാവുന്നതിനാൽ വനിതാക്ഷേമത്തിന് ഇതൊരു മാതൃകയാക്കാവുന്നതാണ്.

6. ചുരുങ്ങിയ മൂലധനം മുടക്കി ഹ്രസ്വകാലാടിസ്ഥാനത്തിൽ ചെയ്യാവുന്നവയാണ് ഈ മേഖലയിലെ എല്ലാ പദ്ധതികളും.

7. ഈ മേഖലയുടെ പ്രത്യേകത സാങ്കേതിക വൈദഗ്ദ്ധ്യമോ, തൊഴിൽ പരിശീലനമോ ആവശ്യമില്ല എന്നുള്ളതാണ്.

ഈ മൃഗാശുപത്രിയിൽ മൃഗചികിത്സ, കൃത്രിമ ബീജസങ്കലനം, കുളമ്പുരോഗത്തിനും കാലിവസന്തക്കും എതിരെയുള്ള പ്രതിരോധകുത്തിവെയ്പും, കോഴിവസന്തക്കും ബ്ലാക്ക് ക്വാർട്ടർ രോഗത്തിന്നും പേവിഷബാധക്കും ഉള്ള കുത്തിവെയ്പ്പും ഉണ്ട്. അത്യുൽപ്പാദന ശേഷിയുള്ള കറവമാടുകളെ കണ്ടെത്താനുതകുന്ന ഗോരക്ഷാക്യാമ്പുകുകളും വന്ധ്യതാ നിവാരണ ക്യാമ്പുകളും നടത്തി വരുന്നുണ്ട്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, പ്രത്യേക ഘടകപദ്ധതി (S.C.P.) മാകസിമം ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം (MLPP) യിലൂടെ നടപ്പാക്കി വരുന്ന എഗ്ഗർ നഴ്സറി എന്നിവയാണ് ഇവിടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ.

ഈ പഞ്ചായത്തിൽ നിലവിലുള്ള പഴഞ്ഞി ക്ഷീരോൽപാദക സഹകരണ സംഘത്തിൽ മാത്രം 1995-96 വർഷത്തിൽ 1,24, 786 ലിറ്റർ പാൽ ഉൽപ്പാദിപ്പിച്ചിട്ടുള്ള (VII, VIII, XI എന്നീ വാർഡുകളിൽ മാത്രം) തായി കണക്കുകൾ സൂചിപ്പിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കാട്ടകാമ്പാൽ പഞ്ചായത്തിൽ മൊത്തം 5 ലക്ഷം ലിറ്ററിന്മേൽ പാലുൽപ്പാദനം നടത്തുന്നതായി കണക്കാക്കുന്നു. 1ലിറ്റർ പാലിന് 10 രൂപ നിരക്കിൽ ഏകദേശം 50 ലക്ഷം രൂപയ്ക്കുള്ള പാൽ ഉൽപാദിപ്പിക്കപ്പെടുന്നു.

## മാംസ ഉൽപാദനം

ഈ പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും മാംസ ഭുക്കുകളാണ്. ആവശ്യമായ മാംസത്തിന്റെ, 10-20% മാത്രമാണ് ഈ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ബാക്കി വരുന്ന 80-90% വും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന അറവുമാടുകളെ ആശ്രയിക്കേണ്ടിവരുന്ന ഒരു അവസ്ഥയാണ് നിലവിലുള്ളത്. ഇപ്പോഴത്തെ അറവ് സമ്പ്രദായം അശാസ്ത്രീയവും, ശരിയായ ഗുണമേന്മാപരിശോധന ഇല്ലായ്മയും മൂലം പൊതു ജനാരോഗ്യത്തിന് വളരെ ഹാനികരമാണ്.

## മാംസ ഉപഭോഗത്തിന്റെ കണക്ക്

| ക്രമ നമ്പർ | കശാപ്പു ചെയ്യ പ്പെടുന്ന മൃഗം | പ്രതിവാരം | പ്രതി വർഷം | മാംസത്തിന്റെ അളവ് | വാർഷിക മൂല്യം |
|---|---|---|---|---|---|
| 1. | പശു/എരുമ/പോത്ത് | 16 | 332 | 83200/Kg | 33,28,00 ക |
| 2. | ആട് | 20 | 1040 | 15,600/Kg | 17,1600 ക |
| 3. | പന്നി | - | 30 | 1800/ Kg | 1,20000 ക |
| | ആകെ | 20 | 1040 | 100600/Kg | 51,700,000/ക |

പൂർണ്ണ വളർച്ചയെത്തിയ കന്നുകാലികളിൽനിന്നും ലഭിക്കുന്ന മാംസത്തിന്റെ കണക്ക് പശു, എരുമ, പോത്ത് 55% ഉം ആടിൽ നിന്നും 57% ഉം പന്നിയിൽ നിന്ന് 75% ഉം ആണ്. ബാക്കിവരുന്ന തുകൽ, എല്ല് മാംസ വെയ്സ്റ്റ് എന്നിവ ഇപ്പോൾ ഇവിടെ നിന്നും കയറ്റി പോകുന്നു. വേണ്ടത്ര മാംസോൽപാദനം ഇല്ലാത്തതുകൊണ്ട് നമ്മുടെ ആവശ്യത്തിനുള്ള അറവുമാടുകളെ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുകൊണ്ട് വർഷത്തിൽ 50 ലക്ഷത്തോളം രൂപ ഇവിടെ നിന്നും അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു.

### ആടുവളർത്തൽ

പഞ്ചായത്തിലെ നല്ലൊരു ശതമാനംകർഷകരും കർഷകതൊഴിലാളികളും ആടുവ ളർത്തൽ ഒരു ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ളവരാണ്. ചെറിയ മുതൽ മുടക്കുകൊണ്ട് കൂടുതൽ ആദായകരമായി നടത്താവുന്ന ഒരു സംരംഭമാണ് ആടുവളർത്തൽ.

### നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. **മാംസോൽപ്പാദനം**

ഈ പഞ്ചായത്തിൽ 400 ഓളം കന്നുകുട്ടികൾ വർഷത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. പശുക്കുട്ടികളൊഴിച്ചുള്ളവ 6 മാസത്തിനുള്ളിൽ തന്നെ വിറ്റഴിക്കാനുള്ള പ്രവണതയാണ് കണ്ടുവരുന്നത്. ഇതിന് മുഖ്യകാരണങ്ങൾ കാലിതീറ്റയുടെ ഭീമമായ വിലയും വൈയ്ക്കോൽ എന്നിവയുടെ സംഭരണത്തിലെ അപാകതയുമാണ്. ഇതിനൊരു പരിഹാരമെന്നനിലയിൽ ഈ പ്രദേശത്തുൽപ്പാദിപ്പിക്കപ്പെടുന്ന നെല്ല് സംഭരിച്ച് സംസ്ക്കരണം നടത്തുകയാണെ ങ്കിൽ ലഭ്യമാകുന്ന തവിട് ഉപയോഗിച്ച് കാലിത്തീറ്റ കോഴിത്തീറ്റ മുതലായവ ഇവിടെത്ത ന്നെ ഉൽപ്പാദിപ്പിക്കപ്പെടാവുന്നതും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വിലനിലവാരം കുറ യ്ക്കുന്നതിനും തദ്വാര കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതുമാണ്. കൊയ ്ത്ത് കാലത്ത് ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന വൈക്കോൽ, മൊത്തമായി സംഭരിച്ച് സംസ്ക്ക രിച്ച് സൈലേജ് ആക്കിമാറ്റി കേടുകൂടാതെ സൂക്ഷിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

**കോഴിവളർത്തൽ**

ഈ പ്രദേശത്തെ 80% വീടുകളിലും വീട്ടമ്മമാർ സ്വമേധയാ താൽപര്യമെടുത്ത് ലാഭകരമായി മുട്ടക്കോഴി വളർത്തൽ (Backyard Poultry) നടത്തി മുട്ട ഉൽപ്പാദന രംഗത്ത് വിപ്ലവകരമായ നേട്ടങ്ങൾ കൈവരിക്കാവുന്നതും ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് പകരം മുട്ടകയറ്റുമതി ചെയ്യുന്നതിനും അതുവഴി കുടുംബങ്ങൾക്ക് സാമ്പത്തിക അഭിവൃദ്ധി ഉണ്ടാക്കുവാനും കഴിയും. ഈ മേഖലയിൽ മാംസോൽപ്പാദനം ലക്ഷ്യമിട്ട് ഇറച്ചിക്കോഴി ഉൽപ്പാദനയൂണിറ്റുകൾ ആരംഭിക്കുക. ഇതിനാവശ്യമായ ധനസഹായം ഉദാരമായ വ്യവസ്ഥയിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

**ആടുവളർത്തൽ**

വളരെ ലാഭകരമായിചെയ്യാവുന്ന ഒരു ഉപതൊഴിലാണ് ആടുവളർത്തൽ. മലബാറി, ആൽപ്പൈൻ, ജമുനാപാരി എന്നി ജനിത ഗുണമേന്മയേറിയ ഇനങ്ങളെ സഹായനിരക്കിൽ ഈ തൊഴിലിൽ താൽപര്യമുള്ളവർക്ക് വിതരണം ചെയ്ത് ഈ സംരംഭം പരിപോഷിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പന്നിവളർത്തൽ**

ചുരുങ്ങിയ മൂലധനംകൊണ്ട് ലാഭകരമായി നടത്താവുന്ന ഒരു സംരംഭമാണ് പന്നിവളർത്തൽ. അത്യുൽപ്പാദന ശേഷിയുള്ള പന്നികുഞ്ഞുങ്ങളെ സഹായനിരക്കിൽ വിതരണംചെയ്ത് ഈ മേഖല പരിപോഷിപ്പിക്കേണ്ടതാണ്.





# മത്സ്യബന്ധനം

കടലോരമേഖലയോടടുത്ത് കിടക്കുന്ന പ്രദേശമാണെങ്കിലും മത്സ്യബന്ധന സാദ്ധ്യതകളോ ഒരു ജല മത്സ്യകൃഷിക്കുള്ള സാദ്ധ്യതകളോ തീർത്തും വിരളമാണ് ഉൾനാടൻ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ചെറിയ ഒരു ശതമാനം പേർമാത്രമെ ഈ പ്രദേശത്തുള്ളു. എഫ്.എഫ്.ഡി.എ യുടെ ഒരു യൂണിറ്റ് ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം തികച്ചും ശോചനീയമാണ്. ഈ നിലമാറ്റി ഇതിനെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ട നടപടികൾ എടുത്തുവരുന്നത് അറിയുവാൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്. മത്സ്യഫെഡ്ഡിൽ നിന്നുള്ള സഹായസഹകരണങ്ങൾ നൽകി, നശിച്ചുകൊണ്ടിരിക്കുന്ന ഉൾനാടൻ മത്സ്യ കൃഷിയെ പരിപോഷിപ്പിച്ച് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമാനുകൂല്യങ്ങൾ നൽകി അവരുടെ ജീവിതനിലവാരം ഉയർത്തപ്പെടേണ്ടതാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള ഉൾനാടൻ മത്സ്യകൃഷിക്കനുയോജ്യമായ കുളങ്ങൾ ഉപയോഗയോഗ്യമാക്കി ഈ സംരംഭം വിജയിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധതരം അലങ്കാരമത്സ്യങ്ങളെ ടാങ്കുകളിലും അക്വാറിയങ്ങളിലും വളരെയധികം ചുരുങ്ങിയ ചെലവിൽ വളർത്തിയെടുക്കാവുന്നതാണ്.

ഏയ്ഞ്ചൽ, ഗോൾഡ് ഫിഷ് കിസിംഗർ, ഫൈറ്റർ, സീബ്രലൈൻ തുടങ്ങിയ ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങളെ വളർത്തിയെടുത്ത് ലാഭകരമാക്കാവുന്ന പദ്ധതിക്ക് ഈ മേഖലയിൽ സാദ്ധ്യതയുണ്ട്.







# വിദ്യാഭ്യാസം



കേരളമെമ്പാടും നിലനിന്നിരുന്ന ഗുരുകുലവിദ്യാഭ്യാസ സമ്പ്രദായം ഈ പ്രദേശത്തെ ഇടപ്രഭുക്കൻമാരുടെ ഇടയിലും, ഭൂ സ്വാമിമാരുടെ ഇടയിലും മാത്രമായി ഒതുങ്ങിനിന്നിരുന്ന ഒരു അവസ്ഥാവിശേഷമായിരുന്നു പണ്ടുകാലങ്ങളിൽ ഇവിടെ നിലനിന്നിരുന്നത്. വൈദേശിക ആധിപത്യം വന്നതിനു ശേഷമാണ് വിദ്യാഭ്യാസമേഖലയിൽ കാര്യമായ ചലനത്തിന് തുടക്കമിട്ടത്. കൊളോണിയൽ സമ്പ്രദായത്തിന്റെ ചുവടുപിടിച്ച് നാടിന്റെ നാനാഭാഗങ്ങളിലും വിദ്യാഭ്യാസത്തിന്റെ മേഖലകളിൽ ബീജാവാപം ചെയ്ത കാലഘട്ടത്തിൽ തന്നെ ഇവിടെയും സർക്കാർ തലത്തിൽ ഒരു വിദ്യാലയം സ്ഥാപിതമായി.

നൂറിലേറെ വർഷങ്ങൾക്ക് മുൻപ് ഗവ: തലത്തിൽ ഒരു അടിസ്ഥാനവിദ്യാലയം പഴഞ്ഞിയിൽ സ്ഥാപിതമായി. ഈ വിദ്യാലയം പിന്നീട് ഹൈസ്കൂളായി രൂപാന്തരപ്പെടുകയും, അതോടൊപ്പം പ്രൈമറിതലത്തിലുള്ള വിദ്യാലയങ്ങൾ ഈ നാടിന്റെ വിവിധ ഭാഗങ്ങളിൽ വരികയും ചെയ്തു.

വിദ്യാഭ്യാസ രംഗത്ത് മുൻകാലത്ത് കാര്യമയി സംഭാവനകൾ നൽകിക്കൊണ്ട് പഴഞ്ഞി ഗവ: ഹൈസ്കൂൾ പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽതന്നെ പെങ്ങാമുക്ക് കേന്ദ്രമാക്കി ഒരു സ്വകാര്യ ഹൈസ്കൂൾ രൂപീകൃതമായി.

ഉദ്ദേശം രണ്ട് ദശാബ്ദങ്ങൾക്ക് മുൻപ് ഓർത്തഡോക്സ് സഭയുടെ മാനേജ്മെന്റിൻ കീഴിൽ ഇവിടെയൊരു ജൂനിയർ കോളേജിന് തുടക്കം കുറിക്കുകയും തുടർന്ന് ഇത് അപ്ഗ്രേഡ് ചെയ്ത് ബിരുദാനന്തര ബിരുദകോഴ്സോടുകൂടിയ ഒരു കോളേജ് ആയി ഉയർത്തപ്പെടുകയും ചെയ്തു.

പഴഞ്ഞി ഗവ: ഹൈസകൂളിൽ 5 വർഷങ്ങൾക്ക് മുമ്പ് വൊക്കെഷനൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുകയും 2 കോഴ്സുകൾ (1. ഓഫീസ് സെക്രട്ടറിഷിപ്പ് 2. മാർക്കറ്റിംഗ് & സെയിൽസ്മാൻ ഷിപ്പ്) ആരംഭിച്ച് രണ്ട് ബാച്ചുകൾ പഠനം പൂർത്തീകരിച്ചു. ഈ വർഷം പുതുതായി ട്രാവൽ & ടൂറിസം കോഴ്സ് തുടങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 11ൽ പരം നഴ്സറികൾ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ മിക്കവയിലും പരിമിത സൗകര്യങ്ങൾ മാത്രമാണ് ഉള്ളത്.

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | അദ്ധ്യാപകരുടെ എണ്ണം | വിദ്യാർത്ഥികൾ | | ആകെ | Sc/St | | ആകെ |
|---|---|---|---|---|---|---|---|---|
| | | | M | F | | M | F | |
| 1. | ജി.എൽ.പി.സ്കൂൾ പെങ്ങാമുക്ക് | 4 | 55 | 59 | 114· | 9 | 11 | 20 |
| 2. | ഇ.എം.എൽ.പി.സ്കൂൾ കാട്ടകാമ്പാൽ | 10 | 199 | 181 | 380 | 29 | 24 | 53 |
| 3. | മാർത്തോമാ.എൽ.പി.സ്കൂൾ പഴഞ്ഞി. | 10 | 161 | 185 | 346 | 29 | 24 | 53 |
| 4. | ഐ.സി.എം.എൽ.പി.സ്കൂൾ പഴഞ്ഞി. | 7 | 114 | 106 | 220 | 16 | 7 | 23 |
| 5. | എ.എസ്.എൽ.പി.സ്കൂൾ പെരുന്തുരുത്തി. | 4 | 43 | 38 | 81 | 3 | 4 | 7 |
| 6. | ഐ.സി.എം.എൽ.പി.സ്കൂൾ പഴഞ്ഞി. | 9 | 209 | 173 | 382 | 33 | 24 | 57 |
| 7. | ഗവ:വി.എച്ച്.എസ്സ്.എസ്സ്. പഴഞ്ഞി. | 62 | 715 | 662 | 1377 | 102 | 88 | 190 |
| 8. | ഹൈസ്കൂൾ പെങ്ങാമുക്ക് | 33 | 715 | 586 | 1301 | 172 | 121 | 293 |
| 9. | എം.ഡി.കോളേജ് Pre Degree | 20 | | | 320 | | | |
| | B.A. | | | | 180 | 20 | 26 | 46 |
| | | | 200 | 320 | 20 | | | |
| | ആകെ | 159 | 2411 | 2310 | 4721 | 413 | 329 | 742 |

## പ്രശ്നങ്ങൾ

1. വിദ്യഭ്യാസ ഗുണനിലവാരം തികച്ചും നിരാശാജനകമാണ്.
2. വിദ്യാലയങ്ങളിലെ ശുചിത്വ പരിപാലന നിലവാരം തീർത്തും ശോചനീയമാണ്.
3. നിലവിലുള്ള പല വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ പ്രാഥമിക കൃത്യനിർവ്വഹണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വളരെ വിരളമാണ്.
4. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യങ്ങളില്ല.
5. പല വിദ്യഭ്യാസ സ്ഥാപനങ്ങളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമല്ല.
6. പല വിദ്യഭ്യാസ സ്ഥാപനങ്ങളിലും ക്ലാസ് മുറികളിൽ ബ്ലാക്ക് ബോർഡുകൾ ഇല്ല, ഉള്ളവ തന്നെ ഉപയോഗയോഗ്യമല്ല.

7. കെട്ടിടങ്ങൾ പലതും കേടുപാടുകൾ മൂലം ചോർന്നൊലിക്കുന്ന അവസ്ഥയാണ്.
8. വിദ്യാലയങ്ങളിൽ ആവശ്യാനുസരണം ഫർണ്ണിച്ചറുകൾ ഇല്ല
9. വദ്യാലയങ്ങൾക്കു ചുറ്റും മതിലുകൾ ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം നടക്കുന്നു.

## നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

1. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകളും രക്ഷാകർത്താക്കളും മുൻകൈ എടുത്ത് അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം കൂടുതൽ സുദൃഢമാക്കണം.
2. അദ്ധ്യാപകൻ പ്രവൃത്തിദിനങ്ങളിൽ സ്കൂളിൽ കൃത്യമായി ഹാജരായി അദ്ധ്യാപനം നടത്തുന്നുണ്ടോ എന്ന് വകുപ്പുമേലധികാരികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിക്കടി മിന്നൽ പരിശോധനകൾ നടത്തേണ്ടതാണ്.
3. അദ്ധ്യാപകൻ പ്രവൃത്തിദിനങ്ങളിൽ കൃത്യമായി സ്കൂളിൽ ഹാജരായി അവരിൽ അർപ്പിതമായ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും, വീഴ്ച വരുത്തുന്നവരുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതിനുള്ള അധികാരം നിയമനിർമ്മാണം വഴി അദ്ധ്യാപക രക്ഷാകർതൃ സംഘടനയിൽ നിക്ഷിപ്തമാകേണ്ടതാണ്.
4. വിദ്യാലയങ്ങളും പരിസരങ്ങളും ശുചിത്വപരിപാലനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ പ്രാഥമിക കൃത്യനിർവ്വഹണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ഉണ്ട് എന്ന ഉറപ്പുവരുത്തിയതിന് ശേഷം മാത്രമെ മെയിന്റനൻസ് ഗ്രാന്റുകൾ എന്നിത്യാതി ഗ്രാന്റുകൾ അനുവദിച്ചുകൊടുക്കുവാൻ പാടുള്ളൂ.
6. വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതും, ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.
7. അദ്ധ്യയനത്തിനാവശ്യമായ എല്ലാ ഉപകരണോപാധികൾ എല്ലാ വിദ്യാലയങ്ങളിലും ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
8. കാലപ്പഴക്കം കൊണ്ട് കേടുവന്നിട്ടുള്ള കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
9. വിദ്യാലയവും, പരിസരവും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.
10. വിദ്യാലയ പരിസരങ്ങളിലെ വിദ്യാർത്ഥികളുടെ ആരോഗ്യത്തെ ഹനിക്കുന്ന ഭക്ഷ്യ പദാർത്ഥ

ങ്ങളുടെ വിൽപന കർശനമായി നിരോധിക്കേണ്ടതും, വിദ്യാലയ പരിസരങ്ങളിലുള്ള പെട്ടിക്കടകൾ കർശനമായും നിരോധിക്കേണ്ടതാണ്.

11. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം.
12. ഗവൺമെന്റ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തേണ്ടതാണ്.
13. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കൗട്ട്, N.C.C. എന്നിവ നിർബന്ധമാക്കേണ്ടതാണ്.
14. സ്കൂൾസഹരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക,
15. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ നിയമനങ്ങൾ പൂർണ്ണമായും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തേണ്ടതും, അല്ലാത്ത പക്ഷം പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കി നൽകുന്ന ലിസ്റ്റിൽ നിന്നുമായിരിക്കണം എന്ന് നിഷ്കർഷിക്കേണ്ടതാണ്.
16. പഞ്ചായത്ത് തലത്തിൽ ഓരോ വില്ലേജ് അടിസ്ഥാനത്തിൽ ഇന്റർ ഗാർഡൻ നഴ്സറി സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
17. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നിലവിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ, പുതുതായി അഗ്രികൾച്ചർ, എൻജിനിയറിങ്ങ്, ശാഖകളിൽപ്പെടുന്ന ഇലക്ട്രോണിക്സ് സിവിൽ, മെക്കാനിക്കൽ, ഓട്ടോമോബൈൽസ്, ഇലക്ട്രിക്കൽ, എന്നീ കോഴ്സുകളും മെഡിക്കൽ വിഭാഗത്തിൽപ്പെടുന്ന X-Ray ലാബോറട്ടറി ടെക്നീഷൻ എന്നീ കോഴ്സുകളും ആരംഭിക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.
18. സർക്കാർ ഉടമയിലോ, സഹകരണ മേഖലയിലോ ഒരു "ഇൻഡസ്ട്രിയൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
19. നിലവിലുള്ള എം.ഡി. കോളേജ്ജിൽ ഇന്നാട്ടിലെ വിദ്യാർത്ഥികൾക്ക് പ്രീഡിഗ്രി മുതൽ ബിരുദ, ബിരുദാനന്തരതലം വരെ ശാസ്ത്രാധിഷ്ഠിത (സയൻസ്) വിഷയങ്ങൾ പഠിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് കോഴിക്കോട് സർവ്വകലാശാല അനുമതി നൽകേണ്ടതാണ്.
20. വിദ്യാലയ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള കളി സ്ഥലങ്ങൾ പ്രയോജനപ്രദമാക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ആരോഗ്യം

ചരിത്രാതീതകാലം മുതൽ നാടിന്റെ പല ഭാഗങ്ങളിലും നടന്നുവന്നിരുന്ന ചികിത്സാ രീതികളായ ആയുർവ്വേദ, സിദ്ധമർമ്മ, യുനാനി, ഹോമിയോ എന്നിത്യാദി വിഭാഗങ്ങളിൽപ്പെട്ട പ്രഗത്ഭരായ വൈദ്യന്മാർ ആയിരുന്നു. ഈ മേഖലയിൽ ആരോഗ്യപരിപാലനരംഗത്ത് പ്രവർത്തിച്ചുവന്നിരുന്നത്. അലോപ്പതി ചികിത്സാ വിധി ഈ പ്രദേശത്ത് കടന്നു വരുന്നതിന് മുൻപ് പാരമ്പര്യമായി പ്രാവീണ്യം ലഭിച്ച വൈദ്യന്മാർ അവരവരുടെ ഭവനങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാവിധികളാണ് നടത്തിവന്നിരുന്നത്.

കൊച്ചിരാജാവിന്റെ ഭരണക്കാലത്ത് തന്നെ സർക്കാർ ഉടമയിൽ ഒരു അലോപ്പതി ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിച്ചിരുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ കാലങ്ങൾ പിന്നിട്ടപ്പോൾ ഇതിന്റെ പ്രവർത്തനം പാടെ നിലച്ചുപോയി.

ഏകദേശം 60 വർഷങ്ങൾക്ക് മുൻപ് പഴഞ്ഞി വില്ലേജിൽ ഐനൂർ മിലിട്ടറികുന്ന് കേന്ദ്രീകരിച്ച് ഒരു കുഷ്ഠരോഗാശുപത്രി സ്ഥാപിതമായി. ദൗർഭാഗ്യവശാൽ ഇടക്ക്വെച്ച് ആരാലും ശ്രദ്ധിക്കപ്പെടായ്കമൂലം അതിന്റെ പ്രവർത്തനം നിൽക്കുകയും ഉണ്ടായിരുന്ന കെട്ടിടങ്ങൾ പാടെ നശിച്ചുപോയി.

ഈ അടുത്തകാലത്ത് ജനപങ്കാളിത്തത്തോടുകൂടി ദേശീയ കുഷ്ഠരോഗനിർമ്മാർജ്ജന പ്രവർത്തനം ഇവിടേയും ആരംഭിച്ചു. ആയതിന്റെ ഭാഗമായി ലെപ്രസി വെൽഫയർ കമ്മിറ്റി രൂപീകൃതമാക്കുകയും കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജനങ്ങളുടെ സഹകരണത്തോടുകൂടി രണ്ടു കെട്ടിടങ്ങളും ചുറ്റുമതിലും നിർമ്മിക്കുകയും പ്രസ്തുതപ്രദേശത്തിന് ഗാന്ധി ഗ്രാമം എന്ന് നാമകരണം ചെയ്ത് പ്രവർത്തനമാരംഭിച്ചു. ഇതിൽ ഒരു കെട്ടിടത്തിൽ രോഗികൾക്ക് സ്ഥിരമായി മരുന്നുകൊടുക്കുകയും (MDT) മറ്റെ കെട്ടിടത്തിൽ പുനരധിവാസകേന്ദ്രം പ്രവർത്തനം തുടങ്ങുകയും ചെയ്തു. രോഗവിമുക്തരായവർക്കും ആശ്രിതർക്കും തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അവരെ പുനരധിവസിപ്പിക്കുക എന്നതാണ് ഇതിന്റെ പരമ പ്രധാനമായ ലക്ഷ്യം.

1962ൽ പഴഞ്ഞി ഹൈസ്ക്കൂളിന് സമീപം ഒരു വാടകകെട്ടിടത്തിൽ കാട്ടകാമ്പാൽ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് ആരംഭംകുറിച്ചു.. പഴഞ്ഞി ഐനൂർ മിലിട്ടറികുന്നത്ത് ഒരു കമ്മിറ്റി രൂപീകരിച്ച് ജനപങ്കാളിത്തത്തോടുകൂടി വിഭവസമാഹരണം നടത്തി ഒരു ഏക്കർ സ്ഥലം വാങ്ങി സർക്കാരിലേക്ക് സംഭാവനചെയ്തു. 31.5.1964ൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് തറക്കല്ലിടുകയും 1967ൽ പണിപൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു. 16-1-96ൽ ഈ സ്ഥാപനം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റ

റാക്കി ഉയർത്തി. ഇപ്പോൾ 7 ഡോക്ടർമാരുടെ തസ്തികയും അതിനോടനുബന്ധിച്ചുള്ള ജീവനക്കാരുടേയും തസ്തികൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ 3 ഡോക്ടർമാരുടെ സ്ഥിര സേവനം മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യം വേണ്ടതായ അടിസ്ഥാനസൗകര്യങ്ങൾ യാതൊന്നും തന്നെ നിലവിലില്ല.

## നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിൽ അടിയന്തിരമായി ഒരു ആയുർവ്വേദ ഡിസപൻസറി അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിന്നായി ആവശ്യമായിവരുന്ന സ്ഥല സൗകര്യങ്ങൾ പഞ്ചായത്തിന്റെ അധീനതയിലുള്ള സൗകര്യപ്രദമായ പുറമ്പോക്ക് ഭൂമി ലഭ്യമെങ്കിൽ അതോ, അല്ലാത്ത പക്ഷം പൊതു ജന പങ്കാളിത്തത്തോടു കൂടി ആവശ്യമായ സ്ഥലം ലഭ്യമാക്കാവുന്നതാണ്.

2. ഹോമിയോ

ഇവിടെ അടിയന്തിരമായി ഒരു ഹോമിയോ ഡിസ്പൻസറി അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കെണ്ടതാണ്. ആയതിനാവശ്യമായി വരുന്ന സ്ഥലം പഞ്ചായത്തിന്റെ അധീനതയിലുള്ള സൗകര്യപ്രദമായ പുറമ്പോക്കു ഭൂമി ലഭ്യമെങ്കിൽ അതോ, അല്ലാത്ത പക്ഷം പൊതുജനപങ്കാളിത്തത്തോടുകൂടി ആവശ്യമായ സ്ഥലം ലഭ്യമാക്കാവുന്നതാണ്.

3. അലോപ്പതി

നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിപൂർണ്ണമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്ക് വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി പ്രാവർത്തികമാക്കേണ്ടതാണ്.

1. അത്യാഹിത വിഭാഗം 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി സേവനം ലഭ്യമാക്കുക. ഒരു ആംബുലൻസ് അനുവദിക്കുകയും X-Ray E.C.G., E.E.G., Laboratory, മുതലായ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്.
2. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് താലൂക്ക് ആശുപത്രിയുടെ പദവിയുള്ളതിനാൽ നിലവിലുള്ള കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ട സ്ഥലം പൊന്നും വിലക്കെടുക്കുന്നതിനുവേണ്ട നടപടികൾ ത്വരിതഗതിയിൽ നടപ്പിലാക്കേണ്ടതാണ്.
3. പ്രസവവാർഡ്, പേവാർഡ് എന്നിവ നിർമ്മിക്കുകയും നിലവിലുള്ള മിനി ഓപ്പറേഷൻ തിയ്യറ്റർ ആധുനിക വൽക്കരണം നടത്തുകയും പ്ലസന്റ ഇടുന്നതിനുള്ള ഒരു വെയ്സ്റ്റ് ബോക്സ് സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.
4. അഴുക്കുതുണികളും മറ്റും നശിപ്പിച്ചുകളയുന്നതിന് ഒരു ഇൻസർനേറ്റർ നിർമ്മിക്കേണ്ടതാണ്.

5. നിലവിലുള്ള ഫാർമസിയും സ്റ്റോറും പുതുക്കി പണിയുക.

6. പുതിയതായി. ഒരു ഔട്ട് പേഷ്യന്റ് വിഭാഗം പണിയുക.

7. കിടത്തി ചികത്സിക്കുന്ന രോഗികൾക്ക് പോഷകാഹാര വിതരണത്തിനുള്ള പദ്ധതി നടപ്പാക്കേണ്ടതാണ്.

8. ഹെൽത്ത് സെന്ററുകളിലേക്കുള്ള ജീവൻ രക്ഷാ മരുന്നുകൾ പ്രതിരോധകുത്തിവെപ്പിനുള്ള മരുന്നുകൾ മറ്റു മരുന്നുകൾ എന്നിവ ആവശ്യാനുസരണം യഥാസമയങ്ങളിൽ എത്തിച്ച് സ്റ്റോക്ക് ചെയ്യുന്നതിന് ഉറപ്പു വരുത്തേണ്ടതാണ്.

9. ഗാന്ധി ഗ്രാമത്തിൽ ഒരു പ്രിന്റിംഗ് പ്രസ്സും ഒരു ബൈണ്ടിംഗ് യൂണിറ്റും ആരംഭിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കുക.

10. I-ാം വാർഡിൽ നിലവിലുള്ള ഫേമിലി വെൽഫെയർ സെന്ററിൽ സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം അനിവാര്യമാക്കുക.

11. പാമ്പുകടിയേറ്റു വരുന്ന രോഗികൾക്ക് അടിയന്തിരവൈദ്യസഹായം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

## പൊതുജനാരോഗ്യം

1. ഗ്രാമീണ ജനതയുടെ ആരോഗ്യം പരിപാലനം ലക്ഷ്യമാക്കി രൂപീകൃതമായ സർദാർസിംഗ് കമ്മിറ്റി റിപ്പോർട്ട് ഈ പഞ്ചായത്തിൽ പൂർണ്ണമായും നടപ്പിലാക്കുക.

2. മേൽപറഞ്ഞ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചുള്ള നിർദ്ദിഷ്ഠ ജീവനക്കാരേ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ആവശ്യാനുസരണമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുക്കേണ്ടതാണ്.

3. ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ സേവനങ്ങൾ പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശങ്ങൾക്ക് വിധേയമാക്കേണ്ടതാണ്.

4. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം കാര്യക്ഷമമാക്കുക.

5. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മരുന്നുകൾ കേടു കൂടാതെ സൂക്ഷിക്കുന്നതിന് ഒരു I.L.R. സ്ഥാപിക്കുക.

6. സാംക്രമിക രോഗങ്ങൾ തടയുന്നതിന് അഴുക്കുവെള്ളം കെട്ടിനിൽക്കാതെ ഓടകൾ നിർമ്മിച്ച് അഴുക്കുവെള്ളം ഒഴുക്കിക്കളയുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സമയാസമയങ്ങളിൽ അണുനാശിനികൾ തളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കിക്കേണ്ടതുമാണ്.

7. വൈദ്യുതി ശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. ഹോട്ടലുകൾ, ടീ ഷാപ്പുകൾ, മറ്റു ഭക്ഷണ ഉൽപാദനശാലകൾ എന്നിവയിൽ ഉണ്ടാക്കുന്ന ഭക്ഷണത്തിന്റെ ഗുണമേന്മ പരിശോധിക്കുകയും സ്ഥാപനങ്ങളിൽ വിൽക്കപ്പെ

ടുന്ന ഭക്ഷണപദാർത്ഥങ്ങളിൽ മായം ചേർക്കൽ തടയുന്നതിനുവേണ്ടി ഫുഡ്ഇൻസ്പെക്ടർമാരുടെ സേവനം അനിവാര്യമാക്കുക.

9. സാനിറ്റേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആരോഗ്യ, ശുചിത്വ പരിപാലനം ഉറപ്പാക്കേണ്ടതാണ്.

10. ക്ഷയം, കുഷ്ഠം, കേൻസർ മുതലായ മാരക രോഗം മൂലം അവശത അനുഭവപ്പെടുന്നവർക്ക് സാമ്പത്തിക ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## കുടിവെള്ളം

രൂക്ഷമായ കുടിനീർ പ്രതിസന്ധി നേരിടുന്ന ഒരു പ്രദേശമാണ് കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ശുദ്ധജലവിതരണസംവിധാനം തികച്ചും അപര്യാപ്തവും നിർദ്ദിഷ്ഠ ഗുണനിലവാരം നിലനിർത്താത്തതുമാണ്.

പോരായ്മകൾ

പഞ്ചായത്തിൽ നിലവിലുള്ള കുഴൽ കിണറുകളിൽ ബഹുഭൂരിപക്ഷവും പ്രവർത്തന ക്ഷമത പുലർത്താത്തവയാണ്. കൂടാതെ പഞ്ചായത്തിന്റെ അധീനതയിൽ വിവിധ വാർഡുകളിലായി നിർമ്മിച്ചിട്ടുള്ള കിണറുകളിൽ ഏറിയ പങ്കും വേനൽ കാലങ്ങളിൽ വറ്റിവരണ്ടു പോകുന്നവയാണ്.

## നിർദ്ദേശങ്ങൾ

1. പാവറട്ടി ശുദ്ധജല വിതരണം പദ്ധതി എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.

2. പഞ്ചായത്തിൽ നിലവിലുള്ള എല്ലാ കുഴൽകിണറുകൾ പുനർജ്ജീവിപ്പിക്കുകയും പുതുതായി നിർമ്മിച്ചവയുടെ ജലലഭ്യത യോഗ്യത നിർണ്ണയം നടത്തി പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും അല്ലാത്തവയിൽ ഹാൻഡ് പൈപ്പുകൾസ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്ഥിരീകരിക്കേണ്ടതാണ്.

3. VII-ാം വാർഡിൽ കണ്ണും കുളത്തിന് സമീപമുള്ള പഞ്ചായത്ത് വക സ്ഥലത്ത് കിണർ കുഴിച്ച് ഓവർ ഹെഡ് ടാങ്ക് സ്ഥാപിച്ച് പമ്പ് സെറ്റ് ഉപയോഗിച്ചുള്ള ശുദ്ധജല വിതരണ സംവിധാനം നടപ്പിലാക്കേണ്ടതാണ്.

# വ്യവസായം

വ്യാവസായികമായി വളരെയധികം പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ് കാട്ടകാമ്പാൽ പഞ്ചായത്ത്. പ്രത്യേകമായി എടുത്തു പറയാവുന്ന വ്യവസായ സ്ഥാപനങ്ങളോ, ഫാക്ടറികളോ ഒന്നും തന്നെ നിലവിലില്ല. പഞ്ചായത്തിനു പുറത്തുള്ള സമീപപ്രദേശത്തെ വ്യവസായകേന്ദ്രങ്ങളിൽ ധാരാളം വിദഗ്ദ, അവിദഗ്ദ തൊഴിലാളികൾ പണിയെടുത്തുവരുന്നു.

30 ഓളം ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. പരമ്പരാഗത കൈത്തൊഴിലായ 25 ഓളം സ്വർണ്ണാഭരണതൊഴിൽനിർമ്മാണ യുണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇവയിൽതന്നെ യന്ത്രം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ ഒന്നിലധികം ഇമിറ്റേഷൻ ഗോൾഡ് നിർമ്മാണയൂണിറ്റുകളും നിലവിൽ ഉണ്ട്. മൂന്നിലധികം സ്റ്റീൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റുകളും അതിനോടനുബന്ധിച്ച് നാലിലേറെ സ്പ്രെ പെയിന്റിങ്ങ് നിർമ്മാണ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. മൂന്ന് ബുക്ക് ബൈന്റിങ്ങ് യൂണിറ്റുകളും, നാല് പ്രിന്റിങ്ങ് പ്രസ്സുകളും പ്രവർത്തിച്ചുവരുന്നു. മൂന്ന് ലെയ്ത്ത്വർക്ക് യൂണിറ്റകൾ പ്രവർത്തിക്കുന്നു. വ്യവസായാടിസ്ഥാനത്തിൽ ഒരു ഓയിൽ മിൽ പ്രവർത്തിക്കുന്നുണ്ട്. D.W.C.R.A. പദ്ധതിപ്രകാരം ദാരദ്ര്യരേഖക്ക് താഴെയുള്ള ഗ്രാമീണവനിതകൾ സർക്കാർ ധനസഹായവും, ബാങ്ക് വായ്പയും ഉപയോഗിച്ച് നടത്തിവരുന്ന രണ്ട് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

## പ്രശ്നങ്ങൾ

മുൻ കാലങ്ങളിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന കൈത്തറിനെയ്ത്ത് വ്യവസായം ഈ മേഖലയിൽ നിന്നും പാടെ തുടച്ചുമാറ്റപ്പെട്ടിരിക്കുന്നു. സമീപകാലം വരെ കളിപ്പാക്ക് നിർമ്മാണവ്യവസായം ഈ മേഖലയിൽ വളരെയധികം തഴച്ചുവളർന്നിരുന്നതും, ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിരുന്നതുമാണ്. ഈ വ്യവസായത്തോടനുബന്ധിച്ച് പരമ്പരാഗത തൊഴിലായ പരമ്പ്, കുട്ട എന്നിവയുടെ നിർമ്മാണവും നില നിന്നിരുന്നു. ഈ രണ്ട് മേഖലകളും പാടെ നിലച്ചമട്ടാണ്.

## സാദ്ധ്യതകൾ

1. കൈത്തറി നെയ്ത്ത് വ്യവസായം പുനർഇജ്ജീവിപ്പിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കേണ്ടതാണ്.
2. കേരളത്തിലെ ഏറ്റവും വലിയ അടക്ക ഉൽപാദന പ്രദേശമായ ഈ മേഖലയിൽ ഒരു അടക്കസംസ്കരണ കേന്ദ്രം സ്ഥാപിച്ച് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കേണ്ടതാണ്.

3. തൃശ്ശൂർ ജില്ലയിലെ ഏറ്റവും കൂടുതൽ നെല്ലുൽപാദിപ്പിക്കന്ന ഈ പ്രദേശത്ത് ഒരു നെല്ല് സംഭരണ-സംസ്കരണ കേന്ദ്രവും, വൈക്കോൽ സംസ്കരണ (സൈലേജ്) യൂണിറ്റ് അനുവദിക്കേണ്ടതാണ്. ഇതിൽ നിന്നും ഉൽപാദിപ്പിക്കുന്ന തവിട് ഉപയോഗിച്ച് കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണ യൂണിറ്റും സ്ഥാപിക്കേണ്ടതാണ്.
4. അടക്കാത്തൊണ്ട്, കച്ച്വെയിസ്റ്റ്, (വൈക്കൽ വെയിസ്റ്റ്) എന്നിവഉപയോഗിച്ച് ഒരു ഹാർഡ്ബോർഡ് യൂണിറ്റ നിർമ്മിക്കേണ്ടതാണ്.
5. നാളികേരം വളരെയധികം ലഭ്യമായ ഈമേഖലയിൽ കൊപ്രഡ്രൈയർ ഉപയോഗിച്ച് ശുദ്ധീകരിച്ച എണ്ണ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് അനുവദിക്കേണ്ടതാണ്.
6. അടക്കയും മറ്റ് ഉൽപന്നങ്ങളും പാക്ക് ചെയ്ത് അയക്കുന്നതിന് വേണ്ടി ഒരു പ്ലാസ്റ്റിക്ക്ബാഗ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്.
7. സഹകരണ മേഖല, സ്വകാര്യമേഖലയിലോ ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റുകളും, ബുക്ക് ബൈന്റിങ്ങ് യൂണിറ്റുകളും സ്ഥാപിക്കേണ്ടതാണ്.





# ഗതാഗതം

കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് കൊച്ചി സംസ്ഥാനത്തിലെ വടക്കുപടിഞ്ഞാറൻ അതിർത്തിയിൽ സ്ഥിതിചെയ്യുന്നതും 3 ഭാഗവും ജലാശയങ്ങളാൽ ബന്ധിക്കപ്പെട്ട (പെനിസുല) തുമായ ഒരു പ്രദേശമാണ്. ഈ ഒരൊറ്റ കാരണത്താൽ ആ കാലഘട്ടങ്ങളിൽ ഈ പ്രദേശം പൂർണ്ണമായും എല്ലാ തുറയിലും അവഗണിക്കപ്പെട്ട മേഖലയായിരുന്നു. അക്കാലത്ത് ഈ പ്രദേശത്തേക്കുള്ള വ്യാപാര-വ്യവഹാര ആവശ്യങ്ങൾക്ക് ജലഗതാഗത മാർഗ്ഗങ്ങൾ മാത്രമെ നിലവിലുണ്ടായിരുന്നുള്ളൂ. കനോലി കനാൽ മുഖേനെ ഈ പ്രദേശം ചാവക്കാടുമായും, ചിറ്റം മുതൽ ബിയ്യം വരെ 28 കി.മീ. ദൈർഘ്യവും 100 അടി വീതി വരുന്നതുമായ പെരുംതോട് വഴി പൊന്നാനിയിലേക്കും ജലമാർഗ്ഗേണ ഗതാഗതമുണ്ടായിരുന്നു.

അതിനുശേഷം ഈ പ്രദേശത്തെ മറ്റുപ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നതിന് പിൽക്കാലത്ത് പാലങ്ങൾ നിർമ്മിക്കുകയും റോഡ് ഗതാഗതം ക്രമേണ നിലവിൽ വരികയും ചെയ്തു. തുടർന്ന് ജലഗതാഗതത്തിന്റെ പ്രസക്തി ക്രമേണ ഇല്ലാതാകുയും 1988 അവസാനത്തോടുകൂടി പരിപൂർണ്ണമായി നിലക്കുകയും ചെയ്തു.

ഈ വിഭാഗത്തെ ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന ടാർറോഡും ഇപ്പോൾ നിലവിൽ ഉള്ളതിനു പുറമെ പൊന്നാനിയുമായി ബന്ധിപ്പിക്കുന്ന ഒരു റോഡും, മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന നാഷ്ണൽ ഹൈവേയുമായി ബന്ധിക്കുന്ന ഒരു റോഡും നിലവിൽ വരികയുണ്ടായി. ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന പൊതുമരാമത്ത്വകുപ്പിന്റെ കീഴിലുള്ള റോഡുകളും, മേൽപ്രസ്താവിച്ച 4 റോഡുകളും, ശേഷിക്കുന്ന പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ടതും, അപ്രധാനപ്പെട്ടതുമായ എല്ലാ റോഡുകളും പഞ്ചായത്തിന്റെ അധീനതയിലുള്ളതാണ്. കാർഷികമേഖലയായ ഈ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ ഉപയോഗത്തിന് വേണ്ടി വിർമ്മിക്കപ്പെട്ട പല റോഡുകളും റോഡുകളുടെ പാർശ്വഭാഗങ്ങളിലുള്ള കൈയ്യേറ്റം മൂലം ആധുനിക കൃഷി സമ്പ്രദായത്തിന് നിരക്കാത്ത രീതിയിലാണ് ഇന്നത്തെ അവസ്ഥ. നാടിന്റെ സമഗ്രവികസനത്തിന് ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതും അതിനനുസൃതമായ ജല റോഡ് ഗതാഗതമാർഗ്ഗങ്ങളും ഉണ്ടാകേണ്ടത് കാർഷികവും വ്യാവസായികവും ആയ ഈ മേഖലയുടെ വികസനത്തിന് അത്യന്താപേക്ഷികമാണ്.

## പോരായ്മകൾ

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിൽകൂടി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 22.35 കി.മീ. നീളം വരുന്ന റോഡുകൾ കടന്നു പോകുന്നുണ്ട്. ഈ റോഡുകളുടെ ഇന്നത്തെ

ശോചനീയാവസ്ഥക്ക് കാരണം ഡ്രൈനേജ് സിസ്റ്റത്തിന്റേയും കൽവർട്ടുകളുടെ (കലിംങ്ക്)യും അപര്യാപ്തതയാണ്. പൊതുമരാമത്ത് റോഡുകളുടേയും പഞ്ചായത്ത് റോഡുകളുടേയും പാർശ്വഭാഗങ്ങളിലെ കയ്യേറ്റം കർശനമായി ഒഴിവാക്കി ഡ്രൈനേജ് സിസ്റ്റം പുനരുജ്ജീവിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

മറ്റു ജില്ലകളുമായി ബന്ധിപ്പിക്കുന്ന സ്രായിൽ കടവ് പാലം, രാമപുരം അമ്പലക്കടവ് പാലം കരിച്ചാൽ കടവ് പാലം എന്നീ പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നതോടുകൂടി ജില്ലാ ആസ്ഥാനങ്ങളും ഈ പഞ്ചായത്തും തമ്മിൽ റോഡു ഗതാഗത മാർഗ്ഗങ്ങളുടെ ദൈർഘ്യം ഗണ്യമായി കുറയുകയും ചെയ്യും.

**പഞ്ചായത്ത് റോഡുകളിൽ പ്രാധാന്യമർഹിക്കുന്ന താഴെ പറയുന്ന റോഡുകളുടെ പണികൾ അടിയന്തിരമായി ഏറ്റെടുത്ത് ചെയ്യേണ്ടതാണ്.**

1. പുനരർപ്പണ ദിനത്തിൽ പഞ്ചായത്തിലേക്ക് സൗജന്യമായി വിട്ടുകൊടുത്ത 6.മീ വീതിയും 600 മീ. നീളത്തിലുള്ളതും പോർക്കുളം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതും ശ്രമദാനം വഴി നിർമ്മിച്ചതമായി കോട്ടോൽ-കാരുകുളം റോഡിന്റെ പുനരുദ്ധാരണ പണി.
2. പത്തങ്ങാടി-അരുവായ് റോഡിന്റെ പുനരുദ്ധാരണ പണി
3. കിളിനംപുറം റോഡ് ലീഡിങ്ങ് ടു പഴഞ്ഞി. വൺവേ റോഡ്
4. സ്രായിൽ-കരിയാംപാടം റോഡ് ലീഡിംങ് ടു രാമപുരം റോഡ്.
5. കാരുകുളം-എരിഞ്ഞാംപാടം റോഡ് ലീഡിംഗ് ടു ആനപ്പറമ്പ് റോഡ്
6. ആറാംവാർഡും ഏഴാം വാർഡും തമ്മിൽ ബന്ധിപ്പിക്കുന്ന കോലിയാപാടം റോഡ്.

ഈ പഞ്ചായത്തിൽ ഏറ്റവും അടിയന്തിര പ്രാധാന്യമുള്ള 31കി.മീ. വരുന്ന പഞ്ചായത്ത് വക റോഡുകൾ പുനരുദ്ധാരണ പണികൾ നടത്തി (സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്, ഡ്രെയിനേജ്) ഗതാഗതയോഗ്യമാക്കി തീർക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ അടിയന്തിര പ്രാധാന്യത്തോടുകൂടി വെയിറ്റിംഗ് ഷെഡ്ഡുകൾ സ്ഥാപിക്കേണ്ടതാണ്.

1. ചിറക്കൽ സെന്റർ.
2 രാമപുരം-അമ്പലക്കടവ്
3 കുന്നത്തുകടവ് ജംഗ്ഷൻ
4 ചിറയൻകാട്
5. പലാട്ടുമുറി
6. കരിച്ചാൽ കടവ്
7. ചെറുവുള്ളിപ്പുഴ ജംഗ്ഷൻ

8. കാഞ്ഞിരമുക്ക് ജംഗ്ഷൻ
9. പെരുന്തുരുത്തി വൺവെ ജംഗ്ഷൻ
10. ചെറുതുരുത്തി ജംഗ്ഷൻ
11. ഐനൂർ ജംഗ്ഷൻ
12. പഴഞ്ഞി കുരിശു ജംഗ്ഷൻ
13. പഴഞ്ഞി-മങ്ങാട് റോഡ് ജംഗ്ഷൻ
14. കോട്ടോൽ-ഒറ്റപ്പിലാവ് ജംഗ്ഷൻ
15. ജറുശലേം സെന്റർ
16. പഴഞ്ഞി സ്ക്കൂൾ ജംഗ്ഷൻ
17. അരുവായ് ജംഗ്ഷൻ

ഈ പഞ്ചായത്തിലെ റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. പ്രശ്ന പരിഹാരത്തിന് യുദ്ധകാലാടിസ്ഥാനത്തിൽ നിലവിലുള്ള P.W.D. റോഡുകളും പഞ്ചായത്ത് റോഡുകളും, മറ്റു വഴികളും പുനരുദ്ധാരണ പ്രവർത്തികൾ നടത്തണം. രണ്ടു വർഷത്തി ലൊരിക്കലെങ്കിലും നിലവിലുള്ള ടാർ റോഡുകൾ മൺ റോഡുകൾ എന്നിവ മെയിന്റനൻസ് നടത്തിയാൽ മാത്രമേ ഒരു പരിധി വരെയെങ്കിലും മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയുള്ളൂ.

നിലവിലുണ്ടായിരുന്ന ജലഗതാഗത മാർഗ്ഗം പുനരുജ്ജീവിപ്പിക്കുന്നതുമൂലം ഇവിടെയുള്ള കാർഷിക വ്യവസായിക ഉൽപ്പന്നങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ വിപണന കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് സാധിക്കുന്നതാണ്.

ഈ പഞ്ചായത്തിലെ പഴഞ്ഞിയിൽ കൂടി കടന്ന് പോകുന്ന നിർദ്ദിഷ്ട ഗുരുവായൂർ-കുറ്റിപ്പുറം റെയിൽവെ ലയിൻ ഈ പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക പുരോഗതിക്കും ഉതകുന്നതാകയാൽ ഈ പഞ്ചവൽസര പദ്ധതിയുടെ ആദ്യപാദത്തിൽ തന്നെ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

## ഈ പഞ്ചായത്തിലെ റോഡുവിവരം

ഈ പഞ്ചായത്തിൽ താവെ പറയുന്ന P.W.D. റോഡുകളും പഞ്ചായത്ത് ടാർ റോഡുകളും നിലവിലുണ്ട്.

| | | |
|---|---|---|
| 1. | പഴഞ്ഞി-കാട്ടകാമ്പാൽ റോഡ് | 6Km |
| 2. | കോട്ടോൽ-ചിറ്റത്താഴം റോഡ് | 3Km |
| 3. | പഴഞ്ഞി-പുളിക്കക്കടവ് റോഡ് | 3Km |
| 4. | അയിലൂർ-കടവല്ലൂർ റോഡ് | 2Km |
| 5 | ചിറക്കൽ-പെങ്ങാമുക്ക് റോഡ് | 4Km |
| | ആകെ നീളം | **18Km** |

## പഞ്ചായത്ത് ടാർ റോഡുകൾ

| | | |
|---|---|---|
| 1. | രാമപുരം റോഡ് | 1.5 Km |
| 2. | രാമപുരം കോളനിറോഡ് | 1.5 Km |
| 3. | കാട്ടകാമ്പാൽ - അമ്പലനട റോഡ് | 0.7 Km |
| 4. | കാട്ടകാമ്പാൽ - സ്രായിൽ റോഡ് | 1.8 Km |
| 5. | കാട്ടകാമ്പാൽ - പലാട്ടുമുറി റോഡ് | 2.5 Km |
| 6. | സുബ്രഹ്മണ്യ അയ്യർ റോഡ് | 0.8 Km |
| 7. | ആനപ്പറമ്പ് റോഡ് | 1.0 Km |
| 8. | കരിച്ചാൽ കടവ് റോഡ് | 1.5 Km |
| 9. | അയ്യരുടെ വഴി | 0.7 Km |
| 10. | പീഠംകേശ്വരം റോഡ് | 1.8 Km |
| 11. | മൂലേപ്പാട് റോഡ് | 1.0 Km |
| 12. | പെരുന്തുരുത്തി - മാങ്കടവ് റോഡ് | 0.8 Km |
| 13. | ഐനൂർ ഗാന്ധി റോഡ് | 1.5 Km |
| 14. | ഐനൂർ ഗാന്ധി ലിങ്ക് റോഡ് | 0.8 Km |
| 15. | ഐനൂർ ഗാന്ധിനഗർ ഹരിജൻ കോളനി റോഡ് | 0.4 Km |
| 16. | പഴഞ്ഞി ചർച്ച് റോഡ് | 0.3 Km |
| 17. | ഒറ്റത്തെങ്ങ് റോഡ് | 0.5 Km |
| 18. | കോട്ടോൽ - അരുവായി ലിങ്ക് റോഡ് | 2.0 Km |
| 19. | കോട്ടോൽ - പത്തങ്ങാടി റോഡ് | 0.8 Km |
| 20. | കൈതവളപ്പ് റോഡ് | 0.7 Km |
| 21. | ശാസ്താ റോഡ് | 0.4 Km |
| 22. | നേതാജി റോഡ് | 2.0 Km |
| 23. | മേലെ പട്ടിത്തടം റോഡ് | 0.7 Km |
| 24. | പഴഞ്ഞി മങ്ങാട് റോഡ് | 1.0 Km |
| 25. | തൊഴിയൂർ ചർച്ച് റോഡ് | 0.1 Km |
| 26. | പോസ്റ്റ് ഓഫീസ് റോഡ് | 0.1 Km |

| | | |
|---|---|---|
| 27. | സെന്റ് മേരീസ് റോഡ് | 0.8 Km |
| 28. | ബാങ്ക് കോർണർ റോഡ് | 0.2 Km |
| 29. | പ്രിയദർശിനി റോഡ് | 0.5 Km |
| 30. | കോട്ടോൽ കുരിശുപള്ളി റോഡ് | 1.5 Km |
| 31. | വടക്കേ കോട്ടോൽ ഒറ്റപ്പിലാവ് റോഡ് | 0.4 Km |
| | ആകെ | **30.3 Km** |

ഈ പഞ്ചായത്തിൽ താഴെ പറയുന്ന എർത്തേൻ റോഡുകളും ഇടവഴികളും ഇപ്പോൾ നിലവിലുണ്ട്.

| | | |
|---|---|---|
| 1. | ചിറക്കൽ കള്ള് ഷാപ്പ് റോഡ് | 0.150 Km |
| 2. | കളരിപ്പറമ്പ് റോഡ് | 0.225 Km |
| 3. | മാരമിറ്റം റോഡ് | 0.175 Km |
| 4. | മുണ്ടനാട്ടുവഴി | 0.200 Km |
| 5. | തച്ചാപുരം വഴി | 0.350 Km |
| 6. | പണിക്കത്ത് മന റോഡ് | 0.275 Km |
| 7. | രാമപുരം റോഡിൽനിന്നും പുഞ്ചപ്പാടത്തേക്കുള്ള ബ്രാഞ്ച് റോഡ് | 0.100 Km |
| 8. | കല്ലുണ്ണി റോഡ് | 0.375 Km |
| 9. | മിച്ചഭൂമി റോഡുകളും ബ്രാഞ്ചുകളും | 1.100 Km |
| 10. | ശവക്കോട്ട ലൈൻ റോഡ് | 0.600 Km |
| 11. | പെരുമ്പിള്ളി പടിഞ്ഞാറെ പടി റോഡ് | 0.200 Km |
| 12. | സ്രായിൽ കരിയാം പാടം റോഡ് | 0.120 Km |
| 13. | കോയിക്കപ്പാടം റോഡ് | 0.075 Km |
| 14. | മച്ചിങ്ങൽ ലൈൻ റോഡ് | 0.300 Km |
| 15. | ആശാരി മഠം റോഡ് | 0.200 Km |
| 16. | കുനത്ത് കടവ് റോഡ് | 0.500 Km |
| 17. | അതിയാരത്ത് റോഡ് | 0.300 Km |

| | | |
|---|---|---|
| 18. | എരിഞ്ഞിലപ്പാടം റോഡ് | 0.150 Km |
| 19. | വെളിയത്ത് ലൈൻ റോഡ് | 0.450 Km |
| 20. | വെള്ളത്തേരി റോഡ് | 0.100 Km |
| 21. | മാരത്തടം റോഡ് | 0.200 Km |
| 22. | ചിറയൻകാട് റോഡ് അമ്പലം വഴി റോഡ് | 0.250 Km |
| 23. | റൈസ്മിൽ റോഡ് | 0.150 Km |
| 24. | കൃഷ്ണന്റെ വഴി | 0.125 Km |
| 25. | പാറന്റെ വഴി | 0.100 Km |
| 26. | കാരുകുളം റോഡ് | 0.175 Km |
| 27. | പാലാട്ട് കടവ് റോഡ് | 0.250 Km |
| 28. | തലപ്പറങ്കിമാവ് റോഡ് | 0.100 Km |
| 29. | തെക്കൂട്ട് ഹാൾ റോഡ് | 0.300 Km |
| 30. | കാട്ടകാമ്പാൽ പുളിക്കൽ റോഡ് | 0.200 Km |
| 31. | ഗാനം റോഡ് | 0.350 Km |
| 32. | കുട്ടാണി അമ്പലം റോഡ് | 0.250 Km |
| 33. | എരിഞ്ഞിപ്പാടം റോഡ് | 0.150 Km |
| 34. | നമ്പ്യാർ ലൈൻ | 0.150 Km |
| 35. | Y.M.C.A. റോഡ് & ബ്രാഞ്ചുകൾ | 0.550 Km |
| 36. | കാട്ടകാമ്പാൽ ചർച്ച് റോഡ് | 0.300 Km |
| 37. | ലിങ്ക് റോഡ് ഓഫ് കാട്ടകാമ്പാൽ മെയിൻ റോഡ് | 0.325 Km |
| 38. | പെങ്ങാമുക്ക് ലക്ഷം വീട് റോഡ് | 0.375 Km |
| 39. | ബേബി റോഡ് | 0.050 Km |
| 40. | മടിശ്ശേരി റോഡ് | 0.250 Km |
| 41. | മുണ്ടത്ത് കടവ് റോഡ് | 0.200 Km |
| 42. | പയ്യത്ത് കുന്ന് റോഡ് | 0.200 Km |
| 43. | ചക്കന്റെ റോഡ് | 0.080 Km |
| 44. | ചക്കന്റെ വളപ്പ് റോഡ് | 0.250 Km |
| 45. | കണ്ടമ്പുള്ളി റോഡ് | 0.200 Km |

| | | |
|---|---|---|
| 46. | കരിക്കാട് റോഡ് | 0.150 Km |
| 47. | കൂനത്ത് വഴി | 0.200 Km |
| 48. | ചെമ്പകത്ത് റോഡ് | 0.075 Km |
| 49. | ചർച്ച് റോഡ് പെങ്ങാമുക്ക് | 0.260 Km |
| 50. | ഇല്ലത്ത് റോഡ് | 0.110 Km |
| 51. | പറയൻ കോളനി റോഡ് | 0.120 Km |
| 52. | മുതിരൻപറമ്പത്ത് റോഡ് | 0.120 Km |
| 53. | കോരപ്പന്റെ ഇടവഴി | 0.075 Km |
| 54. | കൊഴക്കാട്ട് പാടം റോഡ് | 0.180 Km |
| 55. | കണക്കന്തടി റോഡ് | 0.150 Km |
| 56. | കുഴുപ്പുള്ളി റോഡ് | 0.200 Km |
| 57. | നായാടിക്കോളനി റോഡ് | 0.150 Km |
| 58. | കരിയാമ്പ്ര കോളനി റോഡ് | 0.200 Km |
| 59. | കരിയാമ്പ്ര സെമിത്തേരി റോഡ് | 0.200 Km |
| 60. | കരിയാമ്പ്ര പാടം റോഡ് | 0.400 Km |
| 61. | അവണ്ണീംകാട് റോഡ് | 0.400 Km |
| 62. | ചക്കുവിന്റെ വഴി | 0.300 Km |
| 63. | അവണ്ണീംകാട് ബ്രാഞ്ച് റോഡ് | 0.600 Km |
| 64. | കാഞ്ഞിരമുക്ക് കുരിശു പള്ളി പാടം റോഡ് | 0.700 Km |
| 65. | കാഞ്ഞിരമുക്ക് കുരിശുപള്ളി പാടം ബ്രാഞ്ച്റോഡ് | 0.600 Km |
| 66. | വായനശാലാ മൂലേപ്പാട് റോഡ് | 0.400 Km |
| 67. | മൂലേപ്പാട് സെമിത്തേരി റോഡ് | 0.400 Km |
| 68. | തൊമ്മന്റെ വഴി | 0.300 Km |
| 69, | മൂലേപ്പാട് പീഠികേസ്വരം റോഡ് | 0.500 Km |
| 70. | ആശാരിമഠം റോഡ് | 0.400 Km |
| 71. | മൂലേപ്പാട് പീഠികേശ്വരം ബ്രാഞ്ച് റോഡ് | 0.300 Km |
| 72. | മൂലേപ്പാട് ആശാരിപ്പാടം റോഡ് | 0.250 Km |
| 73. | പെങ്ങാമുക്ക് പീഠികേശ്വരം അമ്പലം റോഡ് | 0.400 Km |

| | | |
|---|---|---|
| 74. | ആനപ്പറമ്പ് ബ്രാഞ്ച് റോഡ് | 0.600 Km |
| 75. | വട്ടക്കായൽ റോഡ് | 1.500 Km |
| 76. | കോതനാത്ത് വഴി | 0.600 Km |
| 77. | തൊക്കൻ ലൈൻ | 0.200 Km |
| 78. | പഴഞ്ഞിപാടം റോഡ് | 0.200 Km |
| 79. | ചെറിയപ്പ ലൈൻ | 0.400 Km |
| 80. | പെരുന്തുരുത്തി മാങ്കടവ് റോഡ് | 0.500 Km |
| 81. | ചെറുതുരുത്തി വലിയപാടം റോഡ് | 0.300 Km |
| 82. | പഴഞ്ഞി വാക്കയിൽ ഇടവഴി | 0.200 Km |
| 83. | കരടിമല റോഡ് | 0.300 Km |
| 84. | ചെറുതുരുത്തി അയ്യൻ മല കക്കണകം റോഡ് | 0.400 Km |
| 85. | അയിനൂർ കള്ള് ഷാപ്പ് റോഡ് | 0.200 Km |
| 86. | ഐനൂർ വൈസ് റോഡ് | 0.200 Km |
| 87. | കാക്കനാത്ത് റോഡ് | 0.200 Km |
| 88. | ഐനൂർ രാജീവ് ഗാന്ധി റോഡ് | 0.900 Km |
| 89. | ചീനിക്കൽ അമ്പലംപാടം റോഡ് | 0.400 Km |
| 90. | മൈമന്റെ വഴി | 0.400 Km |
| 91. | പഴഞ്ഞി മാർക്കറ്റ് റോഡ് | 0.500 Km |
| 92. | പഴഞ്ഞി പോസ്റ്റ് ഓഫീസ് റോഡ് | 0.300 Km |
| 93. | എം.ഡി. കോളേജിനു സമീപം പാടം റോഡ് | 1.500 Km |
| 94. | സെന്റ് തോമാസ് റോഡ് | 0.200 Km |
| 95. | സെന്റ് പയസ് റോഡ് | 0.300 Km |
| 96. | പട്ടിത്തടം ആലിങ്ങൽ താഴം റോഡ് | 0.200 Km |
| 97. | വിളക്കത്തറ വഴി | 0.200 Km |
| 98. | കല്ലിങ്ങൽ വളപ്പിൽ വഴി | 0.100 Km |
| 99. | വടക്കൂട്ട് ലൈൻ | 0.300 Km |
| 100. | അനാഥശാല വഴി | 0.200 Km |
| 101. | കല്ലിങ്ങൽ വളപ്പിൽ വഴി ബ്രാഞ്ച് റോഡ് | 0.100 Km |
| 102. | പട്ടിത്തടം പറക്കുന്ന് റോഡ് | 0.800 Km |
| 103. | കോഴിക്കുളം റോഡ് | 0.100 Km |

| | | |
|---|---|---|
| 104. | വില്ലേജ് ഓഫീസ് റോഡ് | 0.600 Km |
| 105. | സൊസൈറ്റി റോഡ് | 0.200 Km |
| 106. | എ.വി.എസ്. റൈസ്മിൽ റോഡ് | 0.200 Km |
| 107. | പാറക്കൽ പയ്യഴിത്താഴം റോഡ് | 0.600 Km |
| 108. | പഴയ പഞ്ചായത്താഫീസ് റോഡ് & ബാങ്ക് കോർണർ റോഡ് | 0.200 Km |
| 109. | കരിയാമ്പ്ര വഴി | 0.200 Km |
| 110. | തണ്ടാസ് റോഡ് | 0.300 Km |
| 111. | മിച്ചഭൂമി റോഡ് | 1.000 Km |
| 112. | ഐനൂർ പാണൻ ഇടവഴി എന്നു പറഞ്ഞുവരുന്ന ആശാൻസ് റോഡ് | 1.500 Km |
| | **ആകെ** | **35.965 Km** |



# ഊർജ്ജം

ആധുനിക യുഗത്തിൽ മനുഷ്യസമൂഹത്തിന്റെ നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ് ഊർജ്ജം ഓരോ പ്രദേശത്തിന്റേയും വളർച്ച അതാതു പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നതും ലഭ്യമാവുന്നതുമായ ഊർജ്ജത്തിന്റെ തോതിനെ ആശ്രയിച്ചിരിക്കുന്നു. ഇന്ന് നാം ഊർജ്ജപ്രതിസന്ധിയെ തരണം ചെയ്യുന്നതിനുള്ള പരക്കം പാച്ചിലിലാണ്. ഈ അവസ്ഥാവിശേഷം മാറ്റി എടുക്കുന്നതിന് ഊർജ്ജ ഉൽപാദനരംഗത്ത് പരിവർത്തനങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ജലവൈദ്യുതപദ്ധതിയെ മാത്രം ആശ്രയിച്ചുകൊണ്ടുള്ള ഊർജ്ജഉൽപ്പാദനം മാത്രമാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്നു നിലവിലുള്ളത്. ഊർജ്ജ ഉൽപാദനം രംഗത്തെ കമ്മി നികത്തുന്നതിന് കൂട്ടായ പ്രവർത്തനങ്ങളിലൂടെ പുതിയ മാനങ്ങൾ തേടി പിടിക്കേണ്ട അവസ്ഥവിശേഷമാണ് ഇന്നുള്ളത്.

കാർഷിക മേഖലയായ ഈ പ്രദേശത്ത് കാർഷികവും, വ്യാവസായികവും ഗാർഹികവുമായ ആവശ്യങ്ങൾക്ക് വേണ്ടി പ്രതിദിനം 38,000 യൂണിറ്റ് വൈദ്യുതി ഉപയോഗിച്ച് കൊണ്ടിരിക്കുന്നു. ഏകഫീഡർലൈനിലൂടെ മാത്രമാണ് ഈ പ്രദേശത്തേക്കുള്ള വിതരണ ശൃംഖല പ്രവർത്തിക്കുന്നത് ഈ ഫീഡർലൈനിന്റെ ദൈർഘ്യം 37.24 കി.മീ. ആണ്. പ്രസ്തുത ഫീഡർലൈനിൽ അടിക്കിടി ഉണ്ടായികൊണ്ടിരിക്കുന്ന സാങ്കേതിക തടസ്സങ്ങൾ മൂലം നിത്യേനയെന്നോണം ഈ പ്രദേശത്ത് വൈദ്യുതി വിതരണം മണിക്കൂറുകളോളം തന്നെ നിലച്ചുപോകുന്നു. ചിലപ്പോൾ തസ്സപ്പെട്ട വൈദ്യുതിവിതരണം പനസ്ഥാപിക്കുന്നതിന് ദിവസങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥാവിശേഷം ഉണ്ടാകാറുണ്ട്. കാർഷിക വ്യാവസായിക കുടിവെള്ള വിതരണ മേഖലകളെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ഈ ദുരവസ്ഥക്ക് ഒരു താൽക്കലികപരിഹാരം എന്ന നിലയിൽ വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് ഒരു പുതിയ ഫീഡർ ലൈൻ നിർമ്മിക്കേണ്ടതാണ്. ഇവിടത്തെ വൈദ്യുത ശൃംഖലയിൽ പ്രവർത്തനക്ഷമമായ 38 ട്രാൻസ്ഫോർമറുകൾ ഉപയോഗിച്ച് 38.69KM ദൈർഘ്യം വരുന്ന LTലൈൻ (Low Tension -Line) മുഖാന്തിരം കാർഷിക, ഗാർഹിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി ഈ പ്രദേശത്ത് വിതരണം ചെയ്തുവരുന്നു.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. വൈദ്യുതിവിതരണ ശൃംഖലയിൽ കാലാ കാലങ്ങളിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്താത്തതുമൂലം വൈദ്യുതിവിതരണ മേഖലകളിലേക്ക് എത്തുന്നതിന് മുമ്പ് തന്നെ ഊർജ്ജ മൂല്യശോഷണം (Loss in Transmission) സംഭവിച്ചുകൊണ്ടിരിക്കുന്നു.

2. ഈ പ്രദേശത്ത് വർദ്ധിച്ചുവരുന്ന വൈദ്യുതിയുടെ ഉപഭോഗം കണക്കിലെടുത്ത് വിതരണ ശൃംഖല കുറ്റമറ്റതും കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഈ മേഖലയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്.

3. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സ് (അനെർട്ട്) ഉപയോഗിച്ചുള്ള യാതൊരു വിധ പദ്ധതികളും നാളിതുവരെ ഈ പ്രദേശത്തേക്ക് കടന്നുവന്നിട്ടില്ലെന്നുള്ള നഗ്ന സത്യം ഇവിടെ എടുത്തുപറയാതിരിക്കാൻ നിർവ്വാഹമില്ല. ഭാരതമെമ്പാടും ഊർജ്ജപ്രതിസന്ധിയെ നേരിടുന്നതിന് അനെർട്ട് കാഴ്ചവെച്ച സംഭാവന സ്തുത്യർഹമാണ്. അനെർട്ടിന്റെ പ്രവർത്ത നങ്ങൾ ഈ പ്രദേശത്തേക്ക് വ്യാപിപ്പിച്ച് ഊർജ്ജ പ്രതിസന്ധിക്കുള്ള പരിഹാരമാർഗ്ഗ ങ്ങൾ ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

4. ഇന്ന് നിത്യജീവിതത്തിന്റെ അവിഭാജ്യഘടകമായ ഗാർഹികാവശ്യത്തിനുതുകന്ന LP Gas (Liquid Petrolium Gas) സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള ഒരു ഏജൻസി ഈ പഞ്ചായത്തിൽ അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എല്ലാഭാഗങ്ങളിലും വൈദ്യുതി എത്തിക്കുകയും തെരുവ്വിളക്ക് കത്തിക്കുന്നതിനാവശ്യമായ നടപടികളെടുക്കുകയും ചെയ്യുക.



# പാർപ്പിടം

കാലംചെല്ലുന്തോറും പാർപ്പിട പ്രശ്നം ഈ പ്രദേശത്ത് കൂടുതൽ രൂക്ഷമായികൊണ്ടിരിക്കുന്നു. പ്രാഥമിക അടിസ്ഥാന സൗകര്യങ്ങളോളുകൂടിയ ഭവനങ്ങളാണ് ഈ പഞ്ചായത്തിൽ കൂടുതലായും നിലവിലുള്ളത്. കുടുംബങ്ങൾ വളരുകയും അംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പാർപ്പിടങ്ങളും പാർപ്പിട സൗകര്യങ്ങളും ആരാഞ്ഞ് കണ്ടെത്തിപിടിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്.

തരിശു ഭൂമികളോ .വൻകിടഭൂവടമകളോ ഇല്ലാത്തതുകൊണ്ട് പ്ലോട്ടുകൾ തിരിച്ച് പുരയിടങ്ങൾ ലഭ്യമാക്കുന്നതിന് ഉള്ള സാദ്ധ്യതകൾ തികച്ചും വിരളമാണ്. ഇതിന് ഒരു പരിഹാരമെന്നോണം കാലാന്തരേണ ഈ പ്രദേശത്ത് ഫ്ലാറ്റ് സമ്പ്രദായത്തെ അവലംബിക്കേണ്ടിവരുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു? പാടശേഖരങ്ങളോടനുബന്ധിച്ച് കിടക്കുന്ന സമീപ പ്രദേശങ്ങൾ നികത്തിയെടുക്കാതെ പാർപ്പിട പ്രശ്നത്തിന് ഒരു പരിഹാര മാർഗ്ഗം കണ്ടെത്തി പിടിക്കാൻ സാദ്ധ്യമല്ല.

നിലവിലുള്ള പല പാർപ്പിടങ്ങളിലും അടിസ്ഥാനപ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനങ്ങൾ ഇന്ന് നിലവിലില്ല. പ്രസ്തുത സൗകര്യങ്ങൾ നിലവിലില്ലാത്ത ഭവനങ്ങൾക്ക് പ്രാഥമിക അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കേണ്ടത് അനിവാര്യമാണ്. പാർപ്പിടങ്ങളിലെയും പാർപ്പിട പരിസരങ്ങളിലേയും ശുചിത്വപരിപാലനം ആരോഗ്യ സംരക്ഷണത്തിന് അത്യന്താപേക്ഷിതഘടകമാണ്. ശുചിത്വപരിപാലനത്തിൽ നിഷ്ക്കർഷ പാലിക്കേണ്ടതാണ്. പാർപ്പിട പ്രദേശങ്ങളിൽ ഓടകളും അഴുക്കുചാലുകളും നിർമ്മിച്ച് മലിനജലം ഒഴുക്കി കളയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ദുർബ്ബല വിഭാഗത്തിൽപ്പെട്ട അവശത അനുഭവിക്കുന്ന ജന വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് വേണ്ട സഹായം നൽകുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.



# സാമൂഹ്യക്ഷേമം.

ഒരു കാർഷികമേഖലയായ ഈ പ്രദേശത്ത് ബഹുഭൂരിപക്ഷം ആളുകളും കാർഷിക മേഖലകളിലും മറ്റു അനുബന്ധമേഖകളിലും തൊഴിലിലെടുത്ത് ജീവിച്ചുവരുന്നു. മറ്റൊരു നല്ല വിഭാഗം കെട്ടിട നിർമ്മാണതൊഴിലാളികളുമാണ്. ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ വ്യാവസായിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം തുലോം കുറവാണ്. തൊഴിലാളികൾക്ക് തൊഴിൽ ദായകരിൽനിന്നും സർക്കാർ തലത്തിൽ നിന്നും ലഭ്യമാക്കേണ്ട പല ആനുകൂല്യങ്ങളും ഈ മേഖലയിൽ ലഭ്യമാകുന്നില്ല. എന്ന വസ്തുത എടുത്തുപറയേണ്ടിയിരിക്കുന്നു.

കർഷക തൊഴിലാളിപെൻഷൻ വിതരണത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി പിടിക്കുന്നതിൽ ഉണ്ടായ പാളിച്ചകളുടെ പരിണിത ഫലമായി പെൻഷൻ ലഭിക്കാതെയും അനർഹമായവർക്ക് ലഭിച്ചുവരുന്നതുമായ ഒരു ദുർഘതി ഇന്ന് നിലവിലുണ്ട്.

വിധവാ പെൻഷൻ വികലാംഗപെൻഷൻ എന്നിവയുടെ വിതരണത്തിൽ പല അപാകതകളും കടന്നു കൂടിയിട്ടുള്ളതായി കാണുന്നു.

വാർദ്ധക്യ കാലപെൻഷൻ വിതരണത്തിൽ അർഹതയുള്ളവരെ തിരഞ്ഞെടുക്കുമ്പോൾ അവരുടെ ആരോഗ്യസ്ഥിതി തിട്ടപ്പെടുത്തുന്നത് വൈദ്യശാസ്ത്രമായി പുലബന്ധം പോലുമില്ലാത്ത റവന്യുവകുപ്പ് ഉദ്യോഗസ്ഥന്മാരാണ്. ഇതുമൂലം ഇവിടെയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്.

കർഷകതൊഴിലാളികൾക്കും, കെട്ടിടനിർമ്മാണ തൊഴിലാളികൾക്കും ക്ഷേമനിധി സമ്പ്രദായം നിലവിലുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ശുഷ്കവും വികലവുമാണ്.

സാമൂഹ്യ ക്ഷേമപ്രവർത്തനരംഗത്ത് മഹിളാസമാജങ്ങൾക്കും സംഘടനകൾക്കും അർഹമായ അംഗീകരാമോ ആനുകൂല്യമോ ലഭിക്കുന്നില്ല.

സാമ്പത്തികമായ പരാധീനതകൾ മൂലം മഹിളാസമാജങ്ങൾ മുൻകൈഎടുത്ത് നടത്തിവരുന്ന നഴ്സറി സ്കൂളുകളുടെ പ്രവർത്തനം ഇന്ന് തീർത്തും ശോചനീയാവസ്ഥയിലാണ്.

സാമൂഹ്യ രംഗത്ത് സാമ്പദ്യശീലം വളർത്തിയെടുക്കുന്നതിന് മഹിളാസമാജങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും കാര്യമായ ഒരു പങ്ക് നിർവ്വഹിക്കുന്നതിന് കഴിയും.

നമ്മുടെ കലാകായിരംഗങ്ങൾ വേണ്ടത്ര പ്രോത്സാഹിപ്പിക്കുന്നതിനോ കലാകായിക പ്രതിഭകളെ വളർത്തിഎടുക്കുന്നതിനോ ഉള്ള സംരംഭങ്ങളോ, സംവിധാനങ്ങളോ ഇല്ല. നല്ല രീതിയിലുള്ള ഒരു കളിസ്ഥലത്തിന്റെ (മിനിസ്റ്റേഡിയം)യും ഓഡിറ്റോറിയത്തിന്റെയും പോരായ്മ

എടുത്തുപറയേണ്ടിയിരിക്കുന്നു.

കുട്ടികളിൽ സാമൂഹ്യബോധം വളർത്തുന്നതിനും ഒന്നിച്ചിട പഴകുന്നതിനും ഉതകത്തക്ക വിധത്തിലുള്ള ചിൽഡ്രൻസ് പാർക്കുകളോ മറ്റു സംവിധാനങ്ങളോ നിലവിലില്ല.

ആരോഗ്യപരിപാലനത്തിന്റെ അവിഭാജ്യഘടകമായ ശുദ്ധജലവിതരണ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. പ്രതിരോധകുത്തിവെപ്പുകളെകുറിച്ചോ അതിന്റെ ആവശ്യകതയെകുറിച്ചോ ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള ബോധവൽക്കരണ ക്യാമ്പുകളോ സെമിനാറുകളോ സംഘടിപ്പിക്കാറില്ല.

സ്വയംതൊഴിൽ ലഭ്യതയ്ക്ക് വളരെയേറെ സാദ്ധ്യതകളുള്ള കുടിൽവ്യവസായ മേഖലയും ചെറുകിട വ്യവസായ മേഖലയും തൃപ്തികരമായ ഉയർന്നു വന്നിട്ടില്ല.

ധാർമ്മിക മൂല്യശോഷണത്തിനും മദ്യത്തിനും മയക്കുമരുന്നിന്നും എതിരായ ബോധവൽക്കരണ ക്യാമ്പുകളോ സെമിനാറുകളോ സംഘടിപ്പിക്കാറില്ല. ശുചിത്വപരിപാലനത്തിൽ വേണ്ടത്ര ശുഷ്കാന്തി പ്രകടിപ്പിക്കുന്നില്ല.

ആതുരസേവനരംഗത്തും ചികിത്സാരംഗത്തും ആവശ്യമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല.

വിദ്യാഭ്യാസപരമായി വളരെ പിന്നിലല്ലെങ്കിലും ഈ മേഖലയിൽ ഉന്നത നിലവാരം പുലർത്തുന്നതിന്നാവശ്യമായതും തൊഴിലധിഷ്ടിതവുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല.

ശിശുക്ഷേമ പരിപാടികൾ ഒന്നുംതന്നെ വിജയകരമായി നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ശിശുക്ഷേമ പദ്ധതികളോടനുബന്ധിച്ച് ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരവിതരണ പദ്ധതി പ്രവർത്തിച്ചുവരുന്നില്ല.

സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണം മുൻനിർത്തി സ്കൂളുകളിൽ നടത്തിവരുന്ന ആരോഗ്യ പരിശോധന ക്യാമ്പുകൾ കാര്യക്ഷമമല്ല.

നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. കർഷകതൊഴിലാളി പെൻഷൻ, വിധവാപെൻഷൻ വാർദ്ധക്യപെൻഷൻ, അഗതിപെൻഷൻ, വികലാംഗപെൻഷൻ എന്നിവയുടെ വിതരണ സമ്പ്രദായത്തിൽ നിലനിൽക്കുന്ന അവ്യക്തതയും പാളിച്ചകളും തീർത്ത് യഥാസമയങ്ങളിൽ വിതരണം ചെയ്യുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുകയും പുതിയതായി ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് വ്യക്തത ഉറപ്പുവരുത്തുകയും ചെയ്യുക.
2. തൊഴിലാളിക്ഷേമ നിധി ബോർഡ് പുനസംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.
3. മഹിളാസമാജങ്ങൾക്കും ബാലവാടികൾക്കും സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുകയും പഠനോപകരണങ്ങളും മറ്റു വാങ്ങുന്നതിന്ന് സാമ്പത്തിക സഹായം നൽകി അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.

4. കലാകായിക പ്രതിഭകളെ കണ്ടെത്തി പിടിച്ച് ആവശ്യമായ പരിശീലനം നൽകുന്നതിനും അവരെ ആദരിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മിനിസ്റ്റേഡിയം ഓഡിറ്റോറിയം എന്നിവ സ്ഥാപിക്കേണ്ടതുമാണ്. പഞ്ചായത്ത് തലത്തിൽ നിർമ്മിച്ചിട്ടുള്ള സാംസ്കാരിക നിലയത്തിൽ നല്ല നിലവാരം പുലർത്തുന്ന ഒരു വായനശാലയും ലൈബ്രറിയും തുടങ്ങുകയും അവിടെ ഒരു ടെലിവിഷൻ പ്രവർത്തിപ്പിക്കേണ്ടതും ഇതിലേക്കാവശ്യമായി ഒരു മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കേണ്ടതുമാണ്.

5. ഈ പഞ്ചായത്തിൽ ഒരു ചിൽഡ്രൻസ് പാർക്കും അതിനോടനുബന്ധിച്ച് കുട്ടികൾക്കുള്ള ഒരു ലൈബ്രറിയും സ്ഥാപിക്കേണ്ടതാണ്.

6. ഒരു പ്രഹസനമെന്ന രീതിയിൽ സ്കൂളുകളിൽ നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ ആരോഗ്യപരിശോധനാരീതിയിൽ മാറ്റം വരുത്തി പരിശോധന ക്യാമ്പുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

7. പഞ്ചായത്തിൽ പൈപ്പ് ലൈനുകളിലൂടെ ഇപ്പോൾ വിതരണം നടത്തികൊണ്ടിരിക്കുന്ന ഗുണനിലവാരം ഇല്ലാത്ത ജലവിതരണ രീതി മാറ്റി ശുദ്ധജല വിതരണത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

8. തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് വ്യവസായസംരഭകർക്ക് അവർക്ക് വിജയകരമായി നടത്തികൊണ്ടുപോകുന്നതിന്നുതകുന്ന രീതിയിലുള്ള വ്യവസയസംരഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ഉദാര വ്യവസ്ഥയിൽ ലഭ്യമാക്കേണ്ടതാണ്. തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിന് കൂടുതൽ പേർക്ക് ട്രൈസം പദ്ധതി പ്രകാരം സാങ്കേതിക പരിശിലനം നൽകുക.

9. ശുചിത്വ പരിപാലനം മാതൃ ശിശുസംരക്ഷണം, എന്നി വിഷയങ്ങളിലും, മദ്യം, മയക്കുമരുന്ന്, എന്നിവ സമൂഹത്തിൽ സൃഷ്ടിക്കുന്ന വിപത്തിനെകുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് ദൃശ്യശ്രാവ്യമാദ്ധ്യമങ്ങളുടെ സഹായത്തോടുകൂടി ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കണ്ടേതാണ്



# സംസ്കാരം

ലോകമാനവ സംസ്കൃതിയുടെ വളർച്ച ചരിത്രത്തിന്റെ ഏടുകളിലൂടെ പരിശോധിച്ചാൽ ചരിത്രാന്വേഷകരുടെ ഭാഷയിൽ ശിലായുഗ, വെങ്കലയുഗ, അയോ യുഗ സംസ്ക്കാരങ്ങൾ എന്നിങ്ങനെ മൂന്ന് കാലഘട്ടങ്ങളായി വേർതിരിച്ച് പ്രതിപാദിച്ചിരിക്കുന്നതായി കാണുവാൻ സാധിക്കും. സംസ്കാരിക പഴമയിൽ ഈജിപ്ഷ്യൻ, (നൈൽനദീതടസംസ്കാരം) മെസപ്പെട്ടോമിയൻ (യൂഫ്രട്ടീസ്, ടൈഗ്രീസ് നദീ തടസംസ്ക്കാരം), ഹാരപ്പൻ മോഹൻജദാരോ (സിന്ധുനദീതടസംസ്ക്കാരം) എന്നിവയാണ് ഏറ്റം മികവുറ്റവയെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഉത്കനനങ്ങളിലൂടെ ലഭിച്ച ഫോസിലുകളിലൂടെ കാർബണിക പരിശോധന നടത്തി കാലഘണ്ണനാ നിർണ്ണയത്തിലൂടെ മൺമറഞ്ഞ സാംസ്കാരിക മണ്ഡലങ്ങളെപ്പറ്റിയുള്ള അറിവ് നവജനതയുടെ അറിവിലേക്കായി ഉപയോഗിപ്പെടുത്തുവാൻ ഇന്ത്യൻ ആർക്കിയോളജി (പുരാവസ്തു) വിഭാഗത്തിന്റെ സംഭാവന സ്തുത്യർഹമാണ്. നമ്മുടെ ചിറയ്ക്കൽ ഗുഹയും, പോർക്കുളം കുന്നിൻചെരുവുകളിൽപ്പെട്ട വേദേക്കാട് ഉൾപ്പെടുന്ന പ്രദേശവും (പുരാവസ്തു) ഈ വിഭാഗത്തിന്റെ പരിഗണനയിൽ വന്നിട്ടുണ്ടെന്ന കാര്യം ചരിത്രകാരന്മാർ മുഖാന്തിരം നമുക്ക് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ തനതായ പൊയ്പ്പോയ സംസ്ക്കാരിക ചരിത്രത്തെപ്പറ്റി 'സംഘം' കൃതികളായ പതിറ്റുപ്പത്ത്, അകനാനൂറ്, പുറനാനൂറ്, തൊൽക്കാപ്പിയം മുതലായവയിൽ നിന്നും മാത്രമെ അൽപ്പമെങ്കിലും ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. കുറിഞ്ഞി, പാല, മുല്ല, മരുതം, നെയ്തൽ" എന്നിങ്ങനെയുള്ള അഞ്ച് തിണകളിൽ ആയി വസിച്ചിരുന്ന ജനതയുടെ ജീവിത ചര്യകൾ അടങ്ങുന്നവയാണ് ഇവ. ചരിത്രകാരന്മാർക്കിടയിൽ പല അന്തരങ്ങളുണ്ടെങ്കിലും ദക്ഷിണേന്ത്യൻ ജനതയുടെ പൂർണ്ണമായ സാംസ്ക്കാരിക ചരിത്രവും, കേരള ജനതയുടെ തനതായ സംസ്ക്കാരവും ഇതിൽ നിഴലിച്ചിരിക്കുന്നതായി കാണുവാൻ സാധിക്കും.

പൈതൃകമായി കാർഷികാധിഷ്ഠിതസംസ്ക്കാരമാണ് ഈ പ്രദേശത്ത് നിലനിന്നിരുന്നത് എന്ന് നമുക്ക് കാണുവാൻ സാധിക്കും. മുൻകാലത്ത് കൊച്ചി രാജ ഭരണത്തിൽ കീഴിൽ ഭൂ പ്രഭുക്കന്മാരുടെയും നാടുവാഴികളുടെയും അധീശത്വത്തിൽ കീഴിലായിരുന്നു. ഈ പ്രദേശം ചുറ്റുപാടുമുള്ള ജലാശയങ്ങൾ കൃഷിയേയും കാർഷികവൃത്തിയേയും പര്യാപ്തമാക്കിയിരുന്നു.

ഹിന്ദു, മുസ്ലീം, ക്രൈസ്തവ മത മൈത്രിയുടെ ഒരു സംഗമസ്ഥാനമാണ് ഈ പ്രദേശം. നാടുവാഴി ദുഷ്പ്രഭുത്വത്തിന്നെതിരെ കാർഷികജനതതിയുടെ രോഷപ്രകടനത്തിന്റെ പ്രതീകമാണ് സ്വാതന്ത്ര്യസമരകാലത്ത് രൂപംകൊണ്ട് ഖിലാഫത്ത് പ്രസ്ഥാനം. ഇതിനെ വർഗ്ഗീയ വൽക്കരിക്കുന്നതിന് ശ്രമിച്ചിരുന്ന കാലഘട്ടത്തിൽ പോലും മത മൈത്രിയുടെ ദീപം അണയാതെ കാത്തുസൂക്ഷിക്കുവാൻ ഈ പ്രദേശത്തെ ജനങ്ങൾ പ്രതിജ്ഞാബദ്ധരായിരുന്നു എന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.

വൈദേശീക ആധിപത്യത്തിന്റെ ആവീർഭാവത്തോടുകൂടി വിവിധ, ക്രൈസ്തവ മാനേജുമെന്റുകളുടെ അധീനതയിൽ പള്ളിക്കൂടങ്ങൾ നിലവിൽ വരികയും വിദ്യാഭ്യാസ മേഖല പരിപോഷിപ്പിക്കപ്പെടുകയും ചെയ്തു. തദ്വാര അയൽപ്രദേശങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസരംഗത്ത് ഉന്നത നിലവാരം പുലർത്തുവാനും പ്രഗത്ഭരായ ഉന്നത ബിരുദ ധാരികളെ പ്രദാനം ചെയ്യുവാനും ഈ മേഖലയിലെ ജാതി മത വർഗ്ഗ ഭേദമെന്യേ സാദ്ധ്യമായി.

പൗരാണികകലാരൂപങ്ങളും വായ്മൊഴിയായി ലഭിച്ച കൊയ്ത്തുപാട്ട് മുതലായവയ്ക്കും മുൻകാലങ്ങളിൽ ഇന്നാട്ടിൽ വളരെയധികം പ്രചുരപ്രചാരം സിദ്ധിച്ചിരുന്നു. ഇവയിൽ പലതും തന്നെ അന്യം നിന്ന അവസ്ഥയാണ് ഇന്നുള്ളത്. കേരളതനിമയുടെ പ്രതീകമായ കഥകളില നാശത്തിന്റെ പാടുകുഴിയിൽ നിന്നും കരകയറ്റി പിടിച്ചു ലോകശ്രദ്ധ പിടിച്ചു പറ്റുമാറ്റ് കൈപിടിച്ച് ഉയർത്തുന്നതിന് മലയാളികളുടെ പ്രിയങ്കരനായ മഹാകവി വള്ളത്തോൾ നൽകിയ നിസ്ഥൂല സേവനങ്ങൾ അവിസ്മരണീയമാണ്.

വയലേലകളിലും വ്യവസായശാലകളിലും മറ്റും നിത്യവൃത്തിക്കായി കഠിനാദ്ധ്വാനം ചെയ്ത് ജീവസന്താനം ചെയ്തു വരുന്നവരുടെ ഇടയിൽ നിന്നും കലാകായികപ്രതിഭകളെ കണ്ടെത്തിപിടിക്കുക എന്ന ലഭ്യമിട്ട് പഞ്ചായത്ത് തലങ്ങളിൽ നടത്തിവരുന്ന കേരളോത്സവം പരിപാടികൾക്ക് ഒരു പരിധിവരെ കലാകായിക പ്രതിഭകളെ കണ്ടെത്തി പിടിച്ച് പ്രോത്സാഹിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന കാര്യം മുൻകാലങ്ങളിൽ നടന്ന മേളകളിൽ ഈ പ്രദേശത്തുനിന്നും പങ്കെടുത്ത പ്രതിഭകൾക്ക് ലഭിച്ച അംഗീകാരം സാക്ഷ്യപ്പെടുത്തുന്നു.

ഗുണനിലവാരതകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസ മേഖലയെ ഒരു പരിധിവരെ പരിപോഷിപ്പിക്കുവാൻ സ്കൂൾ ലൈബ്രറികൾക്കും വായന ശാലകൾക്കും അതിന്റേതായ പങ്കുവഹിക്കാൻ കഴിയും. ദൃശ്യമാദ്ധ്യമങ്ങളുടെ വളർച്ചയോടുകൂടി ജനങ്ങളിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന വായനാശീലം പുനരുജ്ജീവിപ്പിക്കേണ്ട ചുമതല ലൈബ്രറികളും വായനശാലകളും എറ്റെടുക്കേണ്ടതും ഇവയുടെ വളർച്ചക്കാവശ്യമായ വിഭവങ്ങൾ നിർലോഭം ലഭ്യമാക്കേണ്ടതാണ്.

തലമുറതലമുറയായി കൈമാറിവന്ന മതേതരത്വമെന്ന മഹാശയത്തിന്റെ തനതായ അന്തസത്ത കാത്ത് സൂക്ഷിക്കുന്നതിനുള്ള ബാദ്ധ്യത ഓരോ ഭാരതീയമനസ്സിലും അർപ്പിതമാണ്.



52

# വനിതാക്ഷേമം

ആഗോളവ്യാപകമായി സാമൂഹ്യക്ഷേമപ്രവർത്തനരംഗത്തും ആതുരസേവനരംഗത്തും വനിതകൾ നടത്തിവരുന്ന പുരോഗമനപരമായ പ്രവർത്തനങ്ങളുടെ ചുവട് പിടിച്ചുകൊണ്ട് ഭാരതത്തിലും, തദ്വാരാ കേരളത്തിലും രൂപീകൃതമായ സാമൂഹ്യക്ഷേമപ്രവർത്തന സംഘടനകൾ തനതായ സംഭാവനകൾ നൽകി വരുന്ന ഒരു കാലഘട്ടമാണ് ഇത്. ഗ്രാമപ്രദേശങ്ങളിൽ ജനങ്ങളുടെ ഇടയിൽ സാമൂഹ്യക്ഷേമപ്രവർത്തനവും, ബോധവൽക്കരണവും നടത്തുന്നതിന് സ്ത്രീകളുടെ പങ്കിനെ ഊന്നൽ നൽകി അവരുടെ രാഷ്ട്രപുനർനിർമ്മാണപ്രക്രിയയുടെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് ആവശ്യമായ നിയമനിർമ്മാണ നടപടികൾ പഞ്ചായത്ത് രാജ് സംവിധാനത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ഈ പഞ്ചായത്തിൽ നിലവിലുള്ള ജനസംഖ്യയുടെ 15.13% സ്ത്രീകളാണ്. വിദ്യാഭ്യാസ സാമൂഹ്യരംഗത്ത് സ്ത്രീകൾ പുരുഷന്മാരോടൊപ്പം നിൽക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. എന്നാൽ കലാകായികരംഗങ്ങളിൽ മേൽപറഞ്ഞ പ്രസ്താവനക്ക് വിപരീതമായി സ്ത്രീകൾ ബഹുദൂരം പിന്നിലാണ്. നിരക്ഷരരായ ആരും തന്നെയില്ല എന്ന് പറയാവുന്ന അവസ്ഥയാണ് ഇന്നുള്ളത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗങ്ങളിൽ പുരുഷൻമാരുടെ ഒപ്പം നിൽക്കുവാൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. കാർഷികമേഖലയിൽ ആധിപത്യം സ്ഥാപിക്കുന്നതിനോ, വ്യാവസായികമേഖല പിടിച്ചടക്കുന്നതിനോ സ്ത്രീകൾ ആരും തന്നെ മുന്നോട്ട് വരാത്ത സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. മദ്യത്തിനും, മയക്കുമരുന്നിനും, സാമൂഹ്യ അനീതിക്കും എതിരെ ബോധവൽക്കരണം നടത്താൻ കഴിവും പ്രാപ്തിയുമുള്ള സ്ത്രീസമൂഹം ഈ രംഗത്ത് വേണ്ടത്ര ശുഷ്കാന്തിയോടു കൂടി ഉണർന്നു പ്രവർത്തിക്കുന്നില്ല. അണു കുടുംബ വ്യവസ്ഥിതി നിലവിൽ വന്ന ഈ കാലഘട്ടിത്തിൽ ജീവസ്സന്താരണത്തിനുള്ള പരക്കം പാച്ചിലിനിടയിൽ പലരും തങ്ങളുടെ കർമ്മമണ്ഡലങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്വങ്ങളിൽ നിന്നും വ്യതിചലിച്ചുപോകുന്നില്ലേ? കുട്ടികളുടെ വളർച്ചയിലും, വിദ്യാഭ്യാസത്തിലും അമ്മമാർ പുലർത്തേണ്ട ചര്യകൾ നിഷ്കർഷയോടുകൂടി പാലിക്കപ്പെടാത്തതുകൊണ്ട് വളരുന്ന തലമുറയുടെ കുടുംബബന്ധങ്ങളിൽ (Parent and Children Relationship) ഉലച്ചിൽ തട്ടുന്ന ഒരു അവസ്ഥാന്തരം ഇന്ന് സംജാതമായികൊണ്ടിരിക്കുന്നു.

## സാധ്യതകളും നിർദ്ദേശങ്ങളും

തൊഴിലവസര രംഗങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രയോജനം പരമാവധി ലഭ്യമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.D.W.C.R.A. തുടങ്ങിയ പദ്ധതികൾ മുഖേന സ്ത്രീകൾക്ക് കൂട്ടായി സർക്കാരിന്റെയും, ധനകാര്യസ്ഥാപനങ്ങളുടെയും സഹായത്തോടെ തൊഴിൽസംരംഭങ്ങൾ തുടങ്ങാവുന്നതാണ്. ഇത്തരത്തിലുള്ള രണ്ട് സംരംഭങ്ങൾ ഈ പഞ്ചായത്തിൽ വിജയകരമായി പ്രവർത്തിച്ചുവരുന്നുണ്ട്. അഗതികളും, അശരണരും, ആലംബഹീനരുമായവരെ സഹായിക്കുവാൻ നടപ്പിലാക്കികൊണ്ടിരിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ അർഹരായവർക്ക് ലഭ്യമാക്കുന്നതിന് മുൻകൈ എടുത്ത് പ്രവർത്തിക്കേണ്ടതാണ്. പരിസര ശുചീകരണം, ആരോഗ്യപരിപാലനം എന്നീ കാര്യങ്ങളിൽ സ്ത്രീകൾ കൂടുതൽ നിഷ്കർഷ പാലിക്കേണ്ടതുണ്ട്. അവരുടെ വീടുകളിൽ അടുക്കളത്തോട്ടങ്ങൾ നിർമ്മിച്ചും, കോഴിവളർത്തൽ, ആടുവളർത്തൽ എന്നീ ഉപതൊഴിലുകളിൽ ഏർപ്പെട്ടും കുടുംബവരുമാനം വർദ്ധിപ്പിച്ച് ഈ മേഖലയുടെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കേണ്ടതാണ്. സ്ത്രീകൾക്ക് 30% ജോലിസംവരണം ഏർപ്പെടുത്തേണ്ടതാണ്.



# പട്ടികജാതി/പട്ടികവർഗ്ഗ വികസനം

ഈ മേഖലയിലെ ജനസംഖ്യയുടെ 15ശതമാനം പട്ടികജാതിയിൽപ്പെട്ടവരാണ്. കൊച്ചി സംസ്ഥാനം നിലവിലുള്ളപ്പോൾ തന്നെ സ്ഥാപിതമായ ഒരു കോളനിയാണ് ചിറയ്ക്കൽ കണക്കകോളനി. അക്കാലത്ത് തന്നെ ദീർഘവീക്ഷണത്തോടുകൂടി രൂപ കൽപ്പന ചെയ്ത കോളനിക്കുള്ളിലെ റോഡുകൾ ആസൂത്രണമേഖലയിലെ തന്നെ എടുത്തപറയാവുന്ന ഒരു നാഴികകല്ലാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി അംഗീകൃതകോളനിക്ക് പുറമെ പത്തോളം സെറ്റിൽമെന്റ് കോളനികളും നിലവിലുണ്ട്. പട്ടികവർഗ്ഗത്തിൽപെട്ട കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

## പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങളുടെ വിവരം

| വാർഡ് നമ്പർ | കുടുംബ ങ്ങളുടെ എണ്ണം | പ്രായപൂർത്തിയായവർ | | വിദ്യാഭ്യാസ യോഗ്യത | | ഗവ:ജോലി ക്കാർ | മറ്റു തൊഴിലുകൾ |
|---|---|---|---|---|---|---|---|
| | | പു | സ്ത്രീ | SSLC തോറ്റ വർ | SSLCക്ക് മീതെ | | |
| I | 134 | 305 | 335 | 71 | 76 | 12 | 347 |
| II | 40 | 146 | 167 | 13 | 14 | 8 | 136 |
| III | 34 | 132 | 143 | 17 | 9 | 7 | 123 |
| IV | 69 | 203 | 208 | 22 | 42 | 31 | 127 |
| V | 105 | 225 | 248 | 205 | 100 | 20 | 301 |
| VI | 26 | 97 | 123 | 24 | 27 | 6 | 72 |
| VII | 75 | 206 | 203 | 11 | 15 | 9 | 186 |
| VIII | 38 | 132 | 144 | 10 | 12 | 6 | 105 |
| IX | 62 | 148 | 152 | 5 | 26 | 9 | 109 |
| X | 41 | 164 | 121 | 4 | 27 | 11 | 82 |
| XI | 39 | 141 | 159 | 8 | 28 | 5 | 108 |
| ആകെ | 663 | 1899 | 2003 | 390 | 376 | 124 | 1696 |

മൂന്ന് ദശാബ്ദങ്ങൾക്ക് മുൻപ് ബഹുഭൂരിപക്ഷം കുടുംബങ്ങളും കാർഷിക വൃത്തിയിലൂടെയും പരമ്പരാഗതകൈത്തൊഴിലൂടേയുമാണ് നിത്യനിദാന ചിലവുകൾക്കുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയിരുന്നത്. ചെറ്റകുടിലുകളിൽ അന്തിയുറങ്ങുകയും ഉടുതുണിക്ക് മറുതുണിയില്ലാതെ മണ്ണിനോട് പടപൊരുതി ജീവ സന്ധാരണം നടത്തി വന്നിരുന്ന കാലഘട്ടങ്ങളിൽപോലും തങ്ങളുടെ കുട്ടികളെ വിദ്യാലയങ്ങളിലേക്ക് അയച്ചു അറിവിന്റെ വെളിച്ചം അവരുടെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റിയതിന്റെ ഫലമായി അന്ധവിശ്വാസ ജഡിലമായ ജീവിതത്തിന്റെ മുഖച്ഛായതന്നെ പടിപടിയായി മാറ്റിയെടുക്കുന്നതിന് കഴിഞ്ഞു എന്നത് മുൻതലമുറയുടെ അഭിമാനാർഹമായ നേട്ടം തന്നെയാണ്. മിക്ക കുടുംബങ്ങൾക്കും പത്ത് സെന്റിൽ താഴെ ഭൂമി മാത്രമാണ് സ്വന്തമായിട്ടുള്ളത്. എങ്കിലും അപൂർവ്വം ചില ഭൂവുടമകളും ഇല്ലാതില്ല. വിദ്യാഭ്യാസ പരമായി ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഇന്ത്യൻ ഭരണഘടന ശിൽപിയായ Dr. ബി.ആർ. അംബേദ്കർ ഭരണഘടനയിൽ വിഭാവനം ചെയ്ത സംവരണാനുകൂല്യത്തിന്റെ ഫലമായി ലഭിച്ച ജോലിയിൽ നിന്നുള്ള വരുമാനത്തിലൂടെ ജീവിതനിലവാരം പടിപടിയായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ പദ്ധതി പ്രകാരം ലഭിച്ച ആനുകൂല്യങ്ങൾ ഉപയോഗിച്ചും അല്ലാതേയും ചെറ്റകുടിലുകൾക്ക് പകരം ശുചിത്വമുള്ള ബഹുഭൂരിപക്ഷം ഓടിട്ട വീടുകളും അപൂർവ്വ ചില വാർപ്പുകെട്ടിടങ്ങളും നിലവിൽവന്നു കഴിഞ്ഞു. എന്നിരുന്നാലും ഇവയിൽ പലതും തന്നെ സ്ഥലപരിമിതികൾ ഉള്ളവയാണ്. ബഹുഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചതും പ്രാഥമിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയവയുമാണ്. കുടിവെള്ളക്ഷാമമാണ് ഇന്നു നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം.

സാമൂഹ്യപരമായി എല്ലാ ജനവിഭാഗങ്ങളിൽപ്പെട്ടവരും ജാതി മതവർഗ്ഗഭേദമെന്യേ ഉച്ചനീചത്വങ്ങൾക്കതീതമായി ജീവിതത്തിന്റെ പൊതുധാരയിൽ സഹവർത്തിത്വത്തോടുകൂടി മുന്നേറികൊണ്ടിരിക്കുന്ന കാഴ്ച നമുക്ക് കാണുവാൻ കഴിയും.

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ആചാരാനുഷ്ടാനുങ്ങളിൽ അന്ധവിശ്വാസം ഇന്നും ഒരു പരിധിവരെ നിലനിൽക്കുന്നതായി കണ്ടുവരുന്നു. ഇവരിൽ ചിലരുടെ പൂജാതി കർമ്മങ്ങൾക്ക് മദ്യം അനിവാര്യഘടകമാണെന്ന് അവർ വിശ്വസിച്ചുവരുന്നു. മേൽപറഞ്ഞ അനുഷ്ഠാനങ്ങളുടെ അധാർമ്മിക ചിന്താഗതി വെച്ചുപുലർത്തി യാഥാസ്ഥിത മനസ്തരായ ഒരു വിഭാഗത്തിന്റെ പ്രേരണാശക്തിയുടെ ഫലമായി മദ്യാസക്തി വർദ്ധിച്ചുവരുന്നതായി കാണുന്നു ചാരായ നിരോധനം നടപ്പാക്കൽ വഴി ഏർപ്പെടുത്തിയ നിരോധനത്തിന്റെ മറപിടിച്ചുകൊണ്ട് വ്യാജമദ്യവിൽപ്പന ലോബികളാണ് ഇവരെ ചൂഷണം ചെയ്തു കൊണ്ടിരിക്കുന്നത് മറ്റിതര വിഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ച് കൊള്ളലാഭം കൊയ്തു കൊണ്ടിരിക്കുന്ന പ്രക്രിയക്കെതിരായി ശക്തമായ നിയമനനടപടികൾ മുഖേന ഇത്തരം

സാമൂഹ്യദ്രോഹികളുടെ അഴിഞ്ഞാട്ടം അവസാനിപ്പിച്ച് അവരെ കാരിരുമ്പഴി കൂട്ടുകളിലേക്ക് അയക്കേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

കൂട്ടുകുടുംബങ്ങളായി ഇപ്പോൾ നിലനിൽക്കുന്ന ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും പാർപ്പിട പ്രശ്നത്തിന്റെ രൂക്ഷത നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇവർക്ക് സ്വന്തമായ സ്ഥലവും പാർപ്പിട സൗകര്യവും കണ്ടെത്തേണ്ടിയിരിക്കുന്നു. സർക്കാർ തലത്തിൽ ഇതിലേക്കാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി പദ്ധതി പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥലവിലനിർണ്ണയത്തിൽ ഉള്ള അപാകതകൾ മൂലം നിർദ്ദിഷ്ട വിലക്ക് പല സ്ഥലങ്ങളിലും ഭൂമി ലഭ്യമല്ലാത്തതുകൊണ്ട് പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ പോകുന്നു. നിർദ്ദിഷ്ട പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് പഞ്ചായത്തുകൾക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതുകൊണ്ട് പദ്ധതി നിർവ്വഹണത്തിന്നാവശ്യമായ സ്ഥലം സർക്കാർ പൊന്നും വിലകൊടുത്ത് പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

2. പട്ടികജാതി / പട്ടികവർഗ്ഗ കുടുംബങ്ങൾക്ക്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസങ്ങളും സാമ്പത്തിക പ്രതിസന്ധികളും പരിഹരിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. പട്ടികജാതി കോളനികളിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് കോളനി നിവാസികൾ നിർദ്ദിഷ്ഠ സംഖ്യക്ക് പുറമെ ഭീമമായ സംഖ്യ അടക്കേണ്ടിവന്ന സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് ഇതിനെ ഒരു അറുതി വരുത്തേണ്ടതാണ്. മേലിൽ ഇത്തരം ഒരു അവസ്ഥാവിശേഷം ഉണ്ടാകിതിരിക്കാൻ ശ്രദ്ധിക്കപ്പേടണ്ടതുമാണ്. വിശ്രമരഹിതമായ അദ്ധ്വാനത്തിന് ശേഷം കൂടണയുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവർ കൂടി വെള്ളത്തിനും മറ്റു ദിനചര്യകൾക്കു ആവശ്യമായ ജല സമ്പാദനത്തിനു വേണ്ടി മൈലുകളോളം ദൂരം താണ്ടിയുള്ള പരക്കം പാച്ചിലിന്ന് വിരാമമിടുന്നതിന് ഈ പ്രദേശങ്ങളിൽ കാര്യക്ഷമമായ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കി പ്രാവർത്തിക മാക്കേണ്ടതാണ്.

പ്രാഥമിക അടിസ്ഥാന നിർവ്വഹണ സൗകര്യങ്ങൾ നിലവിലില്ലാത്ത എല്ലാ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

# വിഭവ സമാഹരണം

ഇന്ത്യൻ ഗ്രാമങ്ങൾ ഇന്ന് ഒരു വൻപ്രതിസന്ധിയെ നേരിട്ട്കൊണ്ടിരിക്കുകയാണ്. ശരിയായ വിഭവസമാഹരണത്തിലും വിതരണത്തിലും എവിടെയോക്കെയോ നമുക്ക് തെറ്റ് പറ്റിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടത് വ്യാവസായികമേഖലയിലെ നിശ്ചലാവസ്ഥയാണ്. നമ്മുടെ പഞ്ചായത്തിലും കാര്യമായ ഒരു വ്യവസായിക സ്ഥാപനം തുടങ്ങുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പേരിനുമാത്രമാണ് ചെറുകിട വ്യവസായങ്ങൾ ഉള്ളത്. ഈ രണ്ടു രംഗങ്ങളിലും പുതിയ പാതകൾ വെട്ടി തുറന്നാൽ മാത്രമെ കാട്ടകാമ്പാൽ പഞ്ചായത്തിന് ശരിയാം വിധം വിഭവസമാഹരണം നടത്തുവാൻ കഴിയുകയുള്ളു.

കാട്ടകാമ്പാൽ പഞ്ചായത്തിന്റെ വ്യാവസായിക പുരോഗതി ലക്ഷ്യമിട്ട് നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

1. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാനോ അവയുടെ ഉൽപ്പന്നങ്ങളെ വിറ്റഴിക്കുവാനോ ഉള്ള ഒരു സംവിധാനത്തിന്റെ അപര്യാപ്തത ഈ മേഖലയെ ശുഷ്ക്കമാക്കുകയും, തന്മൂലം പരമ്പരാഗത തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷം നിലനൽക്കുന്നു.

2. ചെറുകിട വ്യവസായ രംഗത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം വൈദ്യുതി മേഖലയിലെ ലോഡ്ഷെഡ്ഡിംഗും, വോൾട്ടേജ് ക്ഷാമവുമാണ്. കൂടാതെ പുതിയ സംരംഭകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസവും ഈ മേഖലയെ തളർത്തികൊണ്ടിരിക്കുന്നു. ആവശ്യമായ തോതിൽ മിതമായ വിലക്ക് അസംസ്കൃത വസ്തുക്കൾ ലഭിക്കാതിരിക്കുകയും ചെയ്യുന്നത് ചെറുകിട വ്യവസായത്തിന്റെ തകർച്ചയുടെ ഒരു പ്രധാന കാരണമാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിപ്പെടാതെ ഈ മേഖലയിൽ കൂടെയുള്ള വിഭവ സമാഹരണം അസാദ്ധ്യമാണ്.

കാർഷികരംഗത്ത് ഇന്നു നാം ഒട്ടേറെ പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. കാർഷിക രംഗം ഇപ്പോൾ മുരടിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞാൽ അതിൽ ഒട്ടും തന്നെ അതിശയോക്തിയില്ല. കൃഷിസ്ഥലങ്ങൾ, താമസസ്ഥലങ്ങളായും, സുഖവാസകേന്ദ്രങ്ങളായും മാറികൊണ്ടിരിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷമായ നമ്മുടെ നാട്ടിൽ കാർഷിക രംഗങ്ങളിൽ തൊഴിൽ ചെയ്യാൻ തയ്യാറുള്ളവരെ ലഭിക്കാത്തതുകൊണ്ട് അന്യസംസ്ഥാനങ്ങളിലെ തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നു. കൃഷിയോടും കൃഷിഭൂമിയോടുമുള്ള നമ്മുടെ നഷ്ടപ്പെട്ടുപോയ ആഭിമുഖ്യം വീണ്ടെടുക്കേണ്ടിയിരിക്കുന്നു.

കർഷകരെ സംബന്ധിച്ചിടത്തോളം, വള പ്രയോഗത്തെകുറിച്ച് ശരിയാം വിധത്തിലുള്ള അവബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതായത് രാസവളപ്രയോഗം കുറച്ച് ജൈവവളപ്രയോഗം കൂട്ടുന്നതിൽ കർഷകർക്ക് ബോധവൽക്കരണം നടത്തേണ്ടതാണ്.

മൃഗസംരക്ഷണത്തിൽ ക്ഷീരോൽപ്പാദന സംഘങ്ങളുടെ സജീവ ശ്രദ്ധ പതിയേണ്ടതായിട്ടുണ്ട്. നമ്മുടെ പഞ്ചായിലെ ജനങ്ങൾക്കാവശ്യമായ പാൽ, മുട്ട എന്നിവ ഇവിടെതന്നെ ഉൽപ്പാദി പ്പിച്ചെടുക്കുന്നതിന് അവരെ ഉത്സുകരാക്കേണ്ടതാണ്. അപ്രകാരം ജൈവവളങ്ങളുടെ ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാകുന്നതും, നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതുമാണ്.

സർക്കാരിൽ നിന്നും, പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്ന വിവിധ ഇനം ഗ്രാന്റുകളും, സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ തുടങ്ങിയവയും യഥാസമയത്ത് തന്നെ പൂർണ്ണമായി പഞ്ചായത്തുകൾക്ക് ലഭിക്കാനുള്ള നിയമനിർമ്മാണ നടപടികൾ എത്രയും വേഗം നടത്തേണ്ടതാണ്. നിലവിലുള്ള വിതരണ രീതിയിൽ മാറ്റം വരുത്തി, നീതി പൂർവ്വമായ ഗ്രാന്റ് വിതരണ സമ്പ്രദായം അവലംബിക്കേണ്ടതാണ്.

പഞ്ചായത്തുകൾ പിരിച്ചെടുക്കുന്ന നികുതികളും, ഫീസുകളും യുക്തിസഹമാക്കുകയും, പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാണ് കൃത്യമായി നികുതി കൊടുക്കുന്നതിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതാണ്. അതിനുള്ള ആത്മാർത്ഥമായ ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

### പട്ടിക 1

| Item | 1991-92 | 1995-96 | Variation | % |
|---|---|---|---|---|
| I | | | | |
| a) Building tax | 239351 | 361183 | 121832 | 40 |
| b) Entertainment Tax | 47166.70 | 33957.00 | 13209.70 | 28 |
| c) Profession Tax | 44472 | 67257 | 22785 | 40 |
| d) Lighting tax | 44472 | 67257 | 22785 | 40 |
| II | | | | |
| United fund (general) | 125000.00 | 168300 | 43300.00 | 0.4 |
| United fund S.Ç.P. | 51000 | 106400 | 55400.00 | 1.1 |
| III J.R.Y | 525218 | 354080.00 | 171138.00 | 0.3 |
| IV Grants & Contributions | 343917.00 | 257715.00 | 86602.00 | 0.25 |
| V Establishment charges | 370834.00 | 574029.00 | 203195.00 | 0.55 |

കുറ്റമറ്റ രീതിയിൽ, മൂല്യശോഷണം കൂടാതെ നികുതികൾ ചുമത്തുന്നതിനും, യഥാസമയം പിരിച്ചെടുക്കുന്നതിനും പഞ്ചായത്ത് ഉദ്യോഗസ്ഥരും, ജനപ്രതിനിധികളും സസൂക്ഷ്മം കൂട്ടായി ശ്രമിക്കേണ്ടതാണ്. പഞ്ചായത്ത് വരവ് ചെലവ് കണക്കുകൾ പൊതുജനങ്ങളുടെ അറിവിലേക്കായി സുതാര്യമാക്കേണ്ടതാണ്. അതുവഴി ധനാഗമമാർഗ്ഗങ്ങളിലൂടെ പഞ്ചായത്ത് എന്തുചെയ്യുന്നു എന്ന് മനസ്സിലാക്കുവാനുള്ള അവസരം അവർക്ക് കൈവരുന്നതാണ്.

## കെട്ടിട നികുതി

പഞ്ചായത്തിലെ "കെട്ടിടങ്ങൾക്ക് ഓരോ അഞ്ചുകൊല്ലം കൂടുമ്പോഴും വാർഡ ടിസ്ഥാനത്തിൽ കെട്ടിട നമ്പറുകൾ പുതുക്കി നിശ്ചയിച്ച് നികുതി ചുമത്തുന്ന രീതിയാണ് നിലവിലുള്ളത്. പുതുക്കി നിശ്ചയിക്കുന്ന നികുതി വിവരങ്ങൾ പഞ്ചായത്ത് ആഫീസിൽ പരസ്യപ്പെടുത്തുന്ന മുറക്ക് ഉടമകൾക്ക് അറിയാൻ കഴിയുന്നതാണ്. പുതുക്കി നിശ്ചയിച്ചിരിക്കുന്ന നികുതിയിന്മേൽ കെട്ടിട ഉടമക്ക് എന്തെങ്കിലും പരാതിയുള്ള പക്ഷം പരസ്യതിയ്യതി മുതൽ 30 ദിവസത്തിനുള്ളിൽ ആക്ഷേപം ബോധിപ്പിക്കാവുന്നതാണ്. അർഹമായ റിവിഷൻ പെറ്റീഷനുകൾ പരിഗണിച്ചതിനുശേഷം നികുതി ഇളവു ചെയ്യുന്ന സമ്പ്രദായം നിലവിലുണ്ട്. അതിനുശേഷം അഞ്ച് വർഷത്തേക്കുള്ള കെട്ടിട നികുതി ഡിമാന്റ് നിജപ്പെടുത്തുകയും, കെട്ടിട ഉടമകൾക്ക് തങ്ങൾ ഓരോ വർഷവും അടക്കേണ്ട നികുതിയുടെ കാലയളവും സംഖ്യയും രേഖപ്പെടുത്തി ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തുവരുന്നു. ഡിമാൻഡ് നോട്ടീസിലെ നികുതിയെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം കെട്ടിട ഉടമക്ക് ഉള്ള പക്ഷം, നോട്ടീസ് പ്രകാരമുള്ള നികുതി സംഖ്യ അടച്ച് 15 ദിവസത്തിനകം പഞ്ചായത്ത് കമ്മറ്റിക്ക് അപ്പീൽ നൽകാവുന്നതും, പഞ്ചായത്ത് കമ്മറ്റിക്ക് അപ്പീൽ പരിശോധിച്ചതിനുശേഷം നികുതി സംഖ്യ ഇളവുചെയ്യുന്നതിനും മറ്റും യുക്തമായ തീരുമാനങ്ങൾ എടുക്കാവുന്നതുമാണ്.

കെട്ടിട നികുതി അസ്സസ്സ്മെന്റിൽ ശാസ്ത്രീയ രീതി അവലംബിക്കുന്നില്ലെന്ന അഭിപ്രായം പൊതുവായി ഉയർന്ന് വന്നിട്ടുള്ളതായി അറിയുന്നു. കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ, അവയുടെ വലുപ്പചെറുപ്പം മാത്രം മാനദണ്ഡമായി എടുക്കാതെ, ആഡംബരത്വവും, അലങ്കാര വസ്തുക്കളുടെ ഉപയോഗവും കൂടി കണക്കിലെടുക്കേണ്ടതാണ്. കെട്ടിടനിർമ്മാണങ്ങളിൽ കണ്ടുവരുന്ന അനാവശ്യ ധൂർത്ത് ഒഴിവാക്കുന്നതിനായി, നികുതി ചുമത്തുന്നതിന് ഒരു സ്ലാബ് സമ്പ്രദായം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

നിർമ്മാണങ്ങളുടെ സത്യസന്ധമായ കണക്കുകൾ അധികൃതരെ ബോധ്യപ്പെടുത്താൻ കെട്ടിട ഉടമകൾ ബാധ്യസ്ഥരാണ്. അപ്രകാരം കുറ്റമറ്റരീതിയിൽ അസ്സസ്സ്മെന്റ് നടത്തി നിശ്ചയിക്കുന്ന നികുതി സംഖ്യ ഒടുക്കുന്നതിന് കെട്ടിട ഉടമകൾ തയ്യാറാകേണ്ടതാണ്.

കെട്ടിട നികുതി ചുമത്തുന്നതിന്, പഞ്ചായത്തിന് ലഭിക്കേണ്ട സാമ്പത്തിക വിഭവസമാഹരണ കണക്കുകൾ കുറ്റമറ്റരീതിയിലാക്കാനും, അഴിമതി കുറക്കുന്നതിനുമായി

ഒരു അസ്സസ്സ്മെന്റ് കമ്മറ്റിയെ ചുമതലപ്പെടുത്തുന്നത് ഉചിതമായിരിക്കും.

കെട്ടിടങ്ങളുടെ പഴക്കവും, ജീർണ്ണതയും കണക്കിലെടുത്ത് നികുതിതോത് കുറക്കുന്ന സംവിധാനം ഇപ്പോൾ നിലവിലില്ല.

ഉടമസ്ഥൻ താമസിക്കുന്ന കെട്ടിടം കൂടാതെ, ഇതര സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ വാടകക്ക് നൽകിവരുന്ന കെട്ടിടങ്ങൾക്ക് അതിന് ലഭിച്ചുകൊണ്ടിരിക്കുന്ന യഥാർത്ഥ വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർബന്ധമായും ചുമത്തേണ്ടതാണ്.

നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള സംവിധാനം കുറെകൂടി പ്രായോഗികമായ രീതിയിൽ കാര്യക്ഷമമാക്കേണ്ടതാണ്.

നികുതിദായകർക്ക് അധികദൂരം സഞ്ചരിക്കാതെ നികുതി അടക്കുന്നതിനായി ഓരോ വാർഡിലും മൂന്നോ-നാലോ പ്രധാന കേന്ദ്രങ്ങളിൽ നികുതി പിരിവുദ്യോഗസ്ഥർ ചെന്ന് സംഖ്യ സ്വീകരിക്കുന്ന സമ്പ്രദായം സൗകര്യപ്രദമായിരിക്കും. ഓരോ കേന്ദ്രങ്ങളിലും പിരിവുദ്യോഗസ്ഥന്മാർ എത്തുന്ന തിയ്യതിയും സമയവും പഞ്ചായത്തിൽ നിന്ന് മുൻകൂട്ടി അറിയിച്ചുകൊണ്ടുള്ള നോട്ടീസ് നൽകിയിരിക്കേണ്ടതാണ്. അതതുകേന്ദ്രങ്ങളിൽ ചെന്ന് നികുതി സംഖ്യ അടക്കുന്നതിനും, ഈ സൗകര്യം പരമാവധി വിനിയോഗിക്കുന്നതിനും, വാർഡ് മെമ്പർമാർ നികുതിദായകരെ ബോധവൽക്കരിക്കുന്നതിനും നികുതിയടക്കുന്നതിൽ ഒരു സഹകരണ മനോഭാവം വളർത്തിയെടുക്കുന്നതിനും പഞ്ചായത്തിന് കുടിശ്ശിക നികുതി യഥാസമയം പിരിച്ചെടുക്കുന്നതിനും സഹായകരമാക്കാവുന്നതുമാണ്.

കെട്ടിട നിർമ്മാണത്തിൽ, കെട്ടിടം ഉടമ എല്ലാവിധ നടപടിക്രമങ്ങളും നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണെന്ന് കേരള ബിൽഡിംഗ്സ് റൂൾസ് അനുശാസിക്കുന്നുണ്ട്. അതനുസരിച്ച് കെട്ടിടം ഉടമ, പണിപൂർത്തീകരിച്ചാലുടനെതന്നെ പഞ്ചായത്തിൽ വിവരം അറിയിച്ചിരിക്കേണ്ടതും, തുടർന്ന് ഉദ്യോഗസ്ഥന്മാർ കെട്ടിടനികുതി അസ്സസ്സ് ചെയ്തിരിക്കേണ്ടതുമാണ്.

## ഗ്രന്ഥശാലാവരി:

ഈ പഞ്ചായത്തിൽ 1995-96 വർഷത്തിൽ പിരിച്ചെടുത്ത ഗ്രന്ഥശാലാ വരിസംഖ്യ 13569.50 കയാണ്. പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഗ്രന്ഥശാലവരി സംഖ്യപൂർണ്ണമായും പഞ്ചായത്തു പ്രദേശത്തെ ഗ്രന്ഥശാലകളുടെയും, ലൈബ്രറികളുടെയും ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

## തൊഴിൽ നികുതി:

പഞ്ചായത്തിന് തൊഴിൽനികുതിയിനത്തിലുള്ള വരുമാനം അധികവും ലഭിച്ചുകൊണ്ടിരിക്കുന്നത് സർക്കാർ സ്ഥാപനങ്ങളിലും, എയ്ഡഡ് സ്കൂളുകളിലും

ജോലിചെയ്യുന്ന ജീവനക്കാരിൽ നിന്നുമാണ്. കൂടാതെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ബാങ്കുകൾ, സഹകരണസംഘങ്ങൾ; എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും, കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ലഭിച്ചുവരുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ധാരാളമായി വളർന്ന് പ്രവർത്തിച്ചുവരുന്ന സ്വകാര്യപണമിടപാട് സ്ഥാപനങ്ങളിൽ നിന്ന് ഇപ്പോൾ തൊഴിൽനികുതി ഈടാക്കി വരുന്നതായി കാണുന്നില്ല. ഇത്തരം സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സത്വര നടപടികൾ ഉടൻതന്നെ സ്വീകരിക്കേണ്ടതാണ്. 'ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീം' പഞ്ചായത്തടിസ്ഥാനത്തിൽ കൊണ്ടുവന്ന്, സ്കീമിൽ അംഗങ്ങളായുള്ള നിർമ്മാമ തൊഴിലാളികൾക്കും കൂടി തൊഴിൽ നികുതി ചുമത്താവുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

## വിനോദനികുതി:

പഞ്ചായത്തിൽ വിനോദ ഉപാധിയായി നിലകൊള്ളുന്നത് കേവലം ഒരു സിനിമാടാക്കീസ് മാത്രമാണ്. പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളായ കടവല്ലൂർ പഞ്ചായത്തിൽ ഒന്നും, കുന്ദംകുളം മുനിസിപ്പാലിറ്റിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ മൂന്നും സിനിമാ തിയ്യറ്ററുകൾ നിലവിലുണ്ട്. കുന്ദംകുളം മുനിസിപ്പാലിറ്റിയിലെ തിയ്യറ്ററുകൾ റിലീസ് കേന്ദ്രങ്ങളാണ്. റിലീസ് ചെയ്ത് വർഷങ്ങൾക്കുശേഷമാണ് ഇവിടത്തെ ടാക്കീസിൽ പടം പ്രദർശനത്തിനായി എത്തുന്നത്. അതുകൊണ്ട് പ്രേക്ഷകരുടെ എണ്ണം കുറയുകയും, വിനോദനികുതിയിനത്തിലുള്ള വരുമാനം ശുഷ്കമായിതീരുകയും ചെയ്തുവരുന്നു.

സിനിമാ ടാക്കീസിൽ നിന്നുള്ള വരുമാനം ടിക്കറ്റ് വിൽപനയുടെ കണക്കനുസരിച്ചാണ് നിജപ്പെടുത്തിയിരിക്കുന്നത്. ഈ രീതി കാര്യക്ഷമമല്ലെന്നാണ് അനുഭവത്തിൽ കണ്ടുവരുന്നത്. ഇതിനുപകരമായി ടാക്കീസിലെ മൊത്തം സീറ്റുകളുടെ എണ്ണം കണക്കാക്കി വിനോദനികുതി കൊമ്പൗണ്ട് ചെയ്ത് നിജപ്പെടുത്തുന്ന രീതിയായിരിക്കും ഉത്തമമായിട്ടുള്ള മാർഗ്ഗം. തന്മൂലം ടാക്കീസുടമയിൽ നിന്നോ, ഉദ്യോഗസ്ഥരിൽ നിന്നോ ഉണ്ടാകാവുന്ന അഴിമതിക്ക് പരിഹാരം ഉണ്ടാകാവുന്നതാണ്.

ഇപ്പോൾ, പഞ്ചായത്തിലെ മിക്ക വീടുകളിലും ടെലിവിഷൻ ഉള്ളതായികാണുന്നു. ഇവയിൽ ഭൂരിഭാഗവും കേബിൾ കണക്ക്ഷൻ ഉള്ളതിനാൽ വിവിധ ചാനലുകളിൽ നിന്നും സിനിമാ കലാ കായിക രംഗങ്ങൾ തുടങ്ങിയ വിനോദ പരിപാടികൾ ലഭിച്ചുകൊണ്ടിരിക്കുന്നു. കേബിൾ ടി.വി.കൾക്ക് കണക്ഷൻ സമയത്ത് 1500/- രൂപയും പ്രതിമാസം 150/- രൂപയും ഈടാക്കിവരുന്നതായി അറിയുന്നു. ഈ പഞ്ചായത്തിൽ ഒന്നിലധികം കേബിൾ ടി.വി. കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഭീമമായ വരുമാനം പ്രസ്തുത കേന്ദ്രങ്ങൾക്ക് ലഭിക്കുന്നതിനാൽ അവയ്ക്ക് ലൈസൻസും മറ്റുനികുതികളും ചുമത്തുന്ന പക്ഷം കാര്യമായ ഒരു വരുമാനം ഈ ഇനത്തിൽ പഞ്ചായത്തിനും ലഭിക്കും.

കല്ല്യാണ മണ്ഡപങ്ങളും, ഓഡിറ്റോറിയവുമായി പ്രവർത്തിച്ചുവരുന്ന വലുതും ചെറുതമായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വിനോദപരിപാടികൾ നടത്താൻ സൗകര്യമുള്ള ഈ സ്ഥാപനങ്ങൾ, വിനോദപരിപാടികൾക്കായി വാടകക്കു നൽകുമ്പോൾ ഒരു നിശ്ചിത സംഖ്യ പഞ്ചായത്തിൽ അടച്ച് അനുമതി പത്രം വാങ്ങിയിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടതാണ്. കൂടാതെ സംഘാടകർ പഞ്ചായത്തിൽ നിജപ്പെടുത്തിയ ഫീസ് ഒടുക്കി പരിപാടി നടത്തുന്നതിന് അനുമതി വാങ്ങിയിട്ടുണ്ടോ എന്ന് ഓഡിറ്റോറിയം ഉടമകൾ ഉറപ്പുവരുത്തേണ്ടതും അല്ലാത്തപക്ഷം ഉടമകൾക്കെതിരെ സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## മറ്റു ധനാഗമമാർഗ്ഗങ്ങൾ:

### പുറമ്പോക്കുഭൂമി:-

നമ്മുടെ പഞ്ചായത്തിൽ പുറമ്പോക്കു ഭൂമിയായി 117.25 ഹെക്ടർ സ്ഥലമുണ്ട്. ആയത് കൃത്യമായി അളന്ന് അതിർത്തി തിട്ടപ്പെടുത്തി കിട്ടിയിട്ടില്ല. അതിനാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള പുറമ്പോക്കു ഭൂമികൾ ഏതെല്ലാമാണെന്ന് അളന്നു തിട്ടപ്പെടുത്തി ഓരോ പുറമ്പോക്കു ഭൂമിയുടെയും അതിർത്തി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അതിനായി റവന്യൂ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സഹായം ലഭിക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികളുടെ കൃത്യത ഉറപ്പ് വരുന്നതിനും രേഖകൾ സംരക്ഷിക്കുന്നതിനും, അധീനതയിൽ കൊണ്ടുവരുന്നതിൽ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കിയെടുക്കുവാൻ ഉദ്യോഗസ്ഥ ജന പ്രതിനിധി തലങ്ങളിൽ കൂട്ടായ പരിശ്രമം ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

അറിയപ്പെടുന്ന പല പുറമ്പോക്കു ഭൂമികളും ചില വ്യക്തികൾ കൈയ്യേറ്റം നടത്തി അധീനതയിലാക്കിയിട്ടുള്ളതായി അറിയുന്നു. ഇത്തരം കൈയ്യേറ്റ ഭൂമികൾ ഉടൻതന്നെ നിയമനടപടികൾ മുഖേന ഒഴിപ്പിച്ചെടുക്കേണ്ടതാണ്. പഞ്ചായത്തിലെ പുറമ്പോക്കു ഭൂമികളിൽ പലതും ടൗൺ പ്രദേശത്ത് തന്നെയാണ് സ്ഥിതിചെയ്യുന്നത്. പ്രസ്തുത ഭൂമികൾ ഒഴിപ്പിച്ചെടുത്ത് പൊതുജനോപകാരപ്രദമായ പദ്ധതികൾ (ബസ്സ് സ്റ്റാന്റുകളും ഷോപ്പിംഗ് കോംപ്ലക്സുകളും) നടപ്പിലാക്കി വാടകക്ക് കൊടുക്കുന്നതിൽ നിന്നും പഞ്ചായത്തിന് വരുമാനം സിദ്ധിക്കുന്നതാണ്. കൈയ്യേറ്റ ഭൂമിയുടെ വ്യാപ്തിയ്ക്കനുസരിച്ച് ഷോപ്പിംഗ് സെന്റർ, മാർക്കറ്റ് എന്നിവ നിർമ്മിച്ച് വരുമാനം കൂട്ടുകയും ചെയ്യാം.

### മത്സ്യബന്ധനം:-

കടൽതീരം, പുഴ, ഉൾനാടൻ ജലാശയം എന്നിവയിൽ നിന്നുള്ള മത്സ്യബന്ധനത്തിനുതകുന്ന ഭൂവിഭവങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. എന്നാലും പഞ്ചായത്ത് വക

6 കുളങ്ങൾ മത്സ്യം പിടിക്കുന്നതിന് ലേലം ചെയ്തുകൊടുക്കുന്നുണ്ട്. 1995-96 വർഷത്തിൽ പ്രസ്തുത ലേലം വകയിൽ ലഭിച്ച തുക 1140 രൂപ മാത്രമാണ്. പഞ്ചായത്തിലെ കുളങ്ങളും തോടുകളും ഇന്ന് ലേലം ചെയ്തുകൊടുക്കുന്ന രീതി മാറ്റി ഈ പഞ്ചായത്തിൽ സ്ഥാപിതമായിട്ടുള്ള ഫിഷർമെൻ സഹകരണ സംഘത്തിന് മെച്ചമായ ഒരു ഫീസ് നിജപ്പെടുത്തി എൽപിച്ചുകൊടുക്കാവുന്നതാണ്.

### കേരളബിൽഡിംഗ് റൂൾസ്:

നമ്മുടെ പഞ്ചായത്തിൽ പ്രസ്തുത റൂൾ അനുസരിച്ച് കെട്ടിടനിർമ്മാണത്തിന് പ്ലാൻ വരച്ചു കൊടുക്കുന്നതിന് 1995-96 വർഷത്തിൽ 17 പേർലൈസൻസ് നൽകിയിട്ടുണ്ട്. 435 രൂപ ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ച് നിരക്കിൽ വർദ്ധനവ് വരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണത്തിന് പ്ലാൻ അംഗീകരിച്ചുകൊടുക്കുന്നത് തറ വിസ്തീർണ്ണം കണക്കാക്കിയാണ്. ചതുരശ്രമീറ്ററിന് ഒരു രൂപ നിരക്കിലാണ് ഫീസ് നിജപ്പെടുത്തിയിട്ടുള്ളത്. കെട്ടിടങ്ങൾക്ക് ഒന്നിലധികം നിലകളുണ്ടെങ്കിൽ ഒരു ചതുരശ്ര മീറ്ററിന് രണ്ടു രൂപ തോതിലും ഫീസ് ചുമരത്തിവരുന്നു. ഇന്ന് ചുമത്തി വരുന്ന ഫീസ് ഒരു നിശ്ചിത വിസ്തീർണ്ണം പരിധിയാക്കി അതിലധികം വിസ്തീർണ്ണം വരുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് ഫീസ് ഉയർത്തി നിശ്ചയിക്കേണ്ടതാണ്. കേരള ബിൽഡിംങ്ങ് റൂൾസ് അനുസരിച്ച് കെട്ടിടനിർമ്മാണത്തിന് 95-96 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസായി 29367 രൂപ ലഭിച്ചിട്ടുണ്ട്.

### ലേലം:

പഞ്ചായത്തിന്റെ അധീനതയിലുള്ള ഒരു കടത്ത്, ലേലം (സ്രായിൽകടവ്) ചെയ്തു കൊടുത്തവകയിൽ 2200/- രൂപയും, പഞ്ചായത്ത് ഓഫീസ് കോമ്പനൗണ്ടിലെ വൃക്ഷങ്ങൾ ലേലം ചെയ്തു കൊടുത്ത ഇനത്തിൽ 75 രൂപയുമാണ് വരുമാനമായി ലഭിച്ചിട്ടുള്ളത്.

### സ്വകാര്യമാർക്കറ്റുകൾ:

ഈ പഞ്ചായത്തിലെ സ്വകാര്യമാർക്കറ്റുകളിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം 32340 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

### അറവുശാല:

ഈ പഞ്ചായത്തിലെ അറവുശാലയിൽ നിന്ന് 1995-96 വർഷത്തിൽ 50 രൂപ ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചു.

### ലാന്റ് സൈസ്സ്:

കുറച്ച് വർഷങ്ങൾക്ക് മുൻപ് പഞ്ചായത്തിൽ നിന്നും ലാന്റ് സെസ്സ് പിരിക്കാം എന്ന ഒരു നിയമം ഉണ്ടായിരുന്നു. എന്നാൽ ഇത് പിന്നീട് ഒഴിവാക്കപ്പെടുകയാണ് ഉണ്ടായത്. പ്രസ്തുത നികുതി പിരിച്ചെടുക്കാമെന്ന് വീണ്ടും ഒരു നിയമ നിർമ്മാണം നടത്തുകയാണെങ്കിൽ പഞ്ചായത്തിന് കൂടുതൽ സാമ്പത്തിക നേട്ടം കൈവരിക്കാനാകും.

### പരസ്യ നികുതി:

പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ചുമത്തി പഞ്ചായത്തിന് സാമ്പത്തിക നേട്ടം ഉണ്ടാക്കാവുന്നതാണ്.

### ബാങ്ക് ഫൈനാൻസിയേഴ്സ്:

നമ്മുടെ പഞ്ചായത്തിൽ 2 സഹകരണബാങ്കുകളും, ജില്ലാ സഹകരണബാങ്ക്, കനറാ ബാങ്ക്, ധനലക്ഷ്മി ബാങ്ക് എന്നിവയുടെ ഓരോ ശാഖകളും ഉണ്ട്. ഇതിനു പുറമെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ധാരാളം പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് പ്രദേശത്ത് നിന്നും സമാഹരിക്കപ്പെടുന്ന നിക്ഷേപതുകയുടെ 80-90 ശതമാനം വരെ കാർഷിക - കാർഷികേതര, വ്യാവസായിക സംരംഭങ്ങൾക്ക് വായ്പകൾ ആയി നൽകേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കുന്നതിനുള്ള സാദ്ധ്യത പുതിയ ഗ്രാമപഞ്ചായത്ത് ആക്ടിലുണ്ട്. പഞ്ചായത്തുകൾ അംഗീകരിക്കുന്ന പദ്ധതികൾക്ക് ബാങ്കുകൾ വായ്പകൊടുക്കുവാൻ ബാദ്ധ്യസ്ഥരാണെന്നുള്ള ബാങ്കിംഗ് നിയമം ഉണ്ടാകേണ്ടതാണ്.

### ചെലവുകൾ:

സാമ്പത്തിക ഭദ്രതയില്ലാത്ത നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിക്കുന്നത് ഇപ്പോഴും ഫലവത്തായ പ്രത്യുൽപ്പാദനപരമല്ലാത്ത രീതിയിൽ തന്നെയാണ്. അടിസ്ഥാനപരമായ പ്രത്യുൽപ്പാദനമാർഗ്ഗങ്ങൾ അവലംബിക്കുകയും പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾക്കായി 27.15 ശതമാനവും, ഭരണചിലവുകൾക്കായി 29.36 ശതമാനവും, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവക്ക് 1.52 ശതമാനവും വീതമാണ് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിരിക്കുന്നത്. വില്ലേജ് റോഡ്

മെയ്ന്റനൻസ് ഗ്രാന്റായി ലഭിച്ച 14835 രൂപ വിനിയോഗിച്ച് ചില വാർഡുകളിലെ നാമമാത്രമായ റോഡുകളാണ് അറ്റകുറ്റ പണികൾ നടത്തിയിട്ടുള്ളത്. അറ്റകുറ്റ പണികൾ നടത്തിയ റോഡുകൾ തന്നെ മഴക്കാലത്ത് കേടുവന്ന് കിടക്കുന്ന അവസ്ഥയാണ്. റോഡുകൾ കേടുപാടുകൾ തീർത്ത് സംരക്ഷിക്കപ്പെടുന്നതിന് താൽക്കാലിക റിപ്പയറുകൾ ഒന്നുംതന്നെ കാര്യമായ യാതൊരു ഗുണവും ചെയ്യുന്നില്ല. മാത്രമല്ല പഞ്ചായത്ത് ഫണ്ട് പാഴായി പോകുന്നതിന് കാരണമായി തീരുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ വിഭവചോർച്ച തടയുന്നതിന് രോഡു സംരക്ഷണം അനിവാര്യമാണ്. പഞ്ചായത്തിന്റെ മണ്ണ് റോഡുകൾ സംരക്ഷിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ആ റോഡിനിരുവശവുമുള്ള വീടുകൾക്കും, അതാതു വാർഡുകളിലെ ഗ്രാമസഭകൾക്കുമായിരിക്കേണ്ടതാണ്.

ഭരണചിലവുകൾക്ക് കാര്യമായ മാറ്റം ഒന്നും വരുത്തുവാൻ കഴിയുകയില്ല.

## ഭൂനികുതി:

നിലവിലുള്ള ഭൂ നികുതി നിരക്ക് വളരെ കുറവായതിനാൽ ആയത് ഭേദഗതി വരുത്തി ഉയർത്തേണ്ടത് അനിവാര്യമാണ്. നിരക്ക് ഉയർത്തുന്നതിന് ഭൂമിയുടെ തരം നോക്കിയുള്ള വ്യത്യാസം മാനദണ്ഡമായി സ്വീകരിക്കാവുന്നതാണ്. തരിശായിട്ടിരിക്കുന്ന കൃഷിയോഗ്യമായ ഭൂമിക്കും, വയൽ നികത്തി പുരയിടങ്ങൾ ഉണ്ടാക്കുന്ന ഭൂമിക്കും പരമാവധി നിരക്കും, തോട്ടങ്ങൾക്ക് അനുസൃതമായ നിരക്കും, കൃഷിവയലുകൾക്ക് ഏറ്റവും ചുരുങ്ങിയ നിരക്കിലുമായിരിക്കണം നികുതി നിശ്ചയിക്കേണ്ടത്. ഒരു വർഷം തന്നെ പലതവണകളായി നികുതി പരിക്കുകയാണെങ്കിൽ നികുതിദായകരുടെ ബുദ്ധിമുട്ട് പരമാവധി കുറക്കാൻ സഹായകരമാകും.

## ഷോപ്പിംഗ് സെന്റർ:

നമ്മുടെ പഞ്ചായത്തിൽ ചിറക്കൽ കേന്ദ്രമായി ഒരു നല്ല ജംഗ്ഷൻ ഉണ്ട്. ചിറക്കൽ ജംഗ്ഷൻ ഭാഗത്ത് ഒരു ബസ്സ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് പഞ്ചായത്തിന് നല്ല രീതിയിൽ വരുമാനമുണ്ടാക്കാനും ഇപ്പോൾ റോഡ് സൈഡിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് ഒരു പാർക്കിംഗ് സൗകര്യം ലഭിക്കുകയും ചെയ്യും, ചിറക്കൽ ജംഗ്ഷൻ ഭാഗത്തോ, ഇതിനോട് ഏറ്റവും അടുത്ത് കിടക്കുന്ന സ്ഥലത്തോ, ഇപ്പോൾ ശ്രമിക്കുകയാണെങ്കിൽ സ്ഥലം ലഭ്യമാക്കാവുന്നതാണ്. ഈയൊരാവശ്യം പൊതുവെ എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

## ഗ്രാമചന്ത മത്സ്യമാർക്കറ്റ്:

നമ്മുടെ പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളായ ചിറക്കൽ, ജറുസലേം, അയിനൂർ എന്നീ ഭാഗങ്ങളിൽ ഓരോ ഗ്രാമചന്തയും, മത്സ്യമാർക്കറ്റും തുടുങ്ങുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തണം. ഇവയും പഞ്ചായത്തിന് വരുമാനം വാർദ്ധിപ്പിക്കുന്നതിന് ഉപകരിക്കും. ചിറക്കലിനും, പഴഞ്ഞിക്കുമിടയിൽ ഒരു ആഴ്ച ചന്ത തുടങ്ങുന്നതിന് പറ്റിയ സ്ഥലം കണ്ടെത്തേണ്ടതാണ്. ഇടത്തട്ടുകാരുടെ സഹായമില്ലാതെ അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങുന്നതിനും, വിൽക്കുന്നതിനും ഇത് കൊണ്ട് കഴിയും.

## കച്ചവടലൈസൻസ് ഫീസ്

കച്ചവടം നടത്തുന്നതിനുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിക്കേണ്ടതാണ്. പുതിയ ഗ്രാമ പഞ്ചായത്ത് ആക്ടനുസരിച്ച് ലൈസൻസ് ഫീസ് ചുമത്തുന്നതിനുള്ള വിവരങ്ങൾ ഉടൻ പ്രസിദ്ധീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഉടൻ പ്രാബല്ല്യത്തിൽ വരുത്തേണ്ടതും, ഈ വർഷത്തെ ലൈസൻസ് ഫീസ് ഒടുക്കിയവരിൽ നിന്നും നിജപ്പെടുത്തിയിരിക്കുന്ന ഫീസിന്റെ ബാക്കി സംഖ്യ ഈടാക്കേണ്ടതുമാമ്. ലൈസൻസ് ഫീസ് ശരിയാം വിധം പരിച്ചെടുക്കുന്നതിൽ കാണുന്ന പോരായ്മകൾ പരിഹരിക്കേണ്ടതാണ്. ഓരോ വാർഡിലേയും കച്ചവടക്കാരുടെ വിവരം ശേഖരിക്കുകയും, അതനുസരിച്ച് ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും ചെയ്യേണ്ടതാണ്.

## നാഷണൽ സേവിംഗ്സ് സ്കീം:

ഓരോ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന 'ഇന്ദിരാവികാസ് പത്ര' യുടെ ഒരു നിശ്ചിത ശതമാനം തുക അതതുപഞ്ചായത്തിനുതന്നെ ലഭിക്കുന്ന വ്യവസ്ഥ ഇപ്പോൾ നിലവിലുണ്ട്. കൂടാതെ ദേശീയ സാമ്പദ്യപദ്ധതി തീവ്രയത്ന പരിപാടിയായി 1-10-96 മുതൽ 31-12-96 വരെയുള്ള കാലയളവിൽ ഇന്ദിരാവികാസ് പത്രയിലൂടെ വ്യക്തികളിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപത്തിന്റെ 20% തുക പഞ്ചായത്തിലെ വാർഡുകൾക്ക് ഈ വർഷം ഉപാധിരഹിത ഗ്രാന്റായി ലഭിക്കാവുന്നതാണ്. പഞ്ചായത്തിൽ ദേശീയ സമ്പാദ്യ ശീലം വളർത്തിയെടുക്കുന്നതിനും, വാർഡ് വികസനത്തിനാവശ്യമായ സാമ്പത്തിക നേട്ടം കൈവരിക്കുന്നതിനും പ്രസ്തുത തീവ്രയത്നപരിപാടിയിൽ പങ്കാളികളാകേണ്ടതാണ്.

## മനുഷ്യപ്രയത്നം:

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മാനവശേഷി തന്നെയാണ്. മനുഷ്യാദ്ധ്വാനത്തിന്റെ വിഭവശേഷി നമ്മുടെ ഗ്രാമസഭകളിൽ കൂടി ജനങ്ങൾക്ക്

ബോധവൽക്കരണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ദേശീയ കാഴ്ചപാടിലേക്ക് ജാതി-മത-കക്ഷി രാഷ്ട്രീയത്തിനതീതമായി ഉയർന്ന വികസന സംസ്കാരം പടുത്തുയർത്തുവാനും, ഇത് ഒരു പൊതു ആവശ്യമായി കണക്കിലെടുത്ത് മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യുമ്പോഴുണ്ടാകാവുന്ന നാടിന്റെ പുരോഗതി ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കുവാനും ഇത്തരം ബോധവൽക്കരണം സഹായകമാണ്. പല ഗ്രാമസഭകളിൽ നിന്നും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള മനുഷ്യാദ്ധ്വാനം ഫലവത്തായ വികസനപരിപാടികളെ പൂർണ്ണതയിലേക്ക് നയിക്കുമെന്ന കാര്യത്തിൽ സംശയലേശമന്യേ പ്രസ്താവ്യമാണ്.

പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലാരംഭത്തിനു മുമ്പ് കാനകൾ വെട്ടി സംരക്ഷിക്കുക, മഴക്കാലത്ത് സംഭവിക്കുന്ന ഭാഗികമായ കേടുപാടുകൾ യഥാസമയം ശരിപ്പെടുത്തുക ചില്ലറ അറ്റകുറ്റ പണികൾ ചെയ്ത് ഇത്തരം റോഡുകൾ കേടുപാടുകൾ കൂടാതെ നിലനിർത്തുക എന്നീ കാര്യങ്ങൾ ശ്രമദാനം വഴി റോഡിനിരുവശത്തുമുള്ള വീട്ടുകാർക്കും മറ്റു ഗുണഭോക്താക്കൾക്കും കൂടി ചെയ്തുതീർക്കാവുന്നതാണ്. പഞ്ചായത്തിന്റെ സഹായം വേണ്ടിടത്ത് നൽകുകയും ചെയ്യേണ്ടതാണ്. ശ്രമദാനത്തിനുള്ള പ്രേരക ശക്തിക്കായി യുവജനസംഘടനകളും, സാമൂഹ്യ പരിഷ്കർത്താക്കളും യുവജനങ്ങൾക്കിടയിൽ സ്വാധീനം ചെലുത്തേണ്ടതാണ്.

സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗ്രാമസഭകൾ മനസ്സ് വെച്ചാൽ കഴിയുന്നതാണ്. ഗ്രാമസഭകളിലെ അംഗങ്ങളിൽതന്നെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ ധാരാളമുള്ളതിനാൽ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് സഹായകരവുമാണ്.

എല്ലാ ബഹുജന സംഘടനകളും ഇക്കാര്യത്തിൽ പഞ്ചായത്തുമായി ആശയവിനിമയം നടത്തേണ്ടതും ഈ മേഖലയിൽ ഒരു പരിവർത്തനം തന്നെ സൃഷ്ടിക്കേണ്ടതുമാണ്.

മനുഷ്യാദ്ധ്വാനം, റോഡുകൾ വെട്ടുന്നതിനോ, നന്നാക്കുന്നതിനോ മാത്രമുള്ള ഒരു സംരംഭം മാത്രമായി കണക്കാക്കാതെ സാമൂഹ്യരംഗത്തെ പരിസര ശുചീകരണം, ആതുര സേവനം ആരോഗ്യ പരിപാലനം വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിത്യാതി കാര്യങ്ങളിലും കേന്ദ്രീകരിച്ച് വികസനത്തിന്റെ പാതയിൽ ഒരു നവ ചൈതന്യം സൃഷ്ടിക്കപ്പെടുവാൻ വിലപ്പെട്ട സംഭാവനകൾ നൽകി.

കൈവരിക്കാവുന്ന നേട്ടങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുള്ള പ്രയാണം വരുംതലമുറകൾക്കുള്ള ശ്രേണികളായിതീരട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.!

# മാർക്കറ്റ്

ഈ മേഖല അടക്കാ ഉൽപാദനത്തിൽ ഇന്ത്യയിലെ തന്നെ മുൻപന്തിയിൽ നിൽക്കുന്ന ഒരു ഉപദേശമാണ്. മുൻകാലങ്ങളിൽ പച്ചഅടക്കയായിരുന്നു പഴഞ്ഞി വിപണിയിലെ പ്രധാന ഉൽപന്നം. വിപണനത്തിനും മറ്റുമായി സമീപപ്രദേശങ്ങളിൽ നിന്നും പച്ച അടക്ക യും കളിപ്പാക്കും ഇതര കാർഷികവിഭവങ്ങളും,വള്ളങ്ങളിൽ കൊണ്ടുവന്ന് മാർക്കറ്റിൽ എത്തിക്കുകയായിരുന്നു പതിവ്. പച്ച അടക്ക കളിപ്പാക്കാക്കിമാറ്റി ഇവിടെനിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് വ്യാപാരർത്ഥം കയറ്റി അയക്കുന്ന പതിവുണ്ടായിരുന്നു. കാലങ്ങൾ പിന്നിട്ടതോടുകൂടി പച്ചഅടക്കാവിൽപന മാറി. പഴയ അടക്ക വിൽപ്പന തുടരുന്നു. ഈ പഞ്ചായത്തിൽ മേൽപ്പറഞ്ഞ അടക്കാവിൽപ്പനക്കായി രണ്ട് സ്വകാര്യ മാർക്കറ്റുകളാണ് ഉള്ളത്. നിലവിലുള്ള സ്വകാര്യമാർക്കറ്റുകൾക്ക് ഉദ്ദേശം 90 വർഷത്തോളം പഴക്കം ഉണ്ട്. അടക്കാ ഉൽപാദകർക്ക് ഇടത്തട്ടുമേഖലകളെ പൂർണ്ണമായും ഒഴിവാക്കി നിർത്തിക്കൊണ്ട് കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനും, വിപണന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആയി ഇവിടെ ഒരു റെഗുലേറ്റഡ് മാർക്കറ്റ് തുടങ്ങുന്നത് ഏറ്റവും അത്യന്താപേക്ഷികമാണ്.

ഇപ്പോൾ സ്വകാര്യവ്യക്തികൾ നടത്തിവരുന്ന മേൽപറഞ്ഞ രണ്ടു മാർക്കറ്റുകളിലും കൊട്ടടക്കാ വ്യാപാരമാണ് മുൻപന്തിയിൽ നിൽക്കുന്നത്. കൊട്ടക്കാ സംഭരിച്ച് അന്യ സംസ്ഥാനങ്ങളിലേക്ക് വിപുലമായ രീതിയിൽ വ്യാപാരം നടത്തുന്ന പ്രക്രിയ ഇപ്പോൾ ഇവിടെ നിലവിലുണ്ട്. മേൽപറഞ്ഞ ഉൽപന്നങ്ങൾ റോഡ്ഗതാഗതം മുഖേനയാണ് നട ത്തിവരുന്നത്. ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന നിർദ്ദിഷ്ട ഗുരുവായൂർ-കുറ്റിപ്പുറം റെയിൽവേ ലൈനിന്റെ ആവിർഭാവത്തോടും, പഴഞ്ഞിയിൽ നിർമ്മിക്കുന്ന റെയിൽവേ സ്റ്റേഷന്റെ ഉൽഭവത്തോടുകൂടിയും, അടക്കാവ്യാപാരം ഇതര സ്റ്റേറ്റുകളിലേക്കും കയറ്റു മതി ചെയ്യുന്നതിനും, ഇന്നനുഭവപ്പെടുന്ന ദുർവ്യയം ഒഴിവാക്കുന്നതിന് കണ്ടയിനർ സർവ്വീസ് ഏർപ്പെടുത്തി സുഗമമാക്കിത്തീർക്കുന്നതിനും സാധിക്കും.

ഈ മേഖലകളിലെ മത്സ്യ, മാംസ വിൽപന പൊതുനിരത്തുകളിൽ വെച്ചാണ് ഇപ്പോൾ നടത്തിവരുന്നത്. ഈ ദുരവസ്ഥ മാറ്റിയെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അങ്ങാ ടിയിൽ തിങ്ങിപാർക്കുന്ന ഗ്രാമനിവാസികൾക്കും, പൊതുജനങ്ങൾക്കും ആരോഗ്യത്തിന് ഹാനികരമായി ഭവിക്കുന്ന മേൽ പറഞ്ഞ മത്സ്യ,മാംസ വിൽപനക്ക് ഒരു വ്യതിയാനം ആവശ്യമാണ്. ഒരു പൊതു മാർക്കറ്റ് ഈ പഞ്ചായത്തിന്റെ ചിരകാല സ്വപ്നമാണ്. രണ്ടോ, മൂന്നോ ഏക്കർ സ്ഥലം ഇതിനായി കണ്ടെത്തേണ്ടതും, മാർക്കറ്റിനോടൊപ്പം ആധുനിക

സംവിധാനങ്ങളോടു കൂടിയ ഒരു അറവുശാലയും നവീനരീതിയിലുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് കം ബസസ്റ്റാന്റും നിർമ്മിച്ച് പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. പൊതു മാർക്കറ്റിന് സ്ഥലം കണ്ടെത്തി അക്വിസിഷൻ നടപടികളുമായി മുന്നോട്ടു പോയെങ്കിൽ മാത്രമെ ലക്ഷ്യപ്രാപ്തി വിദൂരത്തല്ല എന്ന് ആശിക്കാൻ വകയുള്ളൂ. അല്ലാത്ത പക്ഷം "പിന്നെയും ശങ്കരൻ തെങ്ങിൽ തന്നെ എന്ന പഴമൊഴിയിലെ അവസ്ഥ നടമാടും എന്നതിൽ തർക്കമില്ല.

ഒരു പച്ചക്കറി മാർക്കറ്റും മേൽപറഞ്ഞ പൊതു മാർക്കറ്റിനോടനുബന്ധിച്ച് സുഗമമായി നടത്തുവാൻ കഴിയും എന്ന കാര്യം എടുത്തു പറയേണ്ടതില്ലല്ലോ?

പൊതുമാർക്കറ്റ് എന്ന സ്വപ്നം സാക്ഷാതഅകരിക്കുന്നതോടു കൂടി പൊതുനിരത്തുകളിലുള്ള ശുചിത്വം ഉറപ്പുവരുത്തുവാൻ കൂടി കഴിയും, മാത്രമല്ല ഈ ഗ്രാമത്തിന്റെ മുഖച്ഛായതന്നെ മാറ്റിമറിക്കുവാൻ കഴിയും എന്നുള്ളത് നിസ്തർക്കമാണ്



# വാർത്താവിനിമയം



വാർത്താവിനിമയ രംഗത്ത് ഇപ്പോഴുള്ള ആധുനിക സൗകര്യങ്ങൾ കണ്ടുപിടിക്കുന്നതിനുമുമ്പ് പുരാതനകാലങ്ങളിൽ സന്ദേശങ്ങൾ കൈമാറുന്നതിനു പരിശീലിപ്പിച്ചെടുത്ത പക്ഷികളെ സന്ദേശ വാഹകരായി ഉപയോഗിച്ചിരുന്നു. പൗരാണിക രാജ്യഭരണ കാലങ്ങളിൽ രാജാക്കന്മാർ നാട്ടിലെ സ്ഥിതി വിവരങ്ങൾ അറിയുന്നതിനായി സന്ദേശവാഹകരുടേയും ചാര വിഭാഗത്തിന്റേയും ഒരു ശൃംഖല തന്നെ സൃഷ്ടിച്ചെടുത്തിട്ടുണ്ടായിരുന്നു. ദൂതന്മാർ ശത്രു രാജ്യങ്ങളിൽപ്പെട്ടവർ ആയിരുന്നാൽ പോലും യാതൊരു കാരണവശാലും ഇവരെ വധിക്കരുതെന്ന അലംഘനീയ നിയമം തന്നെ അനുവർത്തിച്ചുപോന്നിരുന്നു.

ഈ നൂറ്റാണ്ടിന്റെ മധ്യകാലത്തുതന്നെ നമ്മുടെ കൊച്ചി രാജഭരണത്തിൽ കീഴിൽ വർത്താ വിനിമയരംഗത്ത് നൂതന സമ്പ്രദായമായ അഞ്ചൽ സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്ന കാര്യം രാജാവിന്റെ ഭരണ പരിഷ്ക്കാരങ്ങളിൽ ഔന്നത്യം വിളിച്ചോതുന്ന വസ്തുതയാണ്. അഞ്ചൽ സർവ്വീസിന്റെയും അഞ്ചലോട്ടകാരന്റെയും ചരിത്രങ്ങൾ തന്നെ ഇന്നും നമ്മുടെ ഇടയിൽ ജീവിച്ചിരിക്കുന്ന പഴയ തലമുറയിൽ പെട്ടവർക്ക് അറിയാം. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം കൈവന്ന പ്രജായത്ത രാജഭരണ സംവിധാനത്തിൽ വാർത്താ വിനിമയരംഗത്ത് ഇന്ത്യാരാജ്യം മുഴുവൻ കേന്ദ്രസർക്കാർ ഭരണത്തിൽ കീഴിൽ പോസ്റ്റാഫീസുകളായി ഉയർത്തിയതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്ന അഞ്ചൽ സർവ്വീസുകൾ നാമാവശേഷമായി.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ വൃത്താന്ത പത്രങ്ങൾ ആവിർഭവിച്ചു. സ്വതന്ത്ര്യ സമര പ്രക്ഷോപണങ്ങൾക്ക് ആക്കം കൂട്ടുന്നതിന് വൃത്താന്ത പത്രങ്ങൾ അനുഷ്ഠിച്ച സേവനം മഹനീയമാണ്. നമ്മുടെ കേരളത്തിൽ ആദ്യമായി ഉണ്ടായ പത്രം 'നസ്രാണി ദീപിക' എന്ന പേരിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. വർത്തമാന പത്രങ്ങളുടെ ആവിർഭാവം സാംസ്കാരിക രംഗത്തു തന്നെ ഒരു വൻമാറ്റം സൃഷ്ടിച്ചു. വിദ്യാഭ്യാസ രംഗത്തുണ്ടായ ഉയർച്ചയ്ക്ക് വർത്തമാന പത്രങ്ങളുടെ സേവനം മഹനീയമായിട്ടുള്ളതാണ്. ദേശീയ പ്രസ്ഥാനങ്ങൾക്ക് ഉണർവ്വും, ആവേശവും പകരുന്നതോടൊപ്പം തന്നെ വിദേശ രാജ്യങ്ങളിൽ രൂപം കൊണ്ട ദേശീയ പ്രസ്ഥാനങ്ങളെ കുറിച്ച് അറിയുന്നതിനും ആയതിന്റെ മൂല്യങ്ങളിലേക്ക് നമ്മെ ആകൃഷ്ടരാക്കുന്നതിനും വർത്തമാന പത്രങ്ങൾ വഹിച്ച പങ്ക് ശ്രേയസ്കരമാണ്. കുറച്ചുകാലം മുമ്പു വരെയും മാർക്കറ്റിംഗ് സമ്പ്രദായത്തിന്റെ വില നിലവാരമറിയുന്നതിന് നാം പത്രങ്ങളെയാണല്ലോ ആശ്രയിച്ചിരുന്നത്.

വാർത്താവിനിമയ രംഗത്ത് നമുക്കുണ്ടായിട്ടുള്ള വളർച്ച പ്രത്യേകിച്ച് കേരളത്തിലേത് അസൂയാവഹമാണ്. ഇപ്പോൾ തന്നെ നിരവധി പത്രങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും തുടർന്നും ഉണ്ടായികൊണ്ടിരിക്കുകയാണ്. പരിഷ്കൃതമായ യാതൊരു വിദേശ രാഷ്ട്ര

ത്തിനോടൊപ്പം പിടിച്ചു നിൽക്കാൻ പര്യാപ്തമായ വാർത്താവിനിമയ സൗകര്യങ്ങൾ ഇന്നു നമുക്കുണ്ട്. ഇവയിൽ പലതും നമ്മുടെ ഗ്രാമപ്രദേശങ്ങളിലേക്കും എത്തി കഴിഞ്ഞു.

നമ്മുടെ ഗ്രാമങ്ങളിലെ വാർത്താവിനിമയ സൗകര്യങ്ങളിൽ സാധാരണ ജനങ്ങൾക്ക് ലഭിക്കുന്ന മുഖ്യസേവനം പോസ്റ്റാഫീസുകൾ മുഖാന്തിരമാണ്. വളരെ ചുരുങ്ങിയ പണ ചെലവിൽ രാജ്യത്തിനുള്ളിലും പുറത്തും കത്തിടപാടുകളും ഉരുപ്പടികളും, പണിടപാടുകളും നടത്തുന്നതിന് ഏക ആശ്രയം പോസ്റ്റാഫീസുകളാണ്. നമ്മുടെ ഗ്രാമത്തിൽ പഴഞ്ഞിയിലും, ചിറയ്ക്കലുമായി രണ്ടു സബ്ബ് പോസ്റ്റാഫീസുകളും, പെങ്ങാമുക്ക് പെരുന്തുരുത്തി എന്നിവടങ്ങളിൽ ഓരോ ബ്രാഞ്ച് പോസ്റ്റാഫീസുകളും നിലവിലുണ്ട്. നമ്മുടെ നാട്ടിലെ ജനങ്ങൾക്കിടയിൽ കത്തുകൾ എത്തിക്കുന്നതിൽ ഈ സ്ഥാപനങ്ങൾ സ്തുത്യർഹമായ പങ്കുവഹിക്കുന്നു. എന്നാൽ കത്തിടപാടുകൾക്കു പുറമെ 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന ഒരു കമ്പിയാപ്പീസ് ഇപ്പോൾ മുഴുവൻ സമയവും പ്രവർത്തിക്കാത്തത് ഖേദകരമാണ്. തൃശ്ശൂർ പോസ്റ്റൽ സൂപ്രണ്ടിന്റെ കീഴിലാണ് നമ്മുടെ ഗ്രാമത്തിലെ നിലവിലുള്ള എല്ലാ പോസ്റ്റാഫീസുകളും ഇപ്പോൾ പ്രവർത്തിക്കുന്നത് വാടകകെട്ടിടങ്ങളിലാണ്. ഇതിന് സ്വന്തമായ കെട്ടിട സൗകര്യങ്ങൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യവുമാണ്. അതൊടൊപ്പം തന്നെ പോസ്റ്റാഫീസുകളിൽ പോസ്റ്റുമാസ്റ്റർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് നിർമ്മിക്കുകയും വേണം. പൊതുവെ നമ്മുടെ ഗ്രാമത്തിലെ നിലവിലുള്ള പോസ്റ്റാഫീസുകളിലെ പ്രവർത്തനങ്ങൾ തൃപ്തികരമായി കണക്കാക്കാം.

ടെലഫോൺ മേഖല അനുദിനം വികസിച്ചുകൊണ്ടിരിക്കുകയാണ്. പഴയ കാലങ്ങളിൽ ടെലിഫോൺ വാർത്താവിനിമയത്തേക്കാൾ ഉപരി സമ്പന്നവർഗ്ഗത്തിന്റെ ഒരു അലങ്കാര വസ്തുവായിരുന്നു. ഇന്ന് ആ നിലക്ക് മാറ്റം വന്നു. വർത്തമാന ദ്രുതചാട്ടത്തിനിടയിൽ ടെലിഫോൺ ഇന്ന് സാധാരണക്കാർക്കും കൂടി ഒരു ഉപയോഗവസ്തുവായി മാറിയിരുക്കുന്നു. നമ്മുടെ ഗ്രാമത്തിൽ കുറച്ചുവർഷങ്ങൾക്ക് മുൻപ് സ്ഥാപിതമായിട്ടുള്ളതാണ് കാട്ടകാമ്പാൽ ടെലിഫോൺ എക്സ്ചേഞ്ച്. ഇതിന്റെ കീഴിൽ നമ്മുടെ പഞ്ചായത്തിൽ സുമാർ ആയിരത്തോളം ടെലിഫോൺ കണക്ഷനുകൾ നൽകികഴിഞ്ഞിട്ടുണ്ട്. നമ്മുടെ ഈ എക്സ്ചെയ്ഞ്ച് S.T.D., I.S.D. സൗകര്യത്തോടുകൂടിയതാണ്.

ടെലിഫോൺമേഖല കുറ്റമറ്റ സംവിധാനത്തിലുള്ളതാണെന്ന് തീർത്തും പറയുകവയ്യ. പലപ്പോഴും ടെലിഫോണുകൾക്ക് ന്യൂനതകൾ സംഭവിക്കാറുണ്ട്. ടെലിഫോൺ മേഖല വളർന്നുവികസിക്കുന്നതോടൊപ്പം തന്നെ ആയതിന്റെ കേടുപാടുകൾ തത്സമയം തീർക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെല്ലാം തന്നെ സാധാരണക്കാർക്ക് പ്രയോജനം സിദ്ധിക്കുമാറുതകുന്ന S.T.D., I.S.D. സൗകര്യത്തോടുകൂടിയ പബ്ലിക് ടെലിഫോൺ ബൂത്തുകൾ പ്രവർത്തിച്ചുവരുന്നു.

ഇതിനുപുറമെ പൊതുവാർത്താ മാധ്യമങ്ങളായ് ആകാശവാണി, ദൂർദർശൻ മുഖേന ലഭിച്ചുകൊണ്ടിരിക്കുന്നതിന് റേഡിയോയും, ടെലിവിഷനും പഞ്ചായത്തിന്റെ ഒട്ടുമിക്ക വീടുകളിലും ഉണ്ട്. ആധുനിക വാർത്താ വിനിമയമാധ്യമമായ ടെലിവിഷന്റെ അതിപ്രസരം ഇപ്പോൾ നമ്മുടെ പഞ്ചായത്തിലും ഉണ്ട്. പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഹരിജൻ കോളനിയിൽ പഞ്ചായത്തിൽനിന്നും സ്ഥാപിച്ചിട്ടുള്ള ടെലിവിഷൻ സെറ്റ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. സ്വകാര്യ ഏജൻസികളിൽക്കൂടി സ്ഥാപിതമായിട്ടുള്ള കേബിൾ ടി.വി. ശൃംഖലയും ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പത്രപ്രവർത്തനരംഗത്തെ വളർച്ച അസൂയാവഹമാണെങ്കിലും സത്യസന്ധമായ വാർത്തകളാണോ പത്രങ്ങൾ റിപ്പോർട്ട്ചെയ്തുകൊണ്ടിരിക്കുന്നതെന്ന കാര്യത്തിൽ സംശയം ഇല്ലാതില്ല. അബദ്ധജടിലമായ വാർത്തകൾ ഒരു ജനജീവിതത്തെതന്നെ താളം തെറ്റിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഊഹാപോഹങ്ങളിൽ കൂടിയുള്ള വാർത്താശകലങ്ങൾ പ്രചരിപ്പിക്കുന്നതിൽമത്സര ബുദ്ധികാണിക്കുന്നതിൽ നിന്ന് പത്രങ്ങൾ നിശ്ശേഷം പിൻമാറണം. പത്രപ്രവർത്തനം ജനങ്ങൾക്ക് ചെയ്യുന്ന സത്യസന്ധമായ ഒരു സേവനമായിട്ടാണ് കാണേണ്ടത്. പത്രങ്ങളുടെ പ്രവർത്തനത്തിൽ എത്രമാത്രം സത്യസന്ധത പുലർത്തുന്നുണ്ടെന്ന് നാം ഓരോരുത്തരും കൂട്ടായി ചേർന്ന് സസൂക്ഷ്മം വീക്ഷിക്കേണ്ടതാകുന്നു.

## പ്രശ്നങ്ങളും സാധ്യതകളും

1. അതതു വാർഡുകളിലെ പ്രധാനകേന്ദ്രങ്ങളിൽ തപാൽപെട്ടികളും, പബ്ലിക് ടെലിഫോൺ ബൂത്തുകളും സ്ഥാപിക്കേണ്ടതാണ്
2. എല്ലാ വാർഡുകളിലെയും പ്രധാനകേന്ദ്രങ്ങളിലും ടി.വി. സ്കിയോസ്കുകൾ നിർമ്മിച്ച് ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കേണ്ടതാണ്.
3. നിലവിലുള്ള കമ്പിയാപ്പീസുകൾ 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

71

4271

KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR-680581




PRINTED AT UDAYA ART PRINTERS CHOONDAL PH: 522714